മെടിക്ക് മെഎവാറി പെട്ടി ഇലാസുകളും (HOMEPACK)
മെടിക്ക് കട്ടിസെറകളും, ഇളവുപാത്രങ്ങളും കത്രി
നാക്കറ്റികളും വില കറച്ച് വിറവഴന്നു.
അനേഷിപ്പിൻ:— Phone 359.
ഏ. വി. തോമ സൺസ്,
ഇരുന്പുകച്ചവടം, തൃശ്ശൂർ-1.

Reg: No K. 81

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വാരാന്ത്യപ്പതിപ്പ്

	പോസ്റ്റാഫീ	പോസ്റ്റാഫീ
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
പുജാവധിക്കാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വ്യാപ്തകം 12 | ലക്കം 122 | 1965 മെയ് 9 ഞായർ തൃശ്ശൂർ വില 10 പൈസ പേജ് 8

ഷേക്കബ്ദുള്ളായെ ബന്ധനസ്ഥനാക്കി ഊട്ടിയിലേയ്ക്കു മാറ്റി

വിദേശയാത്രയും കഴിഞ്ഞു മടങ്ങിവന്ന ഷെക്കിനു പാലം വിമാനത്താവളത്തിൽ ലഭിച്ച 'സ്വീകരണം'—കാഷ്മീരിൽ കടക്കരുതെന്നു നിരോധനം

ശ്രീനഗറിൽ പ്രതിഷേധ പ്രകടനവും വെടിവെപ്പും

(പി ടി ഐ) ന്യൂഡൽഹി, മെയ് 8

ബയ്ക്കാട്ടിൽനിന്നും ഇന്നു പുലർച്ചെ ഇവിടെയെത്തിയുടൻതന്നെ മൻ കാഷ്മീർപ്രധാനമന്ത്രി ഷേക അബ്ദുള്ളായെ ഇന്ത്യാഗവണ്മെണ്ടു കസ്റ്റഡിയിലെടുത്തിരിക്കുന്നു. ഷേക്കിനെ അകമ്പടി സേവിച്ചിരുന്ന മിർസാ അഫ്സൽബെഗിനേയും കസ്റ്റഡിയിലെടുത്തു.

രണ്ടുപേരേയും സീനിയർ പോലീസുദ്യോഗസ്ഥന്മാർ പാലം വിമാനത്താവളത്തിനടുത്തുള്ള ഒരു കെട്ടിടത്തിലേയ്ക്കു മാറ്റുകയായിരുന്നു.

ഊട്ടിയിലേക്ക്

വിമാനത്താവളത്തിൽ രണ്ടുമണിക്കൂർ നേരത്തെ വിശ്രമത്തിനുശേഷം പോലീസകമ്പടിയോടുകൂടി ഒരുവിമാനത്തിൽ ഊട്ടിയിലേയ്ക്കുള്ള മാറ്റത്തെക്കുറിച്ച് ഷേക്കിനേയും ബെഗിനേയും മദിരാശിയിൽ കൊണ്ടുവന്നു.

ഒക്ടിനേത്യയിലെ ഒരു സുഖവാസസ്ഥലമായ ഊട്ടിയിൽ രാജ്യരക്ഷാനിയമമനുസരിച്ച് ഇരുവരെയും തടവിൽ വെയ്ക്കുവാനാണ് തീരുമാനം. ഊട്ടിയിലെ താമസത്തിനിടയ്ക്ക് നീലഗിരി കളക്ടറുടെ രേഖാമൂലമായ അനുവാദം കൂടാതെ ആരുമായും ബന്ധം പുലർത്തുവാനോ ആശയവിനിമയം നടത്തുവാനോ പാടുള്ളതല്ല.

ഷേക്കിന്റെ ഭാര്യ

ഷേക്കിനോടൊപ്പം ബയ്ക്കാട്ടിൽനിന്നും ഇന്നു പാലം വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തിന്റെ പത്നി ബീഗം അബ്ദുള്ളയും ജമ്മു-കാഷ്മീർ സംസ്ഥാനമന്ത്രി പ്രവേശിക്കരുതെന്ന് നിർദ്ദേശം നൽകപ്പെട്ടിട്ടുണ്ട്. ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥൻ അവരെ തല്സ്ഥാനത്തുനിന്നും ഡൽഹിക്ക് മുമ്പ് നവധി പോലീസുദ്യോഗസ്ഥന്മാർ വഹിച്ചുകൊണ്ടുള്ള കാറിൽ വിമാനത്താവളത്തിലെത്തുകയും കാറിൽത്തന്നെയാണ് ഷേക്കിനേയും പാർട്ടിയേയും കെട്ടിടത്തിലേയ്ക്കാനയിച്ചതും. കശ്മീരിലെ രക്ഷാനടപടികളും ഏറ്റെടുത്തിരുന്നു. ഷേക്കും പാർട്ടിയും രണ്ടുമണിക്കൂർ സമയം ചിലവഴിച്ച സ്ഥലത്തിനു 200 വാരയ്ക്കുള്ളിൽ പത്രലേഖകന്മാരുപ്പെടെ ആരേയും പ്രവേശിപ്പിച്ചില്ല.

നന്ദയുടെ പ്രസ്താവന

രാജ്യത്തിന്റെ വൈദേശികവും ആഭ്യന്തരവുമായ ഭദ്രതയ്ക്കു ഹാനികരമായ വിധത്തിൽ പ്രവർത്തിക്കുന്നതു തടയാൻ ഷേക്കബ്ദുള്ളയുടേയും മിർസാ അഫ്സൽ ബെഗിന്റേയും മേൽ നിയന്ത്രണം അത്യന്താപേക്ഷിതമായിത്തീർന്നുവെന്ന് ആഭ്യന്തരമന്ത്രി നന്ദ ഇന്ന് രാജ്യസഭയിൽ പ്രസ്താവിച്ചു. ഷേക്കിനെ ബന്ധനസ്ഥനാക്കിയ വിവരം പ്രഖ്യാപിച്ചപ്പോൾ സഭ ഹർഷാരവം മുഴക്കി. കഴിഞ്ഞ രണ്ടു മാസങ്ങളായി ഷേക്കും ബെഗും നടത്തിയിരുന്ന പ്രവർത്തനങ്ങളാണ് ഈ നടപടി ആവശ്യമാക്കിത്തീർത്തതെന്ന് നന്ദ പറഞ്ഞു.

ഷേക്കിനോടൊപ്പം എത്തിയ ബീഗം അബ്ദുള്ളയോട് ജമ്മു-കാഷ്മീരിൽ പ്രവേശിക്കരുതെന്നും മറ്റൊരിടത്തേക്കും പോകരുതെന്നും നിർദ്ദേശിക്കുകയുണ്ടായെന്ന് നന്ദ പറഞ്ഞു. ഭർത്താവിനെ അനുഗമിക്കാനുള്ള സൌകര്യങ്ങളും ഉണ്ടായിരുന്നു. പക്ഷെ അവർ ഡൽഹിയിൽത്തന്നെ താമസിച്ചു.

ജമ്മു-കാഷ്മീരിൽ ഷേക്കിന്റെ അനുകൂലികളായ ജനഹിതപരിശോധനാമുന്നണിക്കാർക്കെതിരായി എന്തു നടപടി സ്വീകരിച്ചുവെന്ന ചോദ്യത്തിന്, സംസ്ഥാനഗവണ്മെണ്ട് അനവധി നടപടികളും കൈക്കൊണ്ടിട്ടുണ്ടെന്നും അതു സംബന്ധിച്ച് ആവശ്യമായതൊക്കെ ചെയ്യുമെന്നും നന്ദ മറുപടി നൽകി.

മൈസൂരിലേയ്ക്കും അവിടെനിന്ന് ഊട്ടിയിലേക്കും കൊണ്ടുപോയി.

രക്ഷാനടപടി

ഡൽഹിയിലെ പാലം വിമാനത്താവളത്തിൽവെച്ച്, വിമാനം ഇറങ്ങുന്നതിനു ഏതാനും മിനിട്ടുകൾക്ക് മുമ്പ് നവധി പോലീസുദ്യോഗസ്ഥന്മാർ വഹിച്ചുകൊണ്ടുള്ള കാറിൽ വിമാനത്താവളത്തിലെത്തുകയും കാറിൽത്തന്നെയാണ് ഷേക്കിനേയും പാർട്ടിയേയും കെട്ടിടത്തിലേയ്ക്കാനയിച്ചതും. കശ്മീരിലെ രക്ഷാനടപടികളും ഏറ്റെടുത്തിരുന്നു. ഷേക്കും പാർട്ടിയും രണ്ടുമണിക്കൂർ സമയം ചിലവഴിച്ച സ്ഥലത്തിനു 200 വാരയ്ക്കുള്ളിൽ പത്രലേഖകന്മാരുപ്പെടെ ആരേയും പ്രവേശിപ്പിച്ചില്ല.

നന്ദയുടെ പ്രസ്താവന

രാജ്യത്തിന്റെ വൈദേശികവും ആഭ്യന്തരവുമായ ഭദ്രതയ്ക്കു ഹാനികരമായ വിധത്തിൽ പ്രവർത്തിക്കുന്നതു തടയാൻ ഷേക്കബ്ദുള്ളയുടേയും മിർസാ അഫ്സൽ ബെഗിന്റേയും മേൽ നിയന്ത്രണം അത്യന്താപേക്ഷിതമായിത്തീർന്നുവെന്ന് ആഭ്യന്തരമന്ത്രി നന്ദ ഇന്ന് രാജ്യസഭയിൽ പ്രസ്താവിച്ചു. ഷേക്കിനെ ബന്ധനസ്ഥനാക്കിയ വിവരം പ്രഖ്യാപിച്ചപ്പോൾ സഭ ഹർഷാരവം മുഴക്കി. കഴിഞ്ഞ രണ്ടു മാസങ്ങളായി ഷേക്കും ബെഗും നടത്തിയിരുന്ന പ്രവർത്തനങ്ങളാണ് ഈ നടപടി ആവശ്യമാക്കിത്തീർത്തതെന്ന് നന്ദ പറഞ്ഞു.

ഷേക്കിനോടൊപ്പം എത്തിയ ബീഗം അബ്ദുള്ളയോട് ജമ്മു-കാഷ്മീരിൽ പ്രവേശിക്കരുതെന്നും മറ്റൊരിടത്തേക്കും പോകരുതെന്നും നിർദ്ദേശിക്കുകയുണ്ടായെന്ന് നന്ദ പറഞ്ഞു. ഭർത്താവിനെ അനുഗമിക്കാനുള്ള സൌകര്യങ്ങളും ഉണ്ടായിരുന്നു. പക്ഷെ അവർ ഡൽഹിയിൽത്തന്നെ താമസിച്ചു.

ജമ്മു-കാഷ്മീരിൽ ഷേക്കിന്റെ അനുകൂലികളായ ജനഹിതപരിശോധനാമുന്നണിക്കാർക്കെതിരായി എന്തു നടപടി സ്വീകരിച്ചുവെന്ന ചോദ്യത്തിന്, സംസ്ഥാനഗവണ്മെണ്ട് അനവധി നടപടികളും കൈക്കൊണ്ടിട്ടുണ്ടെന്നും അതു സംബന്ധിച്ച് ആവശ്യമായതൊക്കെ ചെയ്യുമെന്നും നന്ദ മറുപടി നൽകി.

ശ്രീനഗറിൽ വെടിവെപ്പ്

(പി ടി ഐ) ന്യൂഡൽഹി, മെ 8

ഷേക്കബ്ദുള്ളായുടെമേൽ നിയന്ത്രണമേർപ്പെടുത്തിയതിൽപ്രതിഷേധിച്ച് ശ്രീനഗറിൽ ഇന്ന് അക്രമാസക്തരായിത്തീർന്ന ഒരു കൂട്ടം പ്രകടനക്കാരുടെനേരെ പോലീസ് നാലുതവണ വെടിവെച്ചതിന്റെ ഫലമായി നാലുപേർ കൊല്ലപ്പെട്ടുവെന്ന് ഒരു ഔദ്യോഗികവക്താവ് പ്രസ്താവിച്ചിരിക്കുന്നു.

55 പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്നുരാവിലെ 9 മണിക്കാരംഭിച്ച പ്രകടനം ഉച്ചകഴിഞ്ഞ് രണ്ടുമണിയോടുകൂടി നിയന്ത്രണവിധേയമാക്കിയെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. പ്രകടനവേളയിൽ നിരവധി പോലീസുകാർക്ക് പരിക്കേറ്റു. ഒരു ഐക്യരാഷ്ട്ര നിരീക്ഷകൻ കയ്യേറ്റം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ പരിക്കുകൾ ഗുരുതരമല്ല. നിരവധി പോലീസ് വാഹനങ്ങൾക്ക് പ്രകടനക്കാർ തീകൊളുത്തി. പോലീസുകാരുടെ നേരേ കല്ലേറും ഉണ്ടായി.

വെടിവെയ്ക്കുന്നതിനുമുമ്പ് അനവധി പ്രാവശ്യം പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായെന്ന് വക്താവ് പറഞ്ഞു.

ഷേക്കിനേയും ബെഗിനേയും തടവിലാക്കിയിട്ടില്ലെന്നും അവരുടെ സഞ്ചാരസ്വാതന്ത്ര്യത്തിനേൽ നിയന്ത്രണം ഏർപ്പെടുത്തുകമാത്രമേ ചെയ്തിട്ടുള്ളുവെന്നും കൂടി വക്താവ് പറഞ്ഞു. രാഷ്ട്രീയപ്രവർത്തനങ്ങളൊന്നും നടത്താനും വായിൽവരുന്നതൊക്കെ പറയാനും അദ്ദേഹത്തെ അനുവദിക്കില്ല.

ഷേക്കിനെ കാണാൻ പത്രക്കാരെ അനുവദിക്കുമോ എന്നു ചോദിച്ചതിനു അതു നീലഗിരി കളക്ടരുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു വക്താവ് പറഞ്ഞു. ഇന്നുച്ചകഴിഞ്ഞ് നാലുമണിക്ക് ഊട്ടിയിലെത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ഷേക്കിനു അവിടെ ഒരു വീടും മറ്റു സൌകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ആതിഥേയത്വം സ്വീകരിക്കേണ്ടതു അദ്ദേഹമാണ്. നിർബന്ധിച്ച് സ്വീകരിപ്പിക്കാൻ സാധ്യമല്ല.

പാലം വിമാനത്താവളത്തിൽവച്ച്, ഊട്ടിയിലേക്ക് പുറപ്പെടാൻ പൊലീസ് ഷേക്കിനോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം യാതൊരു മടിയും കാണിച്ചില്ലെന്ന് വക്താവ് പറഞ്ഞു.

ഷേക്കിനെ തടവിലാക്കിയിട്ടില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ മേൽ ഒരു ചാർജ്ജുഷീറ്റും കൊണ്ടുവന്നതുമില്ലെന്ന് വക്താവ് തുടർന്നുപറഞ്ഞു. ഇതുപക്ഷ കമ്മ്യൂക്കാരെപ്പോലെ അദ്ദേഹത്തേയും തടവിലാക്കത്തിനെപ്പറ്റി പത്രക്കാർ ചോദിച്ചു. "ഷേക്കിന്റെ ഭൂതകാലചരിത്രം പൊതുവെ നല്ലതാണ്; അദ്ദേഹത്തിനു നല്ല ആശയങ്ങളുണ്ടായിരുന്നു," വക്താവ് പറഞ്ഞു.

"തൊഴിലാളി"യെ സഹായിക്കുക

"തൊഴിലാളി" പത്രത്തിന്റെ ആരംഭം മുതൽ, ഈ രാജ്യത്തിലെ നല്ല മനുഷ്യർ നാനാതരത്തിലും 'തൊഴിലാളിയെ' സഹായിച്ചുപോന്നിട്ടുണ്ട്. 'പാവപ്പെട്ടവന്റെ പടവാൾ' ആയ തൊഴിലാളിക്ക് പ്രതിബോമകാരികളുടെയും പിന്തിരിപ്പന്മാരുടെയും സംഘടിതമായ എതിർപ്പുകളെ നേരിടാൻ കഴിഞ്ഞതു ബഹുജനങ്ങളിൽനിന്നും നിർല്ലോഭമായി ലഭിച്ച സഹായസഹകരണങ്ങൾകൊണ്ടു മാത്രമാണെന്ന വസ്തുത ഉത്തമബോധ്യത്തോടെ ഞങ്ങൾ അനുസ്മരിക്കുന്നു. ഞങ്ങളെ സഹായിച്ചിരുന്ന പല കേന്ദ്രങ്ങളുടെ എതിരുകളെപ്പോലും വകവെയ്ക്കാതെ, ഈ നാട്ടിലെ സാധുക്കൾക്കും സാധാരണക്കാർക്കും തൊഴിലാളികർക്കുവേണ്ടി 'തൊഴിലാളി' അതിന്റെ പ്രവർത്തനം വർധിശബ്ദിച്ചിട്ടുണ്ട്. കമ്മ്യൂണിസത്തിന്റെ തൊഴകൊക്കെതിരായി ധീരമായി സമരം സംഘടിപ്പിച്ച ബഹു: വടക്കനാട്ടുവും തൊഴിലാളിയും കോൺഗ്രസ്സിന്റെയും മുതലാളിമാരുടെയും തെറ്റുകുറ്റങ്ങൾക്കെതിരേവരിൽ പുണ്ടിയപ്പോൾ 'ഇനിവസാനിപ്പിച്ചേ അടങ്ങു' എന്നു പ്രതിജ്ഞ ചെയ്തു സംസാരശുദ്ധനെപ്പോലെ സംഘടിതമായിതൊഴിലാളിയുടെനേരെതിരിഞ്ഞ 'തൊഴിലാളി' യെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥമായ കേന്ദ്രങ്ങൾപോലും, തൊഴിലാളിയുടെ പേരിലും, സമ്മർദ്ദങ്ങൾക്കടിപ്പെട്ടു, നിഷ്ക്രിയരായി നോക്കിനിൽക്കയാണുണ്ടായതു. ചില കേന്ദ്രങ്ങൾ എതിരാളികളുടെ കൂടെ കൂടുകയും ചെയ്തു. ഈ അവസരങ്ങളിലെല്ലാം ബഹു. വടക്കനാട്ടുവൻ അനിതരസാധാരണമായ വ്യക്തിപ്രഭാവവും ധീരമായ നേതൃത്വവും അചഞ്ചലമായ മനസ്സാന്നിധ്യവും, തൊഴിലാളിയെ രക്ഷിച്ചുപോന്നു.

സാമൂഹ്യക്ഷേമകാര്യങ്ങളിൽ കൂടുതൽ പരിശീലനം നേടുന്നതിനുവേണ്ടി ബഹു. വടക്കനാട്ടുവൻ കഴിഞ്ഞ സെപ്തംബർമാസത്തിൽ കേനഡയിലേയ്ക്കുപോയ വിവരം അദ്ദേഹത്തിന്റെ എല്ലാ സുഹൃത്തുക്കൾക്കും ഗുണകാംക്ഷികൾക്കും അറിവുള്ളതാണല്ലോ. ജ്ഞാനമാസാവസാനത്തോടുകൂടി അദ്ദേഹം തിരിച്ചെത്തുന്നതാണു്. വടക്കനാട്ടുവൻ കേനഡയിലേയ്ക്കു പോയതുമുതൽ തൊഴിലാളിയുടെ അതിന്റെ വിനീതരായ പ്രവർത്തകരും പ്രയാസങ്ങളും, വേദനയും ഭാരിദ്ര്യവുമായിക്കഴിഞ്ഞ കൂടുകയാണു്. ശത്രുക്കൾ വടക്കനാട്ടുവന്റെ അസാന്നിദ്ധ്യത്തിൽ അവരുടെ എല്ലാവിധ ശക്തിയും ഒരുമിച്ചുചേർത്തുകയാണു്, പ്രബല ശത്രുക്കൾ ശതക്കണക്കിനുണ്ടെങ്കിലും ഉറച്ച സുഹൃത്തുക്കൾ സഹസ്രക്കണക്കിനുള്ള ഒരു പത്രമാണ് 'തൊഴിലാളി'യെന്നു ഞങ്ങൾക്കറിപ്പുണ്ട്. 'തൊഴിലാളി'യുടെ നിലനില്പ് സ്വതന്ത്രം നിലനില്പായി കരുതുന്ന ലക്ഷക്കണക്കിനു കഷ്ടകരും തൊഴിലാളികളും കേരളത്തിലുണ്ടു്. പത്രം നിന്നുപോയി എന്ന കേട്ടാൽ, ആ നല്ല മനുഷ്യർ വേദനിക്കാതിരിക്കയില്ല. തൊഴിലാളി ഇന്നു് അതിന്റെ ഏറ്റവും പ്രയാസമേറിയ ഒരു കാലഘട്ടത്തിലൂടെയാണു് കടന്നുപോകുന്നതു്. ബഹു: വടക്കനാട്ടുവൻ വന്നുചേരുന്നതുവരെ പത്രത്തിന്റെ പ്രസിദ്ധീകരണം നടത്തിക്കൊണ്ടുപോകണമെങ്കിൽ, കഴിവുള്ള സാമ്പത്തികസഹായം തൊഴിലാളിയുടെ ഗുണകാംക്ഷികളും സുഹൃത്തുക്കളും എത്തിച്ചുതരേണ്ടിയിരിക്കുന്നു. സംഖ്യ ഇവിടെകിട്ടിക്കഴിഞ്ഞാൽ സംഭാവനതന്നവരുടെ പേരും തുകയും 'തൊഴിലാളി'യിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. കഴിവുള്ള സ്ഥലങ്ങളിലെല്ലാം "തൊഴിലാളി സഹായസമിതി" കം രൂപീകരിച്ച് പണപ്പിരിവു് നടത്തുന്നതായിരിക്കും എളുപ്പവും. സാമ്പത്തികമായി നാട്ടുകാരാകെ തുണ്ടിരിക്കുന്ന ഈ അവസരത്തിൽ ഒരു പണപ്പിരിവിനൊരുമ്പെടുന്നതു് സാഹസമാണെന്നു ഞങ്ങൾക്കറിയാം. എന്നിരുന്നാലും, വൈതരിച്ചിത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന കേരളത്തിലെ സാധുക്കളുടെ ഒരു ജിഹ്വ സാമ്പത്തിക പരാധീനതമൂലം നിന്നുപോകാനിടയാകാതിരിക്കട്ടെയെന്നു് കരുതിയാണു് ഈ സാഹസത്തിനു് തയ്യാറാകുന്നതു്.

ബി. വെല്ലിംഗ്ടൺ
മാനേജിംഗ് എഡിറ്റർ
P B No 90
തൃശ്ശൂർ
....

അറിയിപ്പ്

തൃശ്ശൂർ പൂരം പ്രമാണിച്ച് ഇന്നു് ആപ്പീസു് മുക്കാമകയൽ നാളെ (10_5_65) തിങ്കളാഴ്ച 'തൊഴിലാളി' പ്രസിദ്ധീകരിക്കുന്നതല്ല.

മാനേജർ.

പൂരം പ്രമാണിച്ച്
ഊണിനും മറ്റും പ്രത്യേക സൌകര്യങ്ങളും ഏർപ്പാടു് ചെയ്തിരിക്കുന്നു
★ ഹോട്ടൽ അമ്പാസഡർ ★
തൃശ്ശൂർ.
Phone: 1033

★ പൂരം_ദേശീയോത്സവം ★

ഉണർവും ഉന്മേഷവും മനുഷ്യന്റെ വിലപ്പെട്ട സമ്പത്താണു്
അതു് നഷ്ടപ്പെടുമ്പോൾ ജീവിതം അർത്ഥശൂന്യമാവുന്നു.
ഉണർവും ഉന്മേഷവും പ്രദാനം ചെയ്യുന്ന
ആപ്പിൾ ഫോട്ടോ മാർക്ക് ബീഡികൾ
നാട്ടുകാരുടെ ഒരു ഉത്തമ ചങ്ങാതിയാണു്.

KASHMIR LODGE
(PHONE 1151)
with Car Parking Facilities
Near Railway Station, TRICHUR
കാഷ്മീർ ലോഡ്ജ്
(കാറുകൾ പാർക്കുചെയ്യുന്നതിനുള്ള സൌകര്യത്തോടുകൂടി)
റെയിൽവെ സ്റ്റേഷനു സമീപം, തൃശ്ശൂർ

പുതുതായി തുറന്നിരിക്കുന്നു
കസവു വേഷ്ടികൾ
കണ്ണഞ്ചിപ്പിക്കുന്ന സിൽക്ക് സാരികൾ
ടെർലിൻ
നൈലോൺ
ഷർട്ടിംഗ്
കോട്ടിംഗ്
ഉടങ്ങി എല്ലാവിധ നവീന ഉണിത്ത രങ്ങൾക്കും പുതുതായി ഉറന്നിരിക്കുന്ന
— ഞങ്ങളുടെ ഷോറും സന്ദർശിക്കുക. —
★ സംഗം ടെക്സ്റ്റയിൽസ് ★
ജെയ്ഹിന്ദ് മാർക്കറ്റ് ബിൽഡിംഗ്സ്
M. O. റോഡ് (Near Busstand) തൃശ്ശൂർ.

FOR
Wedding Sarees
★
FASHION FABRICS, TRICHUR

തെഴിലാളി

പാസ്സ്പോക്ക് 90
ടെലഫോൺ 125

1965 മേയ് 9_ാംതീ ഞായർ

ഷേക് അബ്ദുള്ള

.....o.....

കറേ നാളത്തെ വിദേശസഞ്ചാരം കഴിഞ്ഞു് മി. ഷേക് അബ്ദുള്ള തിരിച്ചെത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ വിദേശവാസത്തിനിടക്കു് ഇൻഡ്യയ്ക്കെതിരായി ചെയ്യാൻ കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ടെന്നുള്ളതിനു് മതിയായ തെളിവുകളുണ്ടു്. പൈനായുടെ പ്രധാനമന്ത്രി ചൗ-എൻ-ലായിയുമായി കൂടിക്കാഴ്ച നടത്തുകയും പീക്കിംഗിലേയ്ക്കു പോകാനുള്ള ക്ഷണം സ്വീകരിക്കുകയും ചെയ്തു. ചൗ-എൻ-ലായിയുമായുള്ള കൂടിക്കാഴ്ച യഥാർത്ഥത്തിൽ സംഭവമായിരുന്നെന്ന വസ്തുത്തിനുള്ള ശ്രമം ഷേക് [illegible] നടത്തിയക്കാവുന്നതാണു്. ര ഹ സ്യ മാ [illegible], കാലേക്കൂട്ടി ആസൂത്രണം ചെ പ്രവർത്തിയിൽ വരുത്തിയ ഒരു ടപടിയായിരുന്നു അതെന്നു് പ്ര വീക്ഷണത്തിൽത്തന്നെ ബോ മായും. ഈ പദ്ധതി നടപ്പിൽ ത്തുന്നതിൽ മറ്റു പലതും ഷേ അബ്ദുള്ളയോടു് സഹകരിച്ചി ണ്ടാവും. അതുപോലെ തന്നെ, സ് പോർട്ട് നൽകിയ തിലും ല പ്രത്യേകതകളുണ്ടെന്നാണ പറയപ്പെടുന്നതു്. ഇൻഡ്യൻ രൻ എന്ന നിലയിൽ പാസ് പോർട്ട് കൊടുക്കുന്നതിനു പകരം ഷ്മീർ മുസ്ലിം' എന്ന നിലയി നു് അതു നല്കപ്പെട്ടതു്. വിദേ ാണും അനുവദിച്ചുകൊടുത്ത ും അനർഹമായ വിട്ടുവീഴ്ചക ചെയ്തുകൊടുത്തിട്ടുണ്ടു്. ഇതെ എങ്ങനെ സംഭവിച്ചു എന്നു് ത്രമായ ഒരന്വേഷണം കേ മന്ത്രിമണ്ഡലം നേരിട്ടു നടത്തേണ്ട തുണ്ടു്. ഷേക് അബ്ദുള്ള യുടെ ശസഞ്ചാരത്തിനു് അനഹ സൗകര്യങ്ങളും നിയമവിരു യി ചെയ്തുകൊടുത്തവർ ആരു യായാലും അവരുടെയും കൂ രത്തോടുള്ളതെന്നു വ്യക്തമാ തിനാൽ അവരെ മാറ്റുകാ യി ശിക്ഷിക്കേണ്ടതുമാണു്. മേലി ത്തരം സംഭവങ്ങളുണ്ടാതിരിക്കാനാ വശ്യമായ നടപടികൾ ഞങ്ങളുടെ അഭിപ്രായം.

ധ്യയിൽ നിന്നും പുറത്തുകട മിഷം മുതൽ പരസ്യമായി ക്കെതിരായി പ്രവർത്തിച്ച തിനാൽ, ഷേക് അബ്ദുള്ള പാസ്പോർട്ട് പിൻവ ൻ ഇൻഡ്യാഗവർമ്മേണ്ടു് നി തമായി എങ്കിലും, അദ്ദേ ന്റെ മുപരമായ ഹജ്ജ് ാടി മുമിപ്പിക്കാനുള്ള പ ാദം നല്കിയതിൽ ഇൻ ട മഹാമനസ്കത പ്രശംസ ണു്. പക്ഷേ, സ്ഥാനത്തും നത്തും മഹാമനസ്കത കാ ള്ളതിന്റെ തിക്താനുഭവ ും തിരിഞ്ഞുനോക്കുമ്പോ ം കഴിയുന്നതെന്നുള്ളതു് നടപടികൾക്കു് ഒരു 'ചലക' ആയിരിക്കട്ടെ.

ിടെയുള്ള പാക്കിസ്ഥാന്റെ ക്രമങ്ങളുടെയും തുടർന്നുള്ള കളുടെയും പിന്നിൽ, ചൗ-് -ഷേക് അബ്ദുള്ള ശ്രദ്ധാ ാ വ്യക്തമായും കാണാവു ണു്. ചൈന 1962-ൽ ന ആക്രമണവും ഏകപക്ഷി വെടിനിറുത്തലും. ഇപ്പോ സ്ഥാനിന്റെ നടപടിയും തിയിലുള്ള സമ്മതവും ത ണ്ടല്ലോ വെളിവാക്കുന്നതു്. പാ യും ചൈനയ സംഘടിതമായ ആക്രമണ ടികൾക്കു് കളമൊരുക്കാ ള്ളകൽ ഇൻഡ്യക്കെതിരു ത ായുക ഒരിക്കലും അനുവ പാടില്ലാത്തതാണു്. അ ിക്കണ്ടതു് ചെയ്യേണ്ടതി ങ്ങളെ ചൈനക്കെതി ടുപടികൾ ധീരമായിത്ത ൻഡ്യാഗവർമ്മേണ്ടു് കൈ ണമെന്നാണു് ഞങ്ങളുടെ യുക്തമായ അഭിപ്രായം. എന്നാ ം സന്ദർഭങ്ങളിൽ, രാജ്യ രക്ഷിക്കേണ്ടിയുള്ള നടപടി ക യഥാർത്ഥ രാജ്യരക്ഷ തന്നെ ക്കണം ലക്ഷ്യമെന്നു് ഈ ാൻ ഞങ്ങളാഗ്രഹിക്കുന്നു. ാസ്സിഫൈഡ്സ്, ഭരണം ാധിനമുള്ള യുക്തികളു ല്ലും സംരക്ഷിക്കാൻ ാജ്യരക്ഷാനിയമ മണ്ഡലം ില്ലാതെ പ്രയോഗിക്കുക ുക്തികൾക്കേ വേണ്ടി വിട്ടു യുകയോ ചെയ്യുന്നതു് ജ അരാജകത്വവും വൈരുപ്പും വ ളിത്തായ്മയും കേന്ദ്രത്തെ ാക്കിക്കൊള്ളുന്നു.

ഡൽഹി വിമാനത്താവളത്തി മി. ഷേക് അബ്ദുള്ള

റേഡിയോ

മേയ് 9 ഞായർ

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, 454.5, 441.2, 517.2 മീറ്റർ കാലഇതു്

6-30 മംഗളവാദ്യം, സുഭാഷിതം
6-35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകം
6-40 വാർത്തകം ഇംഗ്ലീഷിൽ
6-45 ഭക്തിഗീതം
7-00 ഉദയഗീതം
7-25 ഇന്നത്തെ ചിന്താവിഷയം
7-30 വാർത്തകം മലയാളത്തിൽ
7-45 ഗാനപാഠം
8-00 വാർത്തകം ഇംഗ്ലീഷിൽ
8-15 ശിശുലോകം
8-45 തമിഴംചൊൽമാലൈ (തിരുവനന്തപുരംമാത്രം)
9-45 സമാപനം

ഉച്ചതിരിഞ്ഞു്

12-30 പ്രാദേശികവാർത്തകം
12-35 ചലച്ചിത്രഗാനങ്ങം
12-55 മഹിളാലയം
1-20 വാർത്തകം മലയാളത്തിൽ
1-30 ലളിതഗാനങ്ങം (സരോജ കെ. ശങ്കർ]
1-40 വാർത്തകം ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ

രാത്രി

5-30 സംഗീതം
6-00 പ്രാദേശിക അറിയിപ്പുകം
6-05 പ്രാദേശികവാർത്തകം
6-15 നാടൻപുറം
7-00 കഥകളിപദങ്ങം
7-30 വാർത്തകം മലയാളത്തിൽ
7-45 കവിതാഗീതം
8-00 പഞ്ചാബിപരിപാടി
8 45 വാദ്യസംഗീതം
8 55 ഇന്നത്തെചിന്താവിഷയം
9-00 വാർത്തകം ഇംഗ്ലീഷിൽ
9-15 ഡൽഹിറിലേ
9-30 ഗാനസുധ
9-45 വയ്യാട്ട്
11-00 വാർത്തകം ഇംഗ്ലീഷിൽ
11-05 സമാപനം

മേയ് 10 തിങ്കം

കാലഇതു്

6-80 മംഗളവാദ്യം; സുഭാഷിതം
6-35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകം
6-40 വാർത്തകം ഇംഗ്ലീഷിൽ
6-45 ഉദയഗീതം
7=15 ഇന്നത്തെ ചിന്താവിഷയം
7-20 ഭക്തിഗീതം
7-30 വാർത്തകം മലയാളത്തിൽ
7-45 ഗാനമാലിക
8-00 വാർത്തകം ഇംഗ്ലീഷിൽ
8-15 നാഗസ്വരം
8 45 സമാപനം

ഉച്ചതിരിഞ്ഞു്

12-30 പ്രൗഢശിക്ഷാവാർത്തകം
12-35 തൊഴിലാളിമണ്ഡലം
1-05 വൃന്ദവാദ്യം
1-20 വാർത്തകം മലയാളത്തിൽ
1-30 ലളിതഗാനങ്ങം
1=40 വാർത്തകം ഹിന്ദിയിൽ
1=50 സുഗമസംഗീതം
2-00 കാലാവസ്ഥ

രാത്രി

5-30 നാഗസ്വരം
6-00 പ്രാദേശിക അറിയിപ്പുകം
6-05 പ്രാദേശികവാർത്തകം
6-15 നാടൻപുറം
7-00 എഴുത്തുപെട്ടി
7-10 ചലച്ചിത്രഗാനങ്ങം
7-30 വാർത്തകം മലയാളത്തിൽ
7-45 വയ്യാട്ട്
8-00 പഞ്ചാബിപരിപാടി
8-50 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകം ഇംഗ്ലീഷിൽ
9-15 വയലിൻ കച്ചേരി
9-30 യുവശക്തി
10-00 വാർത്തകം ഇംഗ്ലീഷിൽ
10-30 വാർത്തകം ഇംഗ്ലീഷിൽ
10-35 സമാപനം

ചാവക്കാട് ബ്ലോക്കിലെ പദ്ധതി പ്രവർത്തന പുരോഗതി

2,91,118 രൂപാ ചിലവഴിച്ചു

ചാവക്കാട്, മേയ് 7

ചാവക്കാട് വികസന ബ്ലോക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2,91,118 രൂപാ ചിലവും ചെയ്തുകയുണ്ടായെന്നു ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ റിപ്പോർട്ടിൽ പറയുന്നു. ഇതിൽ കൃഷി, മൃഗസംരക്ഷണം എന്നിവയ്ക്കു വേണ്ടി ചിലവഴിച്ചിട്ടുള്ളതു 91,148 രൂപയും ജലസേചനത്തിനു 57,849 രൂപയും ഗതാഗത വികസനത്തിനു് 45,188 രൂപയും ഗ്രാമീണ കരകൗശലങ്ങൾക്കും വ്യവസായങ്ങൾക്കും 24,447 രൂപയും ആരോഗ്യ ശുചീകരണത്തിനു 23,612 രൂപയും വിദ്യാഭ്യാസത്തിനു 13,719 രൂപയും സാമൂഹ്യ വിദ്യാഭ്യാസത്തിനു 4679 രൂപയുമാണു് ചിലവഴിച്ചതു്. തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ പണം ചിലവഴിച്ചതു് ചാവക്കാട് ബ്ലോക്കാണെന്നതും പ്രസ്താവ്യമാണു്.

.....

ആർമി മെഡി: കോറിൽ കമ്മീഷൻ

ന്യൂഡൽഹി മേ. 7

ആർമി മെഡിക്കൽ കോറിലെ ആഫീസർ റാങ്കിൽ ഇപ്പോൾ ധാരാളം ഒഴിവുകളുണ്ടു്. 45 വയസ്സിലധികം പ്രായമായിട്ടില്ലാത്ത മെഡിക്കൽ ബിരുദധാരികൾക്കു് എമർജൻസി കമ്മീഷൻ അഥവാ ഷോർട്ട് സർവ്വീസ് റഗുലർ കമ്മീഷൻ അപേക്ഷിക്കാവുന്നതാണു്.

ഉന്നേർണർഷിപ്പു് പരിശീലനം കഴിച്ചിട്ടില്ലാത്തവർക്കും അപേക്ഷിക്കാം. ബിരുദാനന്തരബിരുദം നേടിയിട്ടുള്ളവരും ഏതായാലും ഒരു സ്വരാംഗകക്ഷിയെ പ്രതിനിധാനം ചെയ്യുന്ന പ്രതിനിധികളാണു് ഇപ്പോൾ ഡൽഹിയിൽ കൂടിയിരിക്കുന്നതു്. ഇവരുടെ കടമ കലാവിരുതിന്റെ പ്രചാരമാണു്. കണ്ണൻചിറ്റതെറ്റു് ആരുടെയെങ്കിലുമായാലും സാധനങ്ങൾക്കൊണ്ടു് മനോജ്ഞമായി മെനഞ്ഞെടുത്ത വസ്തുക്കളാണധികവും.

വൈകിരികോർഗ്രഥനത്തിനു് ഉതകുന്ന പല ദൃശ്യങ്ങളുമിതിനുള്ളിലുണ്ടു്. പുൽക്കൂടിലെ ഉണ്ണിയും ഹിന്ദുപുരാണങ്ങളിലെ ദൃശ്യങ്ങളും കഥകളിപദങ്ങളും എല്ലാം ആരുടേയും കരളിൽ കോരിത്തരിപ്പു നിലയ്ക്കുന്നതാണു്.

പ: ബങ്കാളിന്റെ വക

പശ്ചിമ ബങ്കാം ഗവണ്മെന്റിന്റെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റ് സംവിധാനം ചെയ്ത ഒരു സ്റ്റോളും ഇക്കുറിയുള്ളതു പ്രദർശനത്തിനു് ഒരു കൗതുകപ്പൊട്ടുപോലെയാണു്. രാത്രിയിൽ വൈദ്യുതദീപങ്ങളാൽ തിളങ്ങുന്ന ചന്ദ്രികാപവലിയന്റെ വണ്ണഗോപുരം ആരുടേയും ഹൃദയത്തിൽ മായാതെനിൽക്കും.

മത്സ്യപ്രദർശനം

ഫിഷറീസ് വകപ്പ് നടത്തുന്ന മൽസ്യപ്രദർശനം പ്രതീക്ഷിച്ചതു കേമമായിത്തോന്നിയില്ല. എങ്കിലും ഒരുവിധം തരക്കേടില്ലെന്നു് പറയാം.

കരകൗശലക്ഷേത്രം

കേരളാഗവണ്മെന്റിന്റെ വ്യവസായ വകപ്പു് സംവിധാനംചെയ്ത കരകൗശല ക്ഷേത്രം മനോജ്ഞമായിട്ടുണ്ടു്. അജന്തയിലെ കൊത്തുവേലകം ഉപ്പിയെടുത്തു് ഇഷ്ടന്മള്ളിൽ പ്രശിപ്പിച്ചിരിക്കുന്നതു് ആരുടേയും ഓർമ്മകം ഇതിഹാസകാലങ്ങളിലേക്കു് മാടിവിളിക്കാൻ പര്യാപ്തമാണു്. ദിവ്യകാരുണ്യകോൺഗ്രസ്സിനോടനുബന്ധിച്ചു് ബോംബൈ കാവൽമൈതാനത്തു് പ്രദർശിപ്പിച്ചു് വിദേശികളടക്കം ലക്ഷക്കണക്കിനാളുകളുടെ പ്രശംസയ്ക്കു് പാത്രീഭൂതമായ ഈ സ്റ്റാം തൃശ്ശൂർ പ്രദർശനത്തിനു് ഒരു അലങ്കാരംതന്നെയാണു്. അജന്തയിലെ കലാവിരുതിന്റെ പ്രചാരമാണു്. കണ്ണൻചിറ്റതെറ്റു് ആനക്കൊമ്പു പരുത്തുള്ള സാധനങ്ങൾക്കൊണ്ടു് മനോജ്ഞമായി മെനഞ്ഞെടുത്ത വസ്തുക്കളാണധികവും.

വൈകിരികോർഗ്രഥനത്തിനു് ഉതകുന്ന പല ദൃശ്യങ്ങളുമിതിനുള്ളിലുണ്ടു്. പുൽക്കൂടിലെ ഉണ്ണിയും ഹിന്ദുപുരാണങ്ങളിലെ ദൃശ്യങ്ങളും കഥകളിപദങ്ങളും എല്ലാം ആരുടേയും കരളിൽ കോരിത്തരിപ്പു നിലയ്ക്കുന്നതാണു്.

ചന്ദ്രികപവലിയൻ

ചന്ദ്രിക പവലിയൻവർണ്ണശബളമായ ഗോപുരം തൃശ്ശൂർ പ്രദർശനത്തിനു് ഒരു കൗതുകപ്പൊട്ടുപോലെയാണു്. രാത്രിയിൽ വൈദ്യുതദീപങ്ങളാൽ തിളങ്ങുന്ന ചന്ദ്രികാപവലിയന്റെ വണ്ണഗോപുരം ആരുടേയും ഹൃദയത്തിൽ മായാതെനിൽക്കും.

മത്സ്യപ്രദർശനം

ഫിഷറീസ് വകപ്പ് നടത്തുന്ന മൽസ്യപ്രദർശനം പ്രതീക്ഷിച്ചതു കേമമായിത്തോന്നിയില്ല. എങ്കിലും ഒരുവിധം തരക്കേടില്ലെന്നു് പറയാം.

കരകൗശലക്ഷേത്രം

കേരളാഗവണ്മെന്റിന്റെ വ്യവസായ വകപ്പു് സംവിധാനംചെയ്ത കരകൗശല ക്ഷേത്രം മനോജ്ഞമായിട്ടുണ്ടു്. അജന്തയിലെ കൊത്തുവേലകം ഉപ്പിയെടുത്തു് ഇഷ്ടന്മള്ളിൽ പ്രശിപ്പിച്ചിരിക്കുന്നതു് ആരുടേയും ഓർമ്മകം ഇതിഹാസകാലങ്ങളിലേക്കു് മാടിവിളിക്കാൻ പര്യാപ്തമാണു്. ദിവ്യകാരുണ്യകോൺഗ്രസ്സിനോടനുബന്ധിച്ചു് ബോംബൈ കാവൽമൈതാനത്തു് പ്രദർശിപ്പിച്ചു് വിദേശികളടക്കം ലക്ഷക്കണക്കിനാളുകളുടെ പ്രശംസയ്ക്കു് പാത്രീഭൂതമായ ഈ സ്റ്റാം തൃശ്ശൂർ പ്രദർശനത്തിനു് ഒരു അലങ്കാരംതന്നെയാണു്. അജന്തയിലെ കലാവിരുതിന്റെ പ്രചാരമാണു്. കണ്ണൻചിറ്റതെറ്റു് ആനക്കൊമ്പു പരുത്തുള്ള സാധനങ്ങൾക്കൊണ്ടു് മനോജ്ഞമായി മെനഞ്ഞെടുത്ത വസ്തുക്കളാണധികവും.

വൈകിരികോർഗ്രഥനത്തിനു് ഉതകുന്ന പല ദൃശ്യങ്ങളുമിതിനുള്ളിലുണ്ടു്. പുൽക്കൂടിലെ ഉണ്ണിയും ഹിന്ദുപുരാണങ്ങളിലെ ദൃശ്യങ്ങളും കഥകളിപദങ്ങളും എല്ലാം ആരുടേയും കരളിൽ കോരിത്തരിപ്പു നിലയ്ക്കുന്നതാണു്.

കൃഷി ഭവൻ

പ്രദർശനനഗരിയിലെ കൃഷിഭവൻ ആകർഷകമായിട്ടുണ്ടു്. നീലപ്രകൃവാളങ്ങളോടു് ഉമവെച്ചു നിൽക്കുന്ന കവുങ്ങിൻ പെടികളുടെ ചിത്രം കൃഷിഭവന്റെ മനോഹാരിതയ്ക്കു മാറ്റുകൂട്ടുന്നു. കേരളാ കൃഷി വകുപ്പാണു് ഇതു സംവിധാനം ചെയ്തിരിക്കുന്നതു്.

കൃഷിഭവനിലേയ്ക്കു് കാലെടുത്തു വെയ്ക്കുന്ന നിങ്ങളെ തോക്കിന്റെ കാഞ്ചിയിൽ കൈയമർത്താൻ തയ്യാറായി നിൽക്കുന്ന ഒരു ജവാനോ ഒരു പിൻനിരജവാനോ[കഷ്കൻ)മാണു് സ്വാഗതംചെയ്യുന്നതു്.

ഒരു നണയുടെ കഥ

തുക അബ്ദുറഹ്മാൻ— ആ പേരു് ഇന്നു എല്ലാവർക്കും സുപരിചിതമാണു്. പ്രത്യേകിച്ചു് മലേഷ്യാ രൂപീകരണത്തിനുശേഷം വളരെ കൂടുതൽ പ്രസിദ്ധിയായ്ജ്ജിക്കാൻ ആ പേരിനു് കഴിഞ്ഞിട്ടുണ്ടു്.

1903 ഫെബ്രുവരിയിലാണു് സുൽത്താൻ അബ്ദുൽ ഹമീദിന്റെ നാലാമത്തെ പുത്രനായി തുക ജനിച്ചതു്. അമ്മ ഒരു സാധാരണ ബ്രാഹ്മീസ് കുടുംബത്തിൽപ്പെട്ട ഒരു സ്ത്രീയായിരുന്നു. തന്റെ ജീവചരിത്രമെഴുതിയിട്ടുള്ള ഹാരിമില്ലറോടു് തുക ഒരിക്കൽ പറയുകയുണ്ടായി. "എന്റെ ജനനത്തിനുപിന്നിൽ ഒരു നണയുടെ കഥയുണ്ടു്. ഈ കഥ എന്റെ അമ്മതന്നെ എന്നോടു് പറഞ്ഞിട്ടുള്ളതാണു്."

തുക ആ കഥ വിവരിച്ചുകൊണ്ടു ഒരു കൊച്ചുകുട്ടിയെപ്പോലെ പൊട്ടിച്ചിരിച്ചു. രസകരമായ ഒരു നണയുടെ കഥയാണതു്.

അബ്ദുൽഹമീദ് രാജാവിന്റെ രാജകീയ മുദ്ര കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനായിരുന്നു, ഹക്കീമുൽറബ്ബു്, ഒരിക്കൽ ഹക്കീം പ്രസ്തുത മുദ്രയിൽ ചില കൃത്രിമങ്ങൾനടത്തി. സംഗതി സുൽത്താനറിഞ്ഞു. ഉടനെ ഹക്കീമിനു മരണശിക്ഷ വിധിച്ചു. കൂടാതെ അയാളുടെ ഭാര്യയുടേയും കുട്ടികളുടേയും ചുണ്ടുവിലുകം മുറിച്ചു കളയാനും രാജാവ് ഉത്തരവിട്ടു.

കുറ്റം അവശേഷിക്കുന്ന കാലത്തോളം രാജസ്തീകത്തിരായി പ്രവർത്തിച്ചുതിനുള്ള ശിക്ഷയുടെ അടയാളവും നിലനിൽക്കണമെന്നായിരുന്നു, അന്നത്തെ രാജശാസന.

ഹക്കീമിന്റെ ഭാര്യ വാവിട്ടുകരഞ്ഞു. അവർ നേരെ സുൽത്താൻ അബ്ദുൽഹമീദിന്റെ അരമനയിലേക്കോടി. രാജ്ഞിയായ മെഞ്ജലാരയെ മുഖം കാണിച്ചു. സംഗതികളൊക്കെ അവരെപ്പറഞ്ഞുകേൾപ്പിച്ചു.

രാജ്ഞി കോപിച്ചുകൊണ്ടു പറഞ്ഞു. 'എനിക്കിതിലെന്തു് ചെയ്യാൻ പറവൂ! സുൽത്താന്റെ നീതിപരിപാലന കാര്യങ്ങളിൽ ഞാൻ കയ്യിടുന്നതു് ന്യായമാണോ? അല്ലം നിന്റെ ഭർത്താവ് ചെയ്ത കുറത്തിനു തക്കതായ ശിക്ഷ മാത്രമണതു്. എനിക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ല,' രാജ്ഞി അവളെ മുറിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞപ്പോം ഹക്കീമിന്റെ ഭാര്യ തേങ്ങിക്കരയാൻ തുടങ്ങി.

'ഒരു പാവവും ചെയ്യാത്ത എന്റെ അരുമക്കഞ്ഞങ്ങൾക്കു് വിധിച്ചിരിക്കുന ശിക്ഷയെക്കിലും ഇളവ്ചെയ്തു് താൻ ഇവിടുന്നു് വിടുമ്പോൾ സാധ്യമാകും. ദയവു ചെയ്തു്.....' ആ സ്ത്രീ ഒരിക്കൽകൂടി കെഞ്ചി.

ചെഞ്ചലാരരാജ്ഞിയും ഒരമ്മയല്ലേ? കുട്ടികളുടെ കാര്യം കേട്ട പ്പോം രാജ്ഞിയ്ക്കു മനസ്സുനൊന്തു. "ആട്ടെ, നീ പൊയ്ക്കോളു; ഞാൻ ശ്രമിച്ചു നോക്കാം." രാജ്ഞി അവരെ സമാധാനിപ്പിച്ചു.

എന്താണു് വഴി? സുൽത്താൻ സ്വതവേ മൻകോപിയാണു്. സമയ വ്യസന്ദർഭം നോക്കി മാത്രമേ അദ്ദേഹത്തിനോടു് സംസാരിക്കാനാവൂ.

രാത്രി പന്തുമണിക്ക സുൽത്താൻ കിടപ്പാറയിൽ പ്രവേശിച്ചപ്പോം രാജ്ഞിക്കൊരു യുക്തിതോന്നി. ഇതുതന്നെ തക്കം. അവർ മനസ്സിൽ പ്ലാനിട്ടു.

രാജ്ഞി പറഞ്ഞു: 'അല്ലാ നിങ്ങളെത്ര കണക്കാക്കിയിട്ടാണ് ഹക്കിമിനെ തുക്കിക്കൊല്ലാൻ വിധിച്ചതു്. എന്തു കണ്ടിട്ടാണ് അയാടെ കുടുംബത്തിലെ മുലകുടി മാറാത്ത കുട്ടികളുടെപോലും ചുണ്ടുവിലുകം വെട്ടിക്കളയാൻ ഉത്തരവിടിരിക്കുന്നതു്? ഞാൻ ശ്രദ്ധിനിയാണെന്നുള്ള വസ്തുത അങ്ങു മറന്നുപോയോ? ഈ സന്ദർഭത്തിൽ ഇത്ര ഹാപാപം ചെയ്താൽ നമുക്കു ജനിക്കാൻപോകുന്ന കുഞ്ഞിന്റെഗതി യെന്തായിരിക്കും?

സുൽത്താൻ നിശ്ശബ്ദനായി. തന്റെ കുഞ്ഞിനൊരാഹിത്യം സംഭവിച്ചുകൂടാ! ഒരാൺകുഞ്ഞാണെങ്കിൽ അവൻ നാളെ രാജഭാരം കയ്യേല്പേണ്ടവനാണ്. സുൽത്താൻ ചിന്തയിൽ മുഴുകി.

സ്വതവേ മലയക്കാർ ഭാര്യഗർഭിണിയായിരിക്കുമ്പോം എല്ലാ വിധത്തിലുള്ള പാപങ്ങളിൽനിന്നും ഒഴിഞ്ഞുനില്ക്കുന്നവരാണ്. ഇല്ലെങ്കിൽ ജനിക്കാൻപോകുന്ന കുഞ്ഞിനു വല്ല ദോഷവും സംഭവിച്ചേക്കുമെന്നാണവരുടെ വിശ്വാസം.

ഹക്കീമിന്റെ മരണശിക്ഷ സുൽത്താൻ പിൻവലിച്ചു. പകരം അതു് ജീവപര്യന്തം തടവാക്കി മാറ്റി. കുടുംബത്തിലെ മറ്റംഗങ്ങളുടെ ശിക്ഷ നിശ്ശേഷം ഇളവുചെയ്തുകൊടുത്തു.

എന്നാൽ വാസ്തവമെന്തായിരുന്നുവെന്നോ! ആ സന്ദർഭത്തിൽ മെഞ്ജലാരാ രാജ്ഞി ഗർഭിണിയായിരുന്നില്ല. എങ്കിലും പുരുഷിയ ദിവസങ്ങൾക്കള്ളിൽ അവർ ഗർഭംധരിച്ചു.

അങ്ങിനെ ഒരു നണയിൽനിന്നാണു് ഒരു രാജ്യത്തിന്റെ ഭാഗധേയംതന്നെ നിർണ്ണയിക്കാൻ യോഗ്യനായ ഒരു ഭരണാധികാരി ജന്മംകൊണ്ടതു്.

.....

പൂരം എക്സിബിഷൻ

(തോമസ് പാറന്തൂർ)

തൃശ്ശൂർ 'ചിൽഡ്രൻസ്' പാക്കിൽ മനോഹരമായി കെട്ടിയുണ്ടാക്കിയിട്ടുള്ള എക്സിബിഷൻ സ്റ്റാളുകളിൽ ഒരു കൊച്ചു ലോകം ഒളുമ്പി നില്പുകയാണു്. കാലത്തു് എട്ടുമണി മുതൽ വൈകീട്ടു് പത്തുമണി വരേയും നാടിൻറെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിനാളുകളം അവിടേയ്ക്കൊഴുകിക്കൊണ്ടിരിക്കുന്നു.

മനോജ്ഞമായി അലങ്കരിച്ചിട്ടുള്ള കവാടത്തിലൂടെ അകത്തു കടക്കുന്നു ഒരാൾക്ക് ആദ്യമായി അനുഭവപ്പെടുക 'സോപ്പു് ചീപ്പു് കണ്ണാടി'ക്കടകളുടെ കലവിലയും വില പേശലുമായിരിക്കം. അവിടെ കടിച്ചു തുങ്ങി നിൽക്കുന്ന കുറെ പൊണ്ണങ്ങളുടേയും കരുന്നുകിടാങ്ങളുടേയും അല്പസ്വല്പകം പിന്നിട്ടുമുന്നോട്ടു കടന്നാൽ മനോഹരമായ സ്റ്റോളുകളാണു് ഉള്ളിയിൽപ്പെട്ടന്നതു്. അമ്മയും അച്ഛനും ഒഴികെ മറെറല്ലാം ആ സ്റ്റോളുകളിലുണ്ടെന്നു തോന്നും അവരുടെ മാടിവിളിക്കൽ കേട്ടാൽ.

ഡിഫൻസ് പവലിയൻ

ചിന്തിക്കാനും പഠിക്കാനും വകനൽകുന്ന കുന്നാണു് ഇക്കൊല്ലത്തെ എക്സിബിഷനിൽ ഉൾപ്പെട്ടത്തിയിട്ടുള്ള ഡിഫൻസ് പവലിയൻ. രക്തവും വെള്ളവും ഉറഞ്ഞു പോകുന്ന മഞ്ഞുമലകളുടെ മാരത്തു് നമ്മുടെ അതിർത്തി കാക്കാൻ വേണ്ടി ശത്രുവിൻമാ തീത്തോക്കുകം മുമ്പിൽ വിരിമാറത്തിപ്പിടിച്ചു് അടരാടുന്ന വീരജവാന്മാരുടെപുളോകോത്തമകമായ ഒരു കഥയാണവിടെ പ്രദർശനയുപേണ പകർത്തിയിരിക്കുന്നതു്. തീയും മാംസവും തമ്മിൽ ഏറ്റു മുട്ടുന്ന ആ സമരഭൂമിയിൽ നാടിൻറെ അഭിമാനത്തിനു് വേണ്ടി ആത്മാർപ്പണം ചെയ്യുന്ന ഇന്ത്യയുടെ കാവൽ മാലാഖമാരുടെ കഥ.

തോക്കുപിടിച്ചു് കവാതു നിൽക്കുന്ന ഒരു സൈനികനാണു് നമ്മെ ആ പവലിയനിലേയ്ക്കു് സ്വാഗതം ചെയ്യുന്നതു്. ആദ്യം സംശയിക്കേണ്ട. ആ വീരപുരുഷനാകുമി ഒരു പ്രതിമമാത്രമാണു്. അവിടന്നു നാം നീങ്ങുകയാണു്. പിന്നെ പടക്കോപ്പുകളുടെ പ്രളയമാണു്. പീരങ്കിത്തി മുതൽ റോക്കറ്റുകം വരെയുള്ള എല്ലാ വസ്തുക്കളും അവിടവിടെ നിരത്തിവെച്ചിരിക്കുന്നു. അവയുടെ വിശദീകരണം തരാനുള്ള ആളുകളും അവരുടെ ജോലി മുറപോലെനോക്കുന്നുണ്ടു്.

ആ പവലിയനകത്തു കടന്നാൽ നാം ഒരു യുദ്ധരംഗത്തു പ്രവേശിച്ചപോലെയാകും. ഒരു ഭാഗത്തു് ബോംബുമായി പറക്കാൻ വിമാനം തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. മറവശത്തു് ശത്രുനിരകളെ ഉന്നം വെച്ചു് പീരങ്കികം വാതുറക്കുകയാണു്. അതാ അങ്ങോട്ടു നോക്കു. അവിടെ രക്തമാണു് പരക്കുന്നതു്. അതിനിടയിൽനിന്നും ഒരു മുറിവോറ ഭടനെ തന്റെ സഹപ്രവർത്തകന്മാർ എടുത്തുകൊണ്ടു പോകുന്നതു് കാണാം, അടുത്തുള്ള സൈനിക സങ്കേതത്തിലേയ്ക്കു്.

രക്തം തുംക്കെട്ടി നിൽക്കുകയും പച്ച മാംസം പിടഞ്ഞുകരിയുകയും ബയനാറകളിൽ പോരുത്തുള്ളികം പൊടിഞ്ഞു നിൽക്കുകയും ചെയ്യുന്ന യുദ്ധരംഗത്തെ ഭീകര അനുഭവങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കാൻ ഡിഫൻസ് വകുപ്പിന്റെ ഈ സൃഷ്ടി ഉപകരിക്കുമെന്നതിനു് സന്ദേഹമില്ല.

കമാൽസിംഗ്

ഡിഫൻസ് പവലിയനിൽ എത്തുന്ന ആരുടേയും ശ്രദ്ധയാകർഷിക്കുന്ന ഒരു അപൂർവ്വമനുഷ്യനാണു് ഒററകൈയനായ കമാൽസിംഗ്. രണ്ടാം ലോകമഹായുദ്ധകാലത്തു് സമരമുഖത്തുവെച്ചു് [1944ൽ] അദ്ദേഹത്തിന്റെ ഒരു കൈ നഷ്ടപ്പെട്ടു. പക്ഷേ അതുകൊണ്ടദ്ദേഹം അല്പംപോലും ആകുലനായിക്കണ്ടില്ല. തന്റെ കൃത്രികൈകൊണ്ടു് അദ്ദേഹം എല്ലാ ജോലികളും അനായാസേന ചെയ്യുന്നു. ഒരു സിഗരറ് എനിക്കു് സമ്മാനിച്ചശേഷം അദ്ദേഹം തന്റെ കൃത്രികൈകൊണ്ടു് തീപ്പെട്ടിക്കൊൽ ഉരച്ചു അതു് എനിക്കു് കത്തിച്ചുതന്നു. തന്റെ കൃത്രികൈ ഉപയോഗിച്ചു അദ്ദേഹം ഭാരമുള്ള സാധനങ്ങംപോലും നിഷ്പ്രയാസം പൊക്കുന്നതു് ആരേയും കോരിത്തരിപ്പിക്കം. ഒറാക്കയ്യനാണല്ലോ എന്നൊരു വേദനയും തനിക്കിപ്പോളില്ലെന്നു് അദ്ദേഹം എന്നോടു് പറഞ്ഞു.

വേണ്ടത്ര തൊഴിൽ പരിചയമുള്ളവരും മുൻതിയ്യതിവെച്ചുള്ള നിയമനത്തിനും ഉയന്നാരാകുന്നിനും അർഹരാണു്.

സായുധസേനാ മെഡിക്കൽ സപ്ലീസസിന്റെ ഡയറക്ടർ ജനറലിൽ [എഫ്. മ്ലോക്ക്, ന്യൂഡൽഹി) നിന്നു് വിശദവിവരങ്ങളും അപ

ചെറുപുഷ്പ മിഷൻ ലീഗ് വാർഷികം ഇന്നു്

കോട്ടയത്തു് ഭക്ത്യാദരപൂർവ്വം ആചരിക്കുന്നു

കോട്ടയം, മെ. 8

കേരളത്തിലും പുറത്തുമുള്ള 17 രൂപതകളിലായി 823 ശാഖകളും 213182 അംഗങ്ങളുമുള്ള ചെറുപുഷ്പ മിഷ്യൻ ലീഗിന്റെ 18-മത്തെ വാർഷികവും കോട്ടയം രൂപതയുടെ വാർഷികവും നാളെ (ഞായറാഴ്ച) കോട്ടയം തിരുനക്കര മൈതാനത്തു നടക്കുകയാണു്.

രാവിലെ 9 മണിക്കു് വിവിധ കലാപരിപാടികളോടുകൂടി ആരംഭിക്കുന്ന സമ്മേളനം കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുമെത്തുന്ന 15000 ലീഗ് അംഗങ്ങളുടെയും മാറനേകം ആളുകളുടെയും റാലിയോടുകൂടി വൈകിട്ടു് 5.30 നു് റൈറ്റ് റവ. ഡോ. തോമസ് തറയിൽ തിരുമേനി ഉൽഘാടനം ചെയ്യുന്ന പൊതുസമ്മേളനത്തോടുകൂടി പര്യവസാനിക്കുന്നതാണു്. ആസാമിലെ ഡിബ്രുഗാർ രൂപതയുടെ മെത്രാൻ റവ. ഡോ. ഹൂബർട്ടു് ഡി. റൊസാരിയോ എസ്. ഡി. ബി. തിരുമേനിയാണു് ഈ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിക്കുന്നതു്. ആസാമിൽ ഡിബ്രുഗാർ രൂപതയുടെ മെത്രാൻ റവ. ഡോ. ഹൂബർട്ടു് ഡി. റൊസാരിയോ എസ്. ഡി. ബി. തിരുമേനിയാണു് ഈ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിക്കുന്നതു്. ചെറുപുഷ്പ മിഷൻ ലീഗ് കേന്ദ്രാധിപൻ റവ. ഫാദർ ജോർജ്ജ് വടക്കുംതല, ഡയറക്ടർ റവ. ഫാദർ ജോസഫ് കണ്ണന്താനം, ശ്രീമതി തങ്കമ്മ ജോസഫ് എന്നിവർ സമ്മേളനത്തിൽ പ്രസംഗിക്കും.

അദ്ഭുതപൂർവമായ വളർച്ച

ചെറുപുഷ്പ മിഷൻ ലീഗ് 1947ൽ സ്ഥാപിതമാകുമ്പോൾ 9 ശാഖകളും 575 അംഗങ്ങളുമാണുണ്ടായിരുന്നതു്. അന്നു് വിവിധ പ്രവർത്തനങ്ങൾക്കായി 500 രൂപയാണു് വിനിയോഗിക്കാൻ സാധിച്ചിരുന്നതെങ്കിൽ ഇന്നീ സംഘടനയ്ക്കു് ഈ വർഷം 850000 രൂപാ ചിലവഴിക്കാൻ കഴിയത്തക്ക വിധത്തിൽ വളർന്നു വികസിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു് ഇന്നലെ നടത്തിയ ഒരു പത്രസമ്മേളനത്തിൽ സമ്മേളനക്കമ്മറ്റി കൺവീനർ ഫാ. പീറർ ഊരാളിൽ പ്രസ്താവിച്ചു. സംഘടനയിൽ നിന്നു് 32 രൂപതകൾക്കു് സഹായങ്ങൾ നൽകുന്നുണ്ടെന്നും 68 വിദ്യാർത്ഥികളെ ഹൈസ്കൂൾ, കോളേജ് ക്ലാസ്സുകളിൽ പഠിപ്പിക്കുന്നുണ്ടെന്നും ശമ്പളം പറ്റാതെ 260 സാമൂഹ്യസേവകർ സംഘടനയിലുണ്ടെന്നും 32 അനാഥശാലകൾക്കും 31 ആതുരാലയങ്ങൾക്കും മിഷ്യൻസഹായം നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. പത്രസമ്മേളനത്തിൽ വളന്റിയർ ക്യാപ്റ്റൻ മി. പി. ഡി തോമൻ എം.എ., എം. എൽ. എ., ശ്രീ. ആന്റണി വാഴപ്പിള്ളി ബ്ര. ജോർജ്ജ് കൊല്ലപ്പള്ളി, ബ്ര. വക്കിച്ചൻ കാരന്താനം എന്നിവരും പങ്കെടുത്തിരുന്നു.

യാത്രാസൗജന്യം

വാർഷികാഘോഷങ്ങളിൽ സംബന്ധിക്കാൻ ബസ്സുമാർഗ്ഗം കോട്ടയത്തേക്കു് വരുന്നവർക്കു് സൗജന്യനിരക്കിൽ ടിക്കറ്റുകൾ നൽകുന്നതാണെന്നു് താഴെപ്പറയുന്ന ബസ്സുടമകൾ സമ്മതിച്ചിരിക്കുന്നു. ലീഗ് ബാഡ്ജും പതാകയും ഉള്ളവർക്കു് വരുന്നതിനും പോകുന്നതിനും പകുതി ചാർജ്ജ് മതിയാകുന്നതാണു്. സൗജന്യനിരക്കു് ആവശ്യമുള്ളവർ ബസ്സുടമകളെ, ഗോമതി, സി. റ്റി. എസ്, ഇ. എം. എസ്, ജോളി, കെ. ഇ. എം. എസ്, എസ്. എം. എസ്, വിജയ, രാജനി എന്നു വയാണു്.

കുമിരകണങ്ങൾ

മിഷൻലീഗിന്റെ കാര്യക്ഷമമായ നടത്തിപ്പിലേക്കു് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി പോളനറിയേഴ്സിന്റെ ഒരു കോൺഫറൻസ് കുപ്പറൻ ശ്രീ. പി. ഡി. തോമ്മൻ അദ്ധ്യക്ഷതയിൽ മിഷൻലീഗ് കേന്ദ്ര ആഫീസിൽ [കാതലിക്ക് മിഷൻ പ്രസ്സ് ബിൽഡിംഗ്] കൂടി 125 പേരുള്ള ഒരു പോളൻറിയേഴ്സ് കോർ ഗ്രൂപിക രിച്ചിരിക്കുന്നു റാലിയുടെ വിശദാംശങ്ങളും ചച്ചചെയ്തു് അവസാനരൂപം കൊടുക്കയും ചെയ്തു.

മൂഴൂർ പ്രാദേശികത്തിൽനിന്നും

മിഷൻലീഗ് മൂഴൂർ പ്രാദേശികത്തിൽപ്പെട്ട പാലക്കര, മത്തമ്മാറാം, മൂഴൂർ, കാഞ്ഞിരമാലം, കരിമ്പാനി, കൊഴുവനാൽ ഈ ശാഖകളുടെ നേതൃത്തിൽ പ്രത്യേക വാഹനങ്ങളിൽ ലീഗ് അംഗങ്ങളും അനുഭാവികളായ 500-ൽ അധികംപേർ പങ്കെടുക്കുന്ന ഒരു ജാഥാ മിഷൻലീഗിന്റെ കോട്ടയം വാഴിക്കത്തിൽ സംബന്ധക്കാൻ കോട്ടയത്തു് എത്തുന്നതാണു്.

രാമപുരം ജാഥ

1000 പേരുള്ള ഒരു ജാഥാ രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തു് എത്തി റാലിയിലും സമ്മേളനത്തിലും സംബന്ധിക്കുന്നതാണു്.

കരിങ്കുന്നത്തുനിന്നും

കരിങ്കുന്നം മിഷൻലീഗ് ശാഖയിൽനിന്നു 200 പേരുടെ ഒരു ജാഥാ കോട്ടയത്തേക്കു പുറപ്പെടുന്നതാണു്.

....

ഒരു മലയാളി ജവാന്റെ ധൈര്യം

ബോംബെ, മെ. 6

എറണാകുളത്തുനിന്നും ബോംബെക്കു വരികയായിരുന്ന വത്സലൻനായർ എന്നൊരു യുവാവു് [20വയസ്സു്] കാർജറായിലെ സ്റ്റേഷനാഫീസിലേക്കു് മരണപ്പെട്ട ഒരു ജവാന്റെ സംസ്കാരച്ചടങ്ങിൽ പങ്കെടുക്കുന്നതിനുവേണ്ടി ഇറങ്ങിയപ്പോൾ ട്രെയിൻ മുന്നോട്ടു നീങ്ങുന്നതു കണ്ടു. ഉടൻതന്നെ അടുത്തുണ്ടായിരുന്ന ഒരു ഗാർഡിന്റെ വണ്ടിയിൽ ചാടിക്കയറി. ഗാർഡിന്റെ വണ്ടിയിൽ കയറിയ വത്സലൻനായർ ഉടൻതന്നെ അടുത്തുണ്ടായിരുന്ന അലാറം ചെയിൻ വലിച്ചു. ട്രെയിൻ നിന്നു. ഗാർഡ് ഇറങ്ങിവന്നു നോക്കിയപ്പോൾ ഒരു പട്ടാളക്കാരൻ ട്രെയിനിന്റെ അടിയിൽ കുടുങ്ങിക്കിടക്കുന്നു. ഉടൻതന്നെ വത്സലൻനായർ ട്രെയിനിന്റെ അടിയിൽ കിടന്നു് ആ പട്ടാളക്കാരനെ പുറത്തെടുത്തു



പാക് അതിർത്തിയിൽ ഇന്ത്യൻ സൈനികേന്ദ്രീകരണം

രക്ഷാസമിതിയിലേയ്ക്ക് പാക്കിസ്ഥാന്റെ വിലാപം

(പി. ടി. ഐ)

കറാച്ചി, മെ. 8

പാക്കിസ്ഥാൻ അതിർത്തിയോടനുബന്ധിച്ച് ഇന്ത്യൻ സായുധസേനാ വ്യൂഹം കേന്ദ്രീകരിക്കുന്നതായി പാക്കിസ്ഥാൻ ഗവണ്മെന്റ് ഐക്യരാഷ്ട്ര സെക്യൂരിറ്റി കൌൺസിലിനെ അറിയിക്കുന്നതാണ്.

കഴിഞ്ഞ ഏതാനും ദിവസങ്ങളായി, പാക്കിസ്ഥാന്റെ അതിർത്തിയോടനുബന്ധിച്ച് ഇന്ത്യൻ സായുധസേന നീക്കി കൊണ്ടിരിക്കുന്നുവെന്ന് കാണിച്ച് പാകിസ്ഥാൻ പ്രതിനിധി യു. എന്നിനു കത്തയക്കുകയുണ്ടായി. എന്നിനു തങ്ങളുടെ സ്ഥിരം പ്രതിനിധിക്ക് ഇട്ടാറൽ കിയതായി പാകിസ്ഥാൻ വിദേശവകുപ്പിലെ ഒരു വക്താവു പറഞ്ഞു. പാക്കിസ്ഥാനെതിരെ ആക്രമണം നടത്തുവാനുള്ള കേന്ദ്രീകരണമാണിതെന്നും വക്താവു പറഞ്ഞു.

പശ്ചിമ പാക്കിസ്ഥാൻ പഞ്ചാബ് തിനിയിൽനിന്ന 15 നാഴികയും ശ്രീനഗറിൽനിന്ന 40 നാഴികയും അകലെയുള്ള അഖ്നൂർ പാലത്തിനടുത്തുള്ള ഇന്ത്യൻ സൈനിക കേന്ദ്രീകരണത്തെ എതിർത്തുവെന്നും പാക്കിസ്ഥാൻ പറയുന്നുണ്ടെങ്കിലും

തീർത്ഥയാത്ര -VII

ഇട്ടമാത്തു് സെബാസ്റ്റ്യൻ

വെറുതെയിരിക്കുമ്പോൾ നമ്പൂരിമാക്ക് വെടിപറയാനുള്ള വിഷയങ്ങൾ മൂന്നെണ്ണമാണ്. സദ്യ, ആന, വേശ്യ, കോക്കമംഗലക്കാർ പുഷ്പദന്തനെ വാങ്ങിയതു മുതൽ അവനെക്കുറിച്ചുള്ള വർണ്ണനങ്ങൾ നടക്കാത്ത ഇല്ലമോ ദിവസമോ അവിടെയില്ലായിരുന്നു. പ്രധാനപ്പെട്ട മിക്ക ക്ഷേത്രങ്ങളിലും കയററി എഴുന്നള്ളിക്കാൻ എല്ലാവരും പതിവായി ക്ഷണിച്ചുകൊണ്ടുപോകാറുമുണ്ടായിരുന്നതു് അവനെയാണ്. വാദ്ധ്യാൻ ആനവിൽക്കാൻ നിശ്ചയിച്ചപ്പോൾ സർവ്വലക്ഷണ സമ്പന്നനായ അവനെ ലഭിക്കുന്നതു് അഭിമാനത്തിനും ഐശ്വര്യത്തിനും നിദാനമാകുമെന്ന വിചാരത്താൽ പലരും പുഷ്പദന്തനെ വാങ്ങാൻ ആഗ്രഹമുണ്ടായി. തന്മൂലം കവിഞ്ഞ വില കൊടുത്താണ് കോക്കമംഗലം ഗ്രാമക്കാർ അവനെ കൈക്കലാക്കിയതു്.

ഗ്രാമക്കാർ ആനയെയെത്തളക്കാൻ നല്ലൊരു കൊട്ടിൽ പണിതീർക്കുകയും കളിക്കാനും കുളിക്കാനുംവേണ്ടി ആനക്കുളമെന്ന പേരിൽ പുതിയ ഒരു കുളം വെട്ടിക്കുകയുംചെയ്തു.

കല്ലുവടം കഴിഞ്ഞതിനുശേഷം വൈക്കം, ഏററുമാനൂർ, മുതലായ മഹാക്ഷേത്രങ്ങളിൽ എഴുന്നള്ളിപ്പിനു്കൊണ്ടുപോകപ്പെട്ട അവൻ കോലമൊ, തിടമ്പോ പുറത്ത് വെക്കാൻ സമ്മതിച്ചില്ല. ആനയുടെ ഈ പ്രകൃതിമാററത്തിനു് ഓരോരുത്തർ ഓരോ കാരണം കണ്ടുപിടിച്ചു. അല്ലുട്ടത്തിൽ വാദ്ധ്യാന്റെ മനംഃൽവെച്ചു് ദൈതമൻ അവനെ തൊട്ടതാണ് ഇടന്തിരിപ്പിന്റെ ഹേതുവെന്ന അഭിപ്രായത്തിനാണ് പ്രാധാന്യം സിദ്ധിച്ചതു്. ആരെങ്കിലും മുമ്പിൽച്ചെന്നു് ആചാര്യന്റെ പേരുച്ചരിച്ചാൽ ആന തലയാട്ടും; തുമ്പിക്കരം ചുരുട്ടും.

എങ്ങനേയും പുഷ്പദന്തനെ വാങ്ങിയിട്ടു് ആദ്യമായി വരുന്ന ചേർത്തലപ്പൂരത്തിനു് കോക്കമംഗലത്തേക്കുള്ള സ്വന്തം എഴുന്നള്ളിപ്പെങ്കിലും അവന്റെ പുറത്തു് വേണമെന്നായി ഗ്രാമക്കാരുടെയെല്ലാം അഭിലാഷം. കോട്ടക്കാവിൽവെച്ചു് അവന്റെ രോഗം ഭേദമാക്കിയ യോഗീന്ദ്രനെ വരുത്തിയാൽ മാത്രമേ കാര്യത്തിനു് നടപ്പുണ്ടാകയുള്ളു എന്നൊരു കിംവദന്തിയും അതോടൊപ്പം പ്രചരിക്കാതിരുന്നില്ല.

പൂരകാലം സമീപിച്ചതോടെ ക്ഷേത്രമൈതാനം ഒരു ചെറുനഗരമായി മാറി. കൊല്ലം, കൊച്ചി, കൊടുങ്ങല്ലൂർ, പാലയൂർ എന്നീ പ്രദേശങ്ങളിൽനിന്നു് വന്ന യഹൂദന്മാർ കാലയും പനമ്പുംകൊണ്ടു് കെട്ടിച്ചമച്ച വിപണികളിൽ പലതരം സാധനസാമഗ്രികൾ വില്പനക്ക് നിരത്തിക്കഴിഞ്ഞു. പൂരപ്പാട്ട് പാടുന്നതിനും കാഴ്ച കാണുന്നതിനും കല്ലുവടക്കാക്ക് കാണിക്കയിടുന്നതിനുമല്ലാതെ ആൽത്തറയേറി എതിരെയുള്ള മതിൽക്കല്ലുകളെനോക്കി പ്രസംഗിച്ചുനിന്നിരുന്ന രണ്ടു് ശ്രമണന്മാരെ ഒഴിച്ചാൽ സദ്ധിപാരപ്രചോദിതരായി വന്നണഞ്ഞവരുടെ സംഖ്യ തുലോം വിരളമായിരുന്നു.

അമ്പലത്തിൽ ഊട്ടും, പാട്ടും, വേല, വിളക്ക് മുതലായ ചടങ്ങുകളും പൊടിപൊടിച്ചു നടന്നുതുടങ്ങി. മതില്പുറത്തു് പത്തുപതിനഞ്ചു് ആനകളെ അങ്ങിങ്ങായി തളച്ചുനിത്തിയിട്ടുണ്ടു് കൂട്ടത്തിൽ കൊലകൊമ്പനായപുഷ്പദന്തനും.

വഷകാലമട്ടത്താൽ വിയന്മണ്ഡലമെന്നപോലെ പൂരമടുത്തപ്പോൾ പുഷ്പദന്തന്റെ പ്രകൃതിക്ഷോഭാകുലമായിത്തീർന്നു. ആനക്ക് മദമിളകാൻ പോകയാണെന്ന ഭീതിമൂലം ആളുകളുടെ ഇടയിൽ പരിഭ്രമം കലശലായി. പാപ്പാന്മാരിൽ ആരേയും അടുപ്പിക്കുന്നില്ല. "മാതംഗലീലാ" വിശാരദനായ വെള്ളിമററം എളയയും മിടുമിടുക്കന്മാരായ പുതിയ ചില നിഷാദികളും വന്നു് നടത്തിയ ശ്രമങ്ങളും നിഷ്ഫലമായതേയുള്ളു. ആന മണ്ണിൽ ആറാടി മദോന്മത്തനായി നില്ക്കയാണ്. തളച്ചിരിക്കുന്ന താമ്രവൃക്ഷം ഇടിയും കുത്തുമേററു് ലോകപ്പിൽ [illegible] കള്ളപ്പുള്ളിയെപ്പോലെ വലഞ്ഞു് വശം കൊള്ളുന്നു.

ഗ്രാമക്കാർ ദൈതമാചാര്യനെ വരുത്താൻതന്നെ തീർച്ചയാക്കി. പതിനാറ് തണ്ടുവെച്ച ഒരോടിയിൽ രണ്ടുമൂന്നു പ്രധാനികൾ പാലയൂക്ക് പുറപ്പെട്ടു. അവർ മടങ്ങിയെത്തേണ്ട ഘട്ടമായപ്പോൾ യോഗീശ്വരനെക്കാണാനും സ്വീകരിക്കാനുംവേണ്ടി നമ്പൂരിമാർ പള്ളിപ്പുറത്തു് കല്ലാറക്കൽ ഭട്ടതിരിപ്പാട്ടിലെ ഇല്ലത്തു വന്നുകൂടി. കൂട്ടത്തിൽ വേങ്ങനാട്ട് ആഢിയായി അവിടെ പാർപ്പുറപ്പിച്ച വേറെ കുറെപ്പേരും ഇല്ലാതിരുന്നില്ല. സകലരും മുറുക്കി വട്ടമിട്ടു് വെടിപറയുകയും ഇടക്കിടെക്കടവിലേക്കു നോക്കുകയും ചെയ്തുകൊണ്ടിരുന്നു.

ആന പിണങ്ങുകയൊ എഴുന്നള്ളിപ്പു് മുടങ്ങുകയൊ ചെയ്താലും യോഗിയെ ഇങ്ങോട്ടു് കടത്താതിരിക്കയായിരുന്നു വേണ്ടതു്. അദ്ദേഹം വന്നാൽ ഈ ഗ്രാമവും കലക്കിത്തെളിക്കാതിരിക്കയില്ല. ഇവിടെ യൂദന്മാരില്ലെന്നൊരു സമാധാനം മാത്രമുണ്ടു്. വേങ്ങനാട്ട് പ്രസ്താവിച്ചു.

നമ്പൂരിക്ക യോഗിയോടും യൂദന്മാരോടും ഇത്ര വിരോധമോ? അതീതോപകാരമാത്തു് യതീശ്വരനോട്ട് ഞങ്ങൾ കൃതജ്ഞരാണ്. നാട്ടിലെ മുഖ്യ വ്യാപാരികളായ യൂദന്മാരെ അവഗണിക്കാനും കാരണം കാണുന്നില്ല പ്ലാവുങ്കൽ എതിത്തു.

പട്ടേരിപ്പാട്ടിലെ ജാമാതാവായ കുന്നംകുളത്തു പനക്കൽ പുരുഷോത്തമൻ നമ്പൂരി രണ്ടു ദിവസം മുമ്പു് ഒരു ചോരട്ടടിയന്തിരത്തിനു് വന്നിട്ടു് മടങ്ങിപ്പോയില്ല. അദ്ദേഹം പറഞ്ഞു,

യോഗി അനാദരണീയനല്ല. പാലയൂരിൽപ്പാക്കുന്ന നമ്പൂരിമാരുടെ ചരിത്രം അയൽദേശക്കാരായ ഞങ്ങൾക്ക് നല്ലവണ്ണം അറിയാം. അവിടെ ക്ഷേത്രവും ശാന്തിയും നവീകരിക്കപ്പെട്ടു. പുതിയ നിവേദ്യം ഭുജിച്ചു് കണ്ടീമുണ്ടം അഷ്ടമൻ നമ്പൂരി ആരും വിചാരിക്കാത്തവിധം വലിയ താപസനായിത്തീർന്നു. മന്ത്രവാദം പരിത്യജിച്ച കാളത്തശങ്കരൻനമ്പൂരി ദിവ്യസൂക്തങ്ങൾ പഠിച്ചു് പണ്ടത്തെക്കാൾ ഫലപ്രദമായിപ്പലതും പ്രവത്തിക്കുന്നുണ്ടു്. ഉദ്ധതചിത്തനായിരുന്ന കോട്ടക്കാവുകാരൻ വിഷ്ണുവാദ്ധ്യാനെ യോഗിയുമായുള്ള സഹവാസം ഉരുക്കിവാത്ത് പരമവിനീതനും പരമാത്മജ്ഞാനൈകനിരതനുമാക്കി. കൊടുങ്ങല്ലൂക്കുണ്ടായ ഒരു യാത്രാമദ്ധ്യേ വഞ്ചിമുങ്ങി പ്രാണാപായത്തിൽ അകപ്പെട്ട പകലോമററം ആഢ്യനു് യോഗി പണിചെയ്തുണ്ടാക്കിയ ഒരു കോലം കയ്യിലുണ്ടായിരുന്നതു് പൊങ്ങുതടിപോലെ അഭയപ്രദമായിത്തീർന്നു. സന്തതിയററ ശങ്കരപരിള്ളത്ത് വന്ധ്യയും വയോധികയുമായ ഗൃഹണി ഒരുണ്ണിയെ പ്രസവിച്ചതറിഞ്ഞ് വിസ്മയിക്കാത്തവരില്ല. കള്ളിമംഗലത്തിനു് നിധികിട്ടിയെന്നാണ് സംസാരം. നിത്യേന ധനം പെരുകിവരുന്നു. വിവിധ തരത്തിലുള്ള ഈ ദ്വിജജഗദീശ്വരാനുഗ്രഹം ആ ഗ്രാമത്തിൽ തുടന്നു് വഷിക്കപ്പെട്ടുകൊണ്ടിരിക്കയാണ്.

വേങ്ങനാട്ടിന്റേയും [illegible] വാടി.

'കയ്യിൽകിട്ടിയ കനകമുപേക്ഷിച്ചീയം കൊള്ളാനിച്ഛാ'ച്ചോണം നൈരാശ്യത്തിന്റെ ഒരു നിഴലാട്ടം നേത്രങ്ങളിലും പ്രത്യക്ഷപ്പെട്ടു.

അതാ തണ്ടുവലിക്കാരുടെ പാട്ട് കേൾക്കുന്നു. യോഗി ഒന്നിച്ചുണ്ടെന്നു് തീർച്ചതന്നെ. പട്ടേരിപ്പാട് ചെവിപ്പാർത്ത് പറഞ്ഞു. എല്ലാവരും എഴുന്നേററ [illegible] നിന്നു.

പ്രേഷിതന്റെ വേഷം ഇത്തവണ വിശേഷതരത്തിലാണ്. പിനദ്ധമായ ജടയും ഭസ്മലേപനവും നോക്കിയാൽ ബ്രഹ്മഷി; കക്ഷത്തിലിരിക്കുന്ന ഗ്രന്ഥവും കാവിവസനങ്ങളും കണ്ടാൽ ബൌദ്ധഭിക്ഷു; കയ്യിലുള്ള കോലം വീക്ഷിച്ചാൽ യേശുദേവന്റെ അന്തേവാസി.

ആചാര്യൻ ഒരാഴ്ചമുമ്പാരംഭിച്ച മൌനസമാധി അവസാനിക്കാറായപ്പോഴായിരുന്നു ക്ഷണവാഹികൾ പാലയൂരെത്തിയതു്. കരളുറപ്പുണ്ടെങ്കിൽ കനൽപ്പാത്തും തപശ്ചര്യ സുഖമാകയാൽ അദ്ദേഹം യാത്രക്ക് വിരോധം ഭാവിച്ചില്ല. സഹജമായ തന്റെ ശില്പകൌതുകം നിമിത്തം പ്രേഷിതൻ ചെറിയ ഒരു മരപ്പലക മനോധമ്മം നല്ലപോലെ പ്രയോഗിച്ചു് അമ്പലങ്ങളിൽക്കാണാറുള്ള കോലത്തിന്റെ ആകൃതിയിലാക്കി അതിന്മേൽ കമനീയമായ ഒരു സ്ളീബാചിഹ്നം കൊത്തിയുണ്ടാക്കിവെച്ചിരുന്നതാണ് പകലോമററത്തെ രക്ഷിച്ച പൊങ്ങുതടി. ദൈതമൻ അതും കയ്യിലെടുത്തുകൊണ്ടു് പുറപ്പെട്ടു. അശ്വരതൻ, പൌലോമൻ, കാളം, കള്ളിമംഗലം എന്നിവരും ഒന്നിച്ചു് ഓടികയറി. എല്ലാവരോടുംകൂടിക്കടവിലെത്തിയ അദ്ദേഹത്തെ ഗ്രാമക്കാർ സസ്നേഹം സ്വീകരിച്ചു.

പട്ടേരി പറഞ്ഞ കോട്ടക്കാവിൽ വെച്ചു് കണ്ടപ്പോൾ യതീശ്വരന്റെ വേഷം ഇതായിരുന്നില്ല. ഈ വേഷം നാട്ടിലും നാമധേയത്തിനും ഒത്തതുതന്നെ.

കാളം പ്രസ്താവിച്ചു.

"മണികളുണ്ണിയുമല്ല, പാമ്പിനെത്താൻ;
അഥമതുകൽത്തുണി, പട്ടമങ്ങുകം;
ശശികല, തലയോട്ടി രണ്ടുമേന്തും;
ഭുവനശരീരന് കിംനപ്പുവേഷമില്ല."

അശ്വരതഭദ്രന്റെ വിവാഹാനന്തരമാണ് യോഗീന്ദ്രൻ ഈ വേഷം സ്വീകരിച്ചതു്.

ആ വിവാഹത്തിനും ഈ വേഷംമാററത്തിനും തമ്മിൽ എന്തുള്ളബന്ധം? പ്ലാവുങ്കൽ ചോദിച്ചു.

വലിയ ബന്ധമുണ്ടു്. വിപക്ഷവർത്തികളായ ഈ വേങ്ങനാട്ടതെ ട്ടുള്ള നമ്പൂതിരിമാർ ആ വേളിമുതൽക്കാണ് അത്യധികം ക്ഷുബ്ധരാക്കിത്തീന്നതു്. കള്ളിമംഗലം തുടന്നു. ആചാര്യൻ ഉടനെ പ്രാതഃസ്നാനവും ഭസ്മലേപനവുംതുടങ്ങി. അധമജാതിഗൃഹങ്ങളിലേക്കുള്ള സഞ്ചാരം നിത്തിവെച്ചു. മത്സ്യമാംസങ്ങൾ ആഹരിക്കാതായി. ഗുരുപാദനെ അനുസ്മരിച്ച യജ്ഞഗണവും തദ്ദ്ശാനുഷ്ഠാനങ്ങളിൽ വിരക്തരായില്ല. ഗോഹത്യ അമ്പേ പൂണ്ണമായി വജ്ജിച്ചു.

അശ്വരതപതി തബീഥ അശ്വരതിയായി മാറി. ജാത്യാഭരണങ്ങളെല്ലാം വെടിഞ്ഞ് ശ്വശ്രുവിനെപ്പോലെ "ചിററം വളയും ചെറുതാലി"യുമണിഞ്ഞു. താമാർ, റാഫേൽ, തബീഥ എന്നിവർ "പുതപ്പും മറക്കുട"യും കൂടാതെ പുറത്തിറങ്ങാറില്ല. അവരെപ്പിന്തുടന്നു് ഗണേശരി ആദിയായ അന്തജ്ജനങ്ങൾ ഇല്ലങ്ങൾക്കുള്ളിലും വക്ഷസ്സ് ആഛാദനം ചെയ്യാൻ ശീലിച്ചുവരുന്നു.

അത്ഭുതകരമായ ഈ മാററങ്ങൾ പുരുഷന്മാരായ ഞങ്ങളേയും ഉണത്താതിരുന്നില്ല. ഇതരന്മാരെ തൊട്ടാൽക്കുളിക്കുന്ന പതിവ് എല്ലാവരും ഉപേക്ഷിച്ചു. ഇല്ലങ്ങളിൽ യഹൂദന്മാക്ക് പ്രവേശനം നൽകിത്തുടങ്ങി. ദേവാലയത്തിൽ നടക്കുന്ന ദിവ്യസഹഭോജനം മുഖേന സമുദായത്തിൽ പന്തിഭോജനം പ്രചാരത്തിലാകാനും വഴിതെളിഞ്ഞുകൊണ്ടിരിക്കുന്നു.

യോഗീന്ദ്രന്റെ ഈ വേഷാചാരപരിഷ്കാരമത്രെ മേൽപ്പറഞ്ഞ എല്ലാ മാററങ്ങൾക്കും പ്രേരണം നൽകിയതു്.

കഷ്ടം! യഹൂദസാഹോദര്യംകൊണ്ടു് നിങ്ങൾ സമ്പാദിച്ച മെച്ചം തീത്താൽ തീരാത്ത പാതിത്യം മാത്രം. വേങ്ങനാട്ട് പുഛിച്ചു.

വിഡ്ഢിത്തം പുലമ്പരുതു്. മഹാവിഷ്ണു ഒരു തവണയെങ്കിലും ഈ കേരളത്തിലാകട്ടെ നമ്പൂരിമാരുടെ വഗ്ഗത്തിലാകട്ടെ അവതരിച്ചില്ല. ദൈവകുമാരനായ യേശു ഒരു ജന്മം മാത്രമേ എടുത്തുള്ളു. അതു് പലസ്തീനായിലും യഹൂദകുലത്തിലും. ഏതുവംശമാണ് ഉൽകൃഷ്ടതരം? പൌലോമൻ ചോദിച്ചു.

ഭൂതിതപ്രവൃത്തികൾ വാദ്ധ്യാന്റെ മനോഗതിക്ക് വന്ന മാററംകണ്ടു് വിസ്മിതരായി.

നിങ്ങളുടെ ഗ്രാമം ഈയ്യാടശ്രമണന്മാരുടെ കണിയാലമന്ത്രം പൂർവ്വാചാരങ്ങൾ ഒന്നൊന്നായി ത്യജിച്ചുകൊണ്ടിരിക്കയാണെന്നു കേട്ടു. ഈ ശ്രുതി ചെവിയിൽ എത്തിയതിനാലാണ് ആചാര്യൻ സമസമാധിഃപാലും മുഴമിക്കാതെ ഉടനെ ക്ഷണം സ്വീകരിച്ചു് ഇറങ്ങിയതു്. അശ്വരഥൻ പറഞ്ഞു.

എന്തു കാരണത്താലായാലും യോഗീന്ദ്രൻ വന്നെത്തിയതിൽ ഞങ്ങൾ സംതൃപ്തരാണ്. സദ്യകാലമായി. ഇനി സംഭാഷണം ഊണുകഴിഞ്ഞിട്ടാകാം. കുളിക്കേണ്ടവർ വേഗം പൊയി കുളിച്ചുവരൂ. പട്ടേരി ആ മന്ത്രണം ചെയ്തു.

കാളം, കള്ളിമംഗലം മുതലായവർ റഞ്ചിയാത്ര ചെയ്തു് വന്നവരാണെങ്കില കാലും മുഖവും കഴുകിയതല്ലാതെ സ്നാനശുദ്ധിക്ക് ഒരുമ്പെട്ടില്ല. ഗൃഹസ്ഥൻ പുറത്തളത്തിൽ എല്ലാവരേയും രണ്ടുവരിയായി ഇരുത്തി. പാലയൂർക്കാർ പാരണക്കൂടി കൂടാതെയാണ് ഊണ് തുടങ്ങിയതു്. പ്രേഷിതൻ ഒഴക്ക് ചോറും കററ ഉപദംശവും കൊണ്ടു് ഭോജനം പൂർത്തിയാക്കി.

സദ്യ കഴിഞ്ഞു് അതിഥികളും പട്ടേരിയും പുറത്തു്വന്നപ്പോൾ തോട്ടിയും വടിയും വഹിച്ചുകൊണ്ടു് പുഷ്പദന്തന്റെ പാപ്പാന്മാർ മുററത്ത് കാത്തു് നില്പുണ്ടായിരുന്നു. അവർ അറിയിച്ചു.

ആന ചങ്ങല പൊട്ടിച്ച് പൂരപ്പാട്ട് പാടിനിന്ന ആൾക്കൂട്ടത്തിലേക്ക കടന്നു് കൊമ്പും തുമ്പിക്കയ്യുംകൊണ്ടു് ഉടനീളം ഒരു ലാത്തിച്ചാജ്ജ് നടത്തി. പലക്കും മുറിവേററു; ആരും ചത്തില്ല. ജനങ്ങൾ വിരണ്ടോടി. പുഷ്പദന്തൻ പിന്നെ ഉദ്ധം മാറിയ മട്ടിൽ അമ്പലക്കുളത്തിറങ്ങി സ്നാനതപ്പണങ്ങൾ ചെയ്തുകൊണ്ടു് നില്ക്കുന്നു. അടിയങ്ങൾ എത്ര ശ്രമിച്ചിട്ടും അടുക്കാൻ സാധിക്കുന്നില്ല.

.....o.....

(തുടരും)

ലേലപരസ്യം

മണ്ണുത്തി വെറററിനറി കോളേജിൽനിന്നും പരസ്യം ചെയ്യുന്നതു്.

ഈ കോളേജ് വക സ്ഥലത്തു് നില്ക്കുന്നതായ തെങ്ങ്, സപ്പോട്ട, പുളി, നെല്ലി, വാഴ എന്നീ ഫലവൃക്ഷങ്ങളിൽനിന്നും 1965-66 മാച്ച് അവസാനം കിട്ടാവുന്ന അനുഭവം എടുക്കുന്നതിനുള്ള അവകാശം 1965 മേയ്മാസം 20-ാം തിയ്യതി പകൽ മൂന്നുമണിക്ക് മണ്ണുത്തി ലൈവ് സ്റ്റോക്ക് ഫാറം ആഫീസ്സിൽവെച്ചു പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ താഴെ പറയുന്ന നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്.

നാളികേരം	—	25ക.
സപ്പോട്ട	—	25ക.
നെല്ലിയ്ക്ക	—	5ക.
പുളി	—	5ക.
ചെറുകായ	—	5ക.
കൊഴിഞ്ഞുവീഴുന്ന പട്ട ഓല മുതലായവ	—	15ക.

മൻ ലേലനിശ്ചയങ്ങൾ ഇതിന്നും ബാധകമാണ് കൂടുതൽ വിവരങ്ങൾ ഈ ഓഫീസ്സിലൊ ലൈവ് സ്റ്റോക്ക് ഫാറത്തിലൊ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഓഫീസ് ഓഫ് ദി പ്രിൻസിപ്പാൾ [Sd]
വെറററിനറി കോളേജ്
5-5-'65 പ്രിൻസിപ്പാൾ

GRAMS: THOPPIL Phone 884

ഇരുൾ മുതലായ എല്ലാ ഇനം തടികൾക്കും
അറുത്ത ഉരുപ്പടികൾക്കും

അന്വേഷിക്കുക:—

ട്രിച്ചൂർ ടിമ്പർ ട്രസ്റ്റ്
ആന്റ് സോമിൽസ്.

ശങ്കരയ്യർ റോഡ് (പടിഞ്ഞാറെ കോട്ട) തൃശ്ശൂർ-4.

Prop: കോടങ്കണ്ടത്തു് തോപ്പിൽ
അന്തോണി സൺസ്, മണലൂർ.

ചിരിയും ചിന്തയും

ജി

ബസ്സിൽ ഒരുമിച്ചു യാത്രചെയ്തുകൊണ്ടിരുന്നവരിൽ ഒരാൾ അടുത്തിരുന്ന മറെറാരു യാത്രക്കാരനോടു് ചോദിച്ചു:—'നിങ്ങൾ എങ്ങോട്ടാണു് പോകുന്നതു്? എനിക്കു ഇറങ്ങേണ്ടതു് കറുകുററിയിലാണ്. ആ സ്ഥലത്തു് എത്തുമ്പോൾ നിങ്ങൾ എന്നെ ഓർപ്പിക്കണം.' അപരൻ സമ്മതിച്ചു. 'നിങ്ങൾക്ക് ആ സ്ഥലം കണ്ടുപിടിക്കുന്നതിനു് ഒരു പ്രയാസവും ഉണ്ടാവുകയില്ല. അതിനടുത്ത സ്ഥലത്താണ് ഞാനിറങ്ങുന്നതു്. ഒരു പക്ഷെ, ഞാൻ മറന്നുപോയാൽതന്നെയും നിങ്ങൾ അവിടെത്തന്നെ ഇറങ്ങാം. ഞാൻ ഇറങ്ങുന്നതു് നോക്കിയിരുന്നാമതി. അവിടെനിന്നും മൂന്നു മൈൽ ഇപ്പുറത്താണ് നിങ്ങൾക്ക് ഇറങ്ങേണ്ട കൃത്യസ്ഥലം.'

X X X

മുറി പൂട്ടി, രണ്ടു താക്കോലുകളുണ്ടായിരുന്നതിൽ ഒന്നു് മുറിക്കകത്തേക്ക് ഇടുന്നതു കണ്ടുകൊണ്ടുനിന്ന കൂട്ടുകാരൻ കൃഷ്ണൻകുട്ടിയോടു് ചോദിച്ചു:—'എന്തിനാണ് ആ താക്കോൽ അകത്തേക്ക് ഇട്ടതു്?' കൃഷ്ണൻകുട്ടി പറഞ്ഞു:— 'എന്റെ ചെങ്ങാതി, എനിക്ക് അല്പം ഓമ്മക്കുറവുണ്ടു്. അതുകൊണ്ടു് ഒരു പക്ഷെ ഈ താക്കോൽ ഞാൻ മടങ്ങി വരുമ്പോൾ കൊണ്ടുപോരാൻ മറന്നുപോയാൽ, ഒന്നു് ഇവിടെ ഇരിക്കട്ടെയെന്നു വിചാരിച്ചു് ഇട്ടതാണ്.'

X X X

ഒരു നോവലെഴുത്തുകാരനും അദ്ദേഹത്തിന്റെ കൂട്ടുകാരനുംകൂടി വിദേശസഞ്ചാരം ചെയ്യുകയായിരുന്നു. പല പ്രധാനസ്ഥലങ്ങളും അവർ നടന്നുകണ്ടു. ഒരിടത്തു വന്നപ്പോൾ ഒരു കെട്ടിടത്തിന്റെ മുൻവശത്തു് പ്രസിദ്ധനായ ഒരു നോവലെഴുത്തുകാരന്റെ 'ജനനസ്ഥല'മെന്നു എഴുതിവെച്ചിരിക്കുന്നതുകണ്ടു് നെടുവീർപ്പിട്ടുകൊണ്ടു് അദ്ദേഹം തന്റെ കൂട്ടുകാരനോട്ട് പറഞ്ഞു: 'എന്റെ വീടിന്റെ മുൻവശത്തു് എന്റെ മരണശേഷം എന്തായിരിക്കും നിങ്ങൾ എഴുതിവെക്കുക?' കൂട്ടുകാരൻ പറഞ്ഞു: 'ഈ വീട് വാടകക്കുകൊടുക്കുന്നതായിരിക്കും.'

X X Z

ജഡ്ജി വിധി കല്പിച്ചു: 'ഒരു മാസം വെറുംതടവ് അല്ലെങ്കിൽ ആയിരം രൂപ പിഴ.' പ്രതി പറഞ്ഞു: 'ഞാൻ ജയിലിൽ പൊയ്ക്കൊള്ളാം.' ഇതു് കേട്ട് ജഡ്ജി അത്ഭുതപ്പെട്ടു. കാരണം, അയാളൊരു പണക്കാരനായിരുന്നു. (പ്രതി) ജഡ്ജിയുടെ മുഖഭാവം കണ്ടുകൊണ്ടു് പ്രതി പറയുകയാണ്:— 'ആയിരം രൂപ പിഴ കെട്ടുവാൻ ബുദ്ധിമുട്ടുണ്ടായിട്ടല്ല. എന്റെ ഭാര്യ ഒരു മാസത്തെ ലീവിനു് അവളുടെ വീട്ടിൽ പോയിരിക്കയാണ്. അതുകൊണ്ടു് ജയിലിൽ കഴിഞ്ഞുകൂടിയാൽ അത്രയും എളുപ്പമാണ്.

അടുക്കളപ്പണിക്ക് ആളെ കിട്ടുവാൻ ബുദ്ധിമുട്ടുള്ള കാലവും!'

X Z X

ഭാര്യ:—'അടുത്ത മാർച്ചിൽ നമ്മുടെ കുഞ്ഞോമനക്കു് ഇരുപതു വയസ്സ് തികയും. അന്നു് അവൾക്കു എന്താണ് സമ്മാനംകൊടുക്കേണ്ടതു്?'

ഭർത്താവ്:—'ഇരുപതു വയസ്സുള്ള ഒരു ചെക്കനെത്തന്നെ സമ്മാനം കൊടുക്കാം. എന്നാമതിയോ?'

ഭാര്യ:—'അപ്പോൾ നിങ്ങൾ പറയുന്നതു് നമ്മുടെ രണ്ടു പേരുടേയും വകയായിട്ടു് ഒരു സമ്മാനം മതിയെന്നാണോ?'

....o....

ജോൺ മിൽട്ടൻ

6-ാംപേജിൽനിന്നു് തുടർച്ച

ക്കുന്നു. കാരണം ദുമ്മാഗ്ഗപ്രലോഭനത്തിന്റെ അവസരമാകുമ്പോഴേക്കും സാത്താൻ വളരെയധികം അവിശ്വാസിയും ചഞ്ചലമനഃസ്ഥിതിക്കാരനും ആകുന്നുണ്ടു്. കാരണം,പുരുഷന്റെ പ്രതീകമായ ആദാമിനെ ദുമ്മാഗ്ഗപ്രലോഭനത്തിൽ ഉൾപ്പെടുത്തുവാൻ സാത്താൻ വളരെയധികം ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നുംതന്നെ ഫലവത്താകുന്നില്ലെന്ന് കാണുവാൻ സാധിക്കും. തന്നെയുമല്ല ആദാമിന്റെ വിവേചനശക്തിയിലും, ബുദ്ധിശക്തിയിലും, സ്വഭാവവിശേഷത്തിലും സാത്താൻ വളരെയധികം ഭയപ്പെടുന്നുണ്ടു്. തന്മൂലം ചഞ്ചലമനഃസ്ഥിതിക്കാരിയും സ്ത്രീയുടെ പ്രതീകവുമായ ഹവ്വായെ പാപമാഗ്ഗത്തിലേക്ക് വശീകരിക്കുവാൻ ശ്രമിക്കുന്നു. ആ ശ്രമം സാത്താൻ ഉദ്ദേശിച്ചപോലെ തന്നെ വളരെ വേഗത്തിൽതന്നെ ഫലവത്താവുകയും ചെയ്യും. ഭൌതീകലോകത്തിലെ മനുഷ്യാത്മാക്കളെ മുഴുവൻ തന്റെ വലയിലേക്കു ആകഷിക്കുവാൻ പാപത്തെയും മരണത്തെയുമാണ് സാത്താൻ കൂട്ടുപിടിക്കുന്നതു്. വളരെ തന്ത്രപരമായിതന്നെ സാത്താനും അവന്റെ കൂട്ടാളികളും സപ്പങ്ങളായി മാറുകയും സാത്താന്റെതന്നെ നേതൃത്വത്തിൽ ഹവ്വായെ പാപമാഗ്ഗത്തിലേക്ക് ആകഷിക്കുകയും ആ ശ്രമം വിജയിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഇഴജന്തുവിന്റെ ആകൃതിപൂണ്ട സാത്താന്റെ കൌടില്യവും തന്ത്രങ്ങളും വളരെയധികം ശ്രദ്ധേയമായിരിക്കുന്നു. പക്ഷെ സാത്താന്റെ ഈ കുതന്ത്രത്തെ ആത്മധൈര്യമില്ലായ്മയായിട്ടാണ് മിൽട്ടൺ വീക്ഷിക്കുന്നതു്. ദൈവത്തോടുള്ള അചഞ്ചലമായ വിശ്വാസംമൂലം സാത്താന്റെ ഈ കുതന്ത്രങ്ങളെ കവി വളരെ ശക്തിമത്തായ രീതിയിൽതന്നെ ആക്ഷേപിക്കുന്നുണ്ടു്.

ആദം

സ്റ്റോഫ്ഫോർഡ് ബ്രൂക്കിന്റെ വീക്ഷണത്തിൽ ആദാമിനാണ് കഥാപാത്രങ്ങളിൽ മുഖ്യസ്ഥാനം കൊടുക്കേണ്ടതെന്നാകുന്നു. കാരണം മനുഷ്യവംശത്തെ ആകെതന്നെ ബാധിക്കുന്ന സൃഷ്ടിയുടെതായ ഈ കഥാകഥനത്തിൽ മനുഷ്യവംശത്തെ ഒന്നാകെത്തന്നെ പ്രതിനിധീകരിക്കുന്നുണ്ടു്. ദൌർഭാഗ്യവശാൽ പരിതഃസ്ഥിതികളുടെ സമ്മർദ്ദംമൂലം ആദം പാപത്തിൽ നിപതിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വം അതുകൊണ്ടുമാത്രം അപ്രത്യക്ഷമാകുന്നില്ല. ആദാമിനെ പാപത്തിലേക്ക് ആകഷിച്ചെടുക്കുവാൻ സാധിച്ചതു് സാത്താന്റെ ഒരു വമ്പിച്ച വിജയമാകുന്നു. ആദാമിന്റെ പാപംമൂലം മനുഷ്യവംശത്തെ ആകെ നേരിടുവാനിരുന്ന ഭവിഷ്യത്തു് വിചിന്തനംചെയ്ത ദൈവം, മനുഷ്യനായിതന്നെ ഭൂമിയിൽ അവതരിക്കുകയും ആദത്തിന്റെ പാപംമൂലം മനുഷ്യവംശത്തിന്നു് നേരിടുവാനിരുന്ന ഭവിഷ്യത്തിൽ നിന്നു് സ്വയം ബലിയപ്പിച്ചുകൊണ്ടു് രക്ഷപ്പെടുത്തുന്നുണ്ടു്. ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചു എന്ന പറയുന്നതു് മിൽട്ടൺ വളരെ ശ്രദ്ധയോടുകൂടിതന്നെ ക്രിസ്തുമതപ്രമാണത്തിനു് അണുപോലും വ്യത്യാസം വരുത്താതെ ഘനഗാംഭീര്യത്തോടുകൂടിത്തന്നെ വണ്ണിക്കുന്നുണ്ടു്. ദൈവം ഏകമാണെങ്കിലും മൂന്നു് വ്യക്തികൾ അടങ്ങിയ ത്രിമൂത്തിയാകുന്നു. പിതാവു്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെയാകുന്നു ഈ ത്രിമൂത്തികൾ അറിയപ്പെടുന്നതു്. ഈ ത്രിമൂത്തികൾ എല്ലാംതന്നെ ഏകവ്യക്തിയിൽ അടങ്ങിയിരിക്കുന്നു. ഈ ഏകവ്യക്തിയിൽ അന്തർലീനമായിരിക്കുന്ന ത്രിമൂത്തികൾക്കാണ് ദൈവം എന്നു് സംജ്ഞ നല്കിയിരിക്കുന്നതു്. ക്രിസ്ത്യൻ വിശ്വാസപ്രകാരം ഈ ത്രിമൂത്തികളിൽ പുത്രനായ ദൈവമാകുന്ന മനുഷ്യപുത്രനായി ഭൂമിയിൽ അവതരിക്കുകയും ആദംമൂലം പാപത്തിൽ നിപതിച്ചതായ മനുഷ്യവംശത്തെ തന്റെ സ്വന്തം ജീവൻ ബലിയർപ്പിച്ചുകൊണ്ടു് തന്നെ വീണ്ടും രക്ഷിക്കുകയും ചെയ്യുന്നുണ്ടു്.

മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി സ്വന്തം ജീവിതം കാൽവരി മലമുകളിൽ ആഹുതിചെയ്ത മനുഷ്യപുത്രനും അതേസമയം ദൈവപുത്രനുമാകുന്ന ശ്രീയേശുക്രിസ്തു. ഈആത്മബലികൊണ്ടു് മനുഷ്യവഗ്ഗത്തെ സാത്താന്റെ കരാളമായ കരവലയത്തിൽനിന്നും പിതാവായ ദൈവത്തിന്റെ ശാപത്തിൽനിന്നും മോചിപ്പിച്ചു. തൽഫലമായി നരകത്തിൽ നിപതിക്കുമായിരുന്ന വളരെയധികം മനുഷ്യാത്മാക്കൾ സ്വഗ്ഗകവാടം പൂകുന്നതിനിടയായി. ക്രിസ്ത്യൻ തത്വസംഹിതയുടെ വീക്ഷണത്തിൽ ഈ ആത്മബലിയെന്ന പ്രക്രിയ മറെറാരു രൂപത്തിലാണെങ്കിലും ഇന്നും തുടന്നുകൊണ്ടിരിക്കുകയാണ്.

അനുകരണം

ഷേക്സ്പിയർ കൃതികളിൽ കാണുന്ന ദുഷ്ടകഥാപാത്രങ്ങളുടെ അനുകരണമാണ് മിൽട്ടന്റെ സാത്താന്റെ സൃഷ്ടിയിലും നമുക്ക് ദശിക്കുവാൻ സാധിക്കുന്നതു്.

ഷേക്സ്പിയർ കോമഡികൾക്കുള്ള മുഖവുരയിൽ എച്ച്. ബി. ചാറൽട്ടൺ ഈ വസ്തുതയിലേക്ക് നമ്മുടെ ശ്രദ്ധയെ ആകഷിക്കുന്നുണ്ടു്. 'മച്ചന്റ് ഓഫ് വെനീസി'ലെ വില്ലനായ ഷൈലോക്കിന്നും സാത്താനും തമ്മിലുള്ള താരതമ്യപഠനം ഈ വീക്ഷണത്തിൽ അത്യന്തം ശ്രദ്ധേയമാകുന്നു. യഹൂദന്മാരോട് പൊതുവെ വിദ്വേഷമുണ്ടായിരുന്നതുകൊണ്ടാണ് ഷേക്സ്പിയർ യഹൂദനായ ഷൈലോക്കിനെ ഒരു ദുഷ്ടകഥാപാത്രമായി ചിത്രീകരിച്ചിരിക്കുന്നതു്. തന്റെ ഈ നാടകരചനവഴി യഹൂദന്മാരെ താറടിച്ചു് കാണിക്കണമെന്നാണ് നാടകകൃത്ത് ഉദ്ദേശിച്ചിട്ടുള്ളതു്. തന്മൂലം ഷൈലോക്കിന്റെ സൃഷ്ടിയിലാണ് മറെറല്ലാ കഥാപാത്രങ്ങളെയുംകാൾ മച്ചന്റ് ഓഫ് വെനീസിൽ അദ്ദേഹംമുന്നിട്ടുനിൽക്കുന്നതു്. അതുപോലെതന്നെയാണ് സാത്താനെയും അവന്റെ ഗതിവിഗതികളെയും വളരെ ചട്ടലതയോടുകൂടി വണ്ണിക്കുവാൻ മിൽട്ടൺ പരിശ്രമിച്ചിട്ടുള്ളതു്. തന്മൂലം സാത്താനെ സഹൃദയലോകത്തിനുമുന്നിൽ താറടിച്ചു് കാണിക്കണമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതു്. ദൈവത്തിന്റെ മാഹാത്മ്യത്തെ വണ്ണിക്കുന്നതിലേറെ സാത്താന്റെ തന്ത്രങ്ങളെ വണ്ണിക്കുന്നതു് ഈ അടിസ്ഥാനത്തിലാകുന്നു. തന്മൂലം ഈ കവിതയിൽ ആദ്യത്തെ ഒന്നും രണ്ടും ഭാഗങ്ങളിൽ സാത്താനെ സ്പശിച്ചുള്ള കാവ്യകല്പന ഈ വീക്ഷണത്തിൽ അത്യന്തം അമൂല്യത്തായിരിക്കുന്നു. ഒരു ദുഷ്ടകഥാപാത്രമെന്ന നിലക്ക് സാത്താന്റെ സൃഷ്ടി ഷേക്സ്പിയറിന്റെ ഷൈലോക്കിനെയും യ്യാഗോവിനെയും കവച്ചുവെക്കുന്നുണ്ടെന്നു് കാണുവാൻ സാധിക്കും.

(അവസാനിച്ചു)

....

വിജയം എവിടെനിന്നു വരുന്നു?

ജോയി കാഞ്ഞിരപ്പാട്ട്

സന്ദർഭത്തിനൊത്തു് ഉയരുകയും താഴുകയും ചെയ്യണം. എങ്കിലേ വളരാനും, വലുതാകുവാനും സാധിക്കൂ.

X X X

നന്മക്കു പിറകിൽ തിന്മ; വെളിച്ചത്തോടൊന്നിച്ചു് ഇരുട്ടു്; സ്നേഹത്തിനകത്തു് വെറുപ്പു്; നന്ദിയുടെ കൂട്ടത്തിൽ പ്രതികാരം. സമ്പത്തിനുള്ളിൽ ദാരിദ്ര്യം; ആനന്ദത്തോടൊന്നിച്ചു് ദുഃഖം; ബഹുമതിയും അവമതിയും തോളോടുതോൾ ചേർന്നുപോകും. ഇതാണ് ലോകത്തിൽ സാധാരണ കാണുന്നതു്. ദുഃഖത്തിൽ ദുഃഖിക്കരുതു്. സുഖത്തിൽ നിലവിട്ടു് ആഹ്ലാദിക്കരുതു്. എന്തു സംഭവിച്ചാലും മനസ്സിന്റെ സമനില തെററിക്കരുതു്.

X X X

'ഉപദേശം ചുരുക്കമായി മാത്രമേ സ്വാഗതം ചെയ്യപ്പെടാറുള്ളു. അതേററവുമധികം ആവശ്യമുള്ളവർ, അതേററവും കുറവായി ഇഷ്ടപ്പെടുന്നു.'

— ഡോ. ജോൺസൺ

അന്യരുടെ ചിന്തകളിൽക്കൂടി കൊടുക്കണക്കായി പഠിക്കുകയും ശരിയാണെന്നു അന്യർ പറയുന്നതുകേട്ടു പറയുകയും ചെയ്യുന്നതു സാധാരണ പതിവാണ്. അതു് ഏററവും എളുപ്പമുള്ളതുമാണ്. എന്നാൽ ചിന്താശക്തിയുള്ള ഒരു മനുഷ്യൻ തന്നത്താൻ അന്വേഷിക്കുകയും ചെയ്യേണ്ട വസ്തുതകളെ വെറും വിശ്വാസംകൊണ്ടു്, സ്വീകരിക്കുകയോ ഒന്നൊഴിയാതെ അവയ്ക്കു അടിപണിയുകയോ ചെയ്യുന്നതു് എന്നെ അത്ഭുതപ്പെടുത്തുന്നു.'

— ലോക്ക്.

ആചാരം, സാഹചര്യം, പാരമ്പര്യം ഇവ മൂന്നും വിധിദേവതകളാണ്. ഈ ത്രിമൂത്തികൾ വ്യക്തിയിലും സമൂഹത്തിലും അത്യാഗാധമായി പ്രേരണാശക്തി ചെലുത്തും. മനുഷ്യൻ സ്വതന്ത്രനല്ലാതാവുന്നതങ്ങനെയാണ്.

X X X

'ഒരേ ജലം തന്നെ തിരയായിട്ടും നുരയായിട്ടും മഞ്ഞായിട്ടും മഴയായിട്ടും മഞ്ഞുകട്ടിയായിട്ടും ആവിയായിട്ടും മഹാമാരിയായിട്ടും പല രൂപങ്ങളായി ഭവിക്കുന്നു.'

സ്ത്രീകളെ പ്രത്യക്ഷത്തിലും പുരുഷന്മാരെ പരോക്ഷമായും പ്രശംസിക്കുക, വിജയം നിശ്ചയം.

X X X

'ഭർത്തൃരാജ്യത്തിലെ (ഓമ്പരുരാജ്യത്തിലെ) എതിരില്ലാത്ത ഒരു റാണിയാകുവാനാണ് ഓരോ സ്ത്രീയും ആഗ്രഹിക്കുന്നതു്.'

X X X

യഥാത്ഥസുഖം ഒരനുഭവമല്ല, മധുരമായ ഒരോമ്മയാണ്.

X X X

ഈ ലോകം മുഴുവനും ഒരു വശത്തും അമ്മയെ മറുവശത്തും വെച്ചു തൂക്കിയാൽ അമ്മക്കായിരിക്കും ഭാരം കൂടുതൽ.

X X X

നമ്മുടെ നിലനില്പിനു വേണ്ടി നമ്മൾ ഉഷാറായി സമരം ചെയ്യണം.എങ്കിലുംഅന്തസ്സുററതുംആരോഗ്യകരവുമായ മത്സരബുദ്ധിയായിരിക്കണം നമ്മേ ഭരിക്കേണ്ടതു്.

X X X

'ആത്മാത്ഥതയുടെ പരാജയവും കാപട്യത്തിന്റെ വിജയവും താൽക്കാലികം മാത്രമായിരിക്കും. തിന്മക്ക് ഒരിക്കലും ശാശ്വതവിജയം കരസ്ഥമാക്കാൻ സാദ്ധ്യമല്ല.'

X X X

നന്മയിൽ അടിയുറച്ചു് വിശ്വസിക്കുക.

X X X

ഭീഷണിയും അപവാദവും കള്ളനാണയങ്ങളാണ്. അവ വാങ്ങാതിരിക്കുക.

X X X

'താല്ക്കാലികവിജയങ്ങളിൽ അഹങ്കാരമോ താൽക്കാലികപതനങ്ങളിൽ പരിഭ്രാന്തിയോ പാടില്ല.'

X X X

ശേഷിമാൻ ശേഷിക്കുന്നു.

....o....

ഗ്രന്ഥവിഹാരം

മൂന്നു കൃതികൾ

(ടോം ജോസ്)

നാലാം നാലുവഴി

[ഗ്രന്ഥകർത്താവ്: പാറപ്പുറത്ത്
നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം
വില ക. 1-50 പുറം 114]

ഏഴു കഥകളാണിതിലുള്ളതു്. ദുഃഖത്തിന്റെ മഹാസാഗരങ്ങൾ ഉള്ളിലൊതുക്കിക്കഴിഞ്ഞുകൂടുന്ന മനുഷ്യരുടെ കഥകളാണ് ഈ കൃതിയിലൂടെ പാറപ്പുറത്തു് ചിത്രീകരിച്ചിരിക്കുന്നതു്. എങ്കിലും ഇതിലെ ഒരു കഥാപാത്രവും നിരാശയുടെ കുഴിമാടങ്ങളിൽ തല തിരുകുന്നില്ല. അതിനു ഒരേകരു കാരണമേയുള്ളു — അവരെല്ലാം ആത്മാവിൽ വിശ്വസിക്കുന്നു. ആത്മാവു കൈമോശംവന്ന വ്യക്തികൾ പെരുകിപ്പെരുകിവരുന്ന ഈ കാലഘട്ടത്തിൽ പാറപ്പുറത്തിന്റെ കഥാപാത്രങ്ങൾ സമുദായത്തിനു് ആരോഗ്യം പകർന്നുകൊടുക്കുന്ന ടോണിക്കുകളാണ്. ആധുനികകാലത്തെ മനുഷ്യജാതിയുടെ രോഗം എന്തെന്നു മനസ്സിലാക്കുകയും അതിനു മാനമായ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന പാറപ്പുറം ഈ നൂററാണ്ടിലെ ഏററവും ധീരനായ കഥയെഴുത്തുകാരനാണ്.

അടിസ്ഥാനപരമായിത്തന്നെ പാറപ്പുറം ഒരു കഥാകൃത്തുതന്നെയാണ്. പതിനാലു് കൃതികൾ ഇതിനകം അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു് — ആറു നോവലുകളും എട്ടു് ചെറുകഥാസമാഹാരങ്ങളും. കരുത്തുള്ള പ്രമേയങ്ങളും രസകരമായ, സ്വാഭാവികത കാളംതല്ലുന്ന സംഭാഷണവും ഈ കഥികന്റെ പ്രത്യേകതയാണ്. മധുരതരമായ വികാരവിചാരങ്ങൾ, തേജസ്സുള്ള ശൈലിയിൽ ആവിഷ്കരിക്കാൻ ഒരു പ്രത്യേക പാടവംതന്നെ ഈ കഥാകൃത്തിനുണ്ടു്. ഇതിലെ ഏററവും നല്ല കഥ 'അനുജത്തിയാണ്'. അതിലെ 'എസ്തേർ' എന്ന നേഴ്സിനെ മറക്കുവാൻ ഒരു വായനക്കാരനും വയ്യ. അവളുടെ വേദന മററിനില്ക്കുന്ന കലാഹൃദയത്തിന്റെ മിടിപ്പുകൾ ഒന്നാന്തരമായി ശ്രീ പാറപ്പുറം ചിത്രീകരിച്ചിരിക്കുന്നു. ജീവനും വ്യക്തിത്വവുമുള്ള 'എസ്തേർ' എന്ന യുവതിയുടെ ചുമലിൽ ത്യാഗത്തിന്റെ മരക്കുരിശു് ചാരിവച്ചിരിക്കുന്നതിന്റെ ചിത്രം എന്റെ മനസ്സാകെ നിറഞ്ഞുനില്ക്കുന്നു. 'മോഹം, ത്യാഗം' എന്ന കഥയിലെ അളിയൻ ദാമോദരന്റെ ഹൃദയത്തിൽ ജീവകാരുണ്യത്തിന്റെ ദീപശിഖ കത്തിനില്ക്കുന്നതായി കാണാം. മധുരതരമായ, പക്ഷേ പരാജയപ്പെട്ട ഒരു പ്രേമകഥയാണ് "പ്രകാശ"മെന്ന കഥയിൽ. തേനൂറുന്ന ഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്നു, അതു്. വേദനയുടെ തുള്ളികൾ, പ്രകാശത്തിന്റെ കിരണങ്ങൾ, വഞ്ചനയുടെ രശ്മികൾ, വിശുദ്ധിയുടെ കതിരുകൾ — ഇവയെല്ലാം അവിടവിടായി ഈ കഥയിൽ നിഴലിക്കുന്നു.

"നാലാം നാലുവഴി" എന്നതിൽ പട്ടാളക്കാർ തങ്ങൾക്കു കിട്ടിയ ഒരവു

(ശേഷം 7-ാംപേജിൽ

മൂന്നു വ്യാപാരസ്ഥാപനങ്ങൾ ഉൽഘാടനം ചെയ്യപ്പെട്ടു

തൃശ്ശൂർ മേ. 7

സ്ഥലം ബസ്സ്റ്റാന്റിന്നു സമീപം നിമ്മിച്ചിട്ടുള്ള ജയ്ഹിന്ദ് മാക്കററ് ബിൽഡിംഗ്സിൽ നവീന സജ്ജീകരണങ്ങളോടുകൂടി സംഗം ടെക്സ്റ്റയിൽസ് എന്ന പേരിൽ ഒരു ജൌളിവ്യാപാരം മുനിസിപ്പൽ ചെയർമാൻ ശ്രീ. സി. സി. ജേക്കബ് ഉൽഘാടനം ചെയ്തിരിക്കുന്നു.

ബോംബെ ബിരിയാണി റസ്റ്റാറന്റ്

മുനിസിപ്പൽ ബസ്സ്റ്റാന്റിന്നു സമീപത്തായി, പോസ്റ്റ് ഓഫീസ് റോഡിൽ ബോംബെ ബിരിയാണി റസ്റ്റാറന്റ് എന്ന പേരിൽ ഇന്നുമുതൽ ഒരു റസ്റ്റാറന്റ് ആരംഭിച്ചിരിക്കുന്നു.

ജനത സ്റ്റേഷനറി, ഓറിയന്റൽ സ്റ്റോറ് ഹോട്ടൽ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമസ്ഥന്മാരായ പാലത്തിങ്കൽ ബ്രദേഴ്സാണ് ഈ സ്ഥാപനത്തിന്റേയും ഉടമസ്ഥന്മാർ.

ജയാ സ്വീററ്സ് പാലസ്

ശ്രീ. എം. കെ. കുമാരന്റെ ഉടമസ്ഥതയിൽ നടക്കുന്ന ജയാ ബേക്കറിയുടെ ബ്രാഞ്ച് ചെട്ടിയങ്ങാടിയിൽനിന്നും മാററി ജയ്ഹിന്ദ് മാക്കററ് ബിൽഡിംഗ്സിൽ 'ജയാ സ്വീററ്സ് പാലസ്' എന്ന പേരിൽ തുറന്നു് പ്രവത്തനമാരംഭിച്ചിരിക്കുന്നു.

....

കേന്ദ്രജീവനക്കാരുടെ ക്ഷേമദിനം

എറണാകുളത്തെ ചടങ്ങിൽ ഗവണ്ണർ അദ്ധ്യക്ഷതവഹിക്കും

എറണാകുളം, മേ. 7

കൊച്ചി-എറണാകുളം പ്രദേശത്തെ കേന്ദ്രഗവമ്മെണ്ടു് ജീവനക്കാരുടെ ക്ഷേമദിനം മേയ് 11-ാംനു ആഘോഷിക്കപ്പെടുന്നതാണ്.

ഇതുസംബന്ധിച്ചു് സെൻട്രൽ സവ്വീസസ് വെൽഫെയർ ബോർഡിന്റെ ആഭിമുഖ്യത്തിൽ അന്നു വൈകുന്നേരം ഇവിടെ ടി. ഡി. എം ഹാളിൽ ചേരുന്ന യോഗത്തിൽ കേരള ഗവണ്ണർ ശ്രീ. എ. പി. ജെയിൻ അദ്ധ്യക്ഷതവഹിക്കും.

ബോർഡ് ഈയിടെ സംഘടിപ്പിച്ച സ്പോർട്സിൽ വിജയം നേടിയ ജീവനക്കാക്കു് ഗവണ്ണർ സമ്മാനം വിതരണം ചെയ്യുന്നതുമാണ്.

യോഗത്തിനുശേഷം വിവിധ കലാപരിപാടികളും ഉണ്ടായിരിക്കും.

....o....

അന്തിക്കാട്ട് ബ്ലോക്കിനു പുതിയപരിപാടികൾ

മണലൂർ, മെ. 7

അന്തിക്കാട്ട് ബ്ലോക്ക് ഡവലപ്പ്മെന്റ് കമ്മററി ഇന്നലെ പെരിങ്ങോട്ടുകരയിലുള്ള ബ്ലോക്കാഫീസിൽവച്ചു യോഗം ചേന്നു് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള പുതിയ പ്രവത്തന പരിപാടികൾക്കു അംഗീകാരം നൽകിയിരിക്കുന്നു. റവന്യൂ ഡിവിഷനൽ ഓഫീസർ ശ്രീ. ടി അച്യുതമേനോൻ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ശ്രീ. ആർ. വാസുക്കുട്ടി സമപ്പിച്ച പ്രവത്തനറിപ്പോർട്ടിൽ കഴിഞ്ഞവഷം കട്ടംകൃഷി പദ്ധതിയനുസരിച്ചുള്ള നെൽകൃഷി വികസനത്തിനു് 1,92,014 രൂപ കൃഷിക്കാക്ക് വായ്പയായി നൽകുകയും 2669 ഏക്കർ സ്ഥലം കട്ടംകൃഷി സമ്പ്രദായത്തിൽ കൊണ്ടുവരികയുമുണ്ടായെന്നു വെളിപ്പെടുത്തി. കഴിഞ്ഞസാമ്പത്തികവഷത്തിൽ 2,34,318 രൂപയാണ് ബ്ലോക്കിൽ ചിലവഴിച്ചിട്ടുള്ളതു്. ബ്ലോക്കാഫീസറുടെ പ്രവത്തനറിപ്പോർട്ടിനെ തുടന്നു സജീവമായ ചച്ചകൾനടന്നു.

കൃഷി, മൃഗസംരക്ഷണം, സാമൂഹ്യവിദ്യാഭ്യാസം തുടങ്ങി വിവിധ ഇനങ്ങളിൽ നടപ്പാക്കാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ അതാതു വികസന ഉദ്യോഗസ്ഥന്മാർ വിശദീകരിച്ചു. യോഗം പ്രസ്തുത പദ്ധതികൾക്കു് അംഗീകാരം നല്കി.

....o....

C.P. SPECIAL BAR SOAP
PHONE: 859
C.P. SOAP WORKS, TRICHUR.1

പൂരം!!

സ്റ്റെയിൻലസ് സ്റ്റീൽ
സമ്മാനസൊറകൾക്ക്

സ്റ്റെയിൻലസ് സ്റ്റീൽ

വെയേഴ്സ്

Round South (Phone 789) Trichur—1.

പൂരം!

സ്റ്റെയിൻലസ് സ്റ്റീൽ
പാത്രങ്ങൾക്ക്

മല്ലപ്പന്തൽ

3-ാംപേജിൽ നിന്നുതുടർച്ച

കാം. കസാലയും മേശയുമൊക്കെ വെട്ടിത്തിളങ്ങുന്നതുപോലെ തോന്നും. പട്ടു കർട്ടനും മേശവിരിയും ആരെയും ആകർഷിക്കും. 'ടേക്ക്ടിക്ക്' പാടുന്ന ഘടികാരം ഒന്നു കാണേണ്ടതു തന്നെ. റേഡിയോ, ഫാൻ തുടങ്ങിയ എല്ലാവിധ ജീവിതസൗകര്യങ്ങളുമുണ്ട്. ഈപ്പച്ചൻ ഒതറച്ച പണക്കാരനാണെന്നു ലിസ്സമ്മയ്ക്കു ബോദ്ധ്യമായി. ആ പുരയിടത്തിലേക്ക അവളുടെ ദൃഷ്ടി പാഞ്ഞു.

ജെസ്സമ്മേ! ജസ്സമ്മേ!

അലകഴിക്കുള്ളിൽ കിടന്ന തള്ളമ്മ വിളിച്ചു.

ജെസ്സി സ്നേഹപൂർവ്വം വിളികേട്ടു.

അവളുടെ തലോടലേല്ക്കാൻ കററമ്പിപ്പൂച്ച അലറി.

ജെസ്സി റേഡിയോവിൻെറ സ്വിച്ചിട്ടു. കർണ്ണാനന്ദകരമായ ഗാനം പരന്നൊഴുകി. മാമ്മിക്കുട്ടി ചായയും പലഹാരങ്ങളും മേശമേൽ നിരത്തി.

'ജെസ്സമ്മേ! ലിസ്സമ്മയെ വിളി ചായകുടിക്കാൻ.'

'എന്നെ വിളിക്കേണ്ടാ. ഞാൻ വന്നുകഴിഞ്ഞു.'

ലിസ്സമ്മ അധികാരത്തോടെ പറഞ്ഞു.

'സ്നേഹമുള്ള പെങ്കൊച്ചുങ്ങളൊന്നാ-'

മാമ്മിക്കുട്ടി ലിസ്സമ്മയെ സ്തുതിച്ചു.

'എൻറമ്മായി എനിക്കങ്ങനൊന്നുമില്ല.'

രക്തബന്ധമില്ലെങ്കിലും സ്നേഹബന്ധം അവരെ യഥാർത്ഥബന്ധുക്കളാക്കി മാററിക്കഴിഞ്ഞു. അവർ ഒരുമിച്ചിരുന്നു ചായ കുടിച്ചു.

'ഇച്ചാച്ചനെന്തിയേ. വരാൻ പറ-'

'നിങ്ങള് കുടിക്ക്. അവൻ പിന്നെ കുടിച്ചോളും.'

അടുത്തു് ഒരു കസാലയിൽ മാമ്മിക്കുട്ടിയും ഇരുന്നു. ആ സ്ത്രീക്കു് ലിസ്സമ്മയോടു് ഒത്തിരിയൊത്തിരി കാര്യങ്ങൾ ചോദിക്കാനുണ്ട്. മുറപോലെ ഓരോന്നും ചോദിച്ചു.

അവരും യഥായോഗ്യം ഓരോന്നിനും മറുപടി കൊടുത്തു. ഓമനയെപ്പററി പറഞ്ഞപ്പോൾ അവളുടെ മുഖത്തു കരിനിഴൽ പാഞ്ഞുകയറുന്നതുപോലെ തോന്നി.

'അമ്മച്ചി മരിച്ചിട്ട് എത്ര വർഷമായി?'

'പത്തു വർഷം'

'അപ്പച്ചനെന്നാ ജോലി?'

'കൃഷി'

കാപ്പികുടി കഴിയാറായപ്പോഴേയ്ക്കും പാപ്പച്ചൻ കയറിച്ചെന്നു. അമ്മയുടെ അടുത്തു് ഒരു കസാലയിൽ അവൻ ഇരുന്നു.

'ഇച്ചാച്ചാ! എടുത്തുതിന്നു്-'

'പെമ്പിള്ളേരെടെ ഉച്ഛിഷ്ടമല്ലേ, ആമ്പിള്ളേരു് തിന്നുന്നതു്.'

'ഈ ഇച്ചാച്ചനൊന്നുമറിയാമേലാ-പെണ്ണുങ്ങള് തിന്നാതെ ആണുങ്ങൾക്ക തരത്തില്ല. അറിയാമോ?'

'ലിസ്സമ്മേ! ഇവർ ആണുങ്ങളും പെണ്ണുങ്ങളും തമ്മിൽ ഇങ്ങനെയൊക്കെ പറയും. എപ്പഴും നേരംപോക്ക പറച്ചിലാ.'

'അതു നല്ലതാ അമ്മായി'

'ലിസ്സമ്മ അമ്മച്ചിയെ അമ്മായീന്നാണോ വിളിക്കുന്നതു്?'

പാപ്പച്ചൻ അത്ഭുതത്തോടെ ചോദിച്ചു.

'പിന്നെന്നാ ചേടത്തീന്നു വിളിക്കണോ?'

ജെസി ഏററുമുട്ടി. ലിസ്സമ്മക്കു നാണംതോന്നി. പാപ്പച്ചനോടു് എന്താണു സമാധാനം പറയേണ്ടതു്?

അവൻ പാത്രത്തിൽനിന്നു് ഒരു കഷണം അലുവാ എടുത്തു.

'നാണമില്ലാത്ത ഇച്ചാച്ചൻ'

അവൻ മട്ടത്തില്ല. ഓരോന്നുമെടുത്തു തെരുതെരെ വായിലാക്കി.

'ലിസ്സമ്മേ! ഇച്ചാച്ചൻ വയറനാ....വയറൻ'

'ഒത്തതാ ലിസ്സമ്മേ! ജെസ്സമ്മ വീട്ടിൽവെച്ച് എടങ്ങഴി അരിയുടെ ചോറുണ്ണും.'

'അങ്ങനാണോ?'

'കപ്പയാണെങ്കിൽ അരത്തുലാൻ'

ആക്ഷേപമാക്കും പരിഭവം തോന്നിയില്ല. നേരംപോക്കു വാരിവിതറിക്കൊണ്ടു് അവർ മൃഷ്ടാന്നമായി ഭക്ഷിച്ചു. കാപ്പികുടിക്കുശേഷം ആ സ്ത്രീകൾ മൂവരും അടുത്തടുത്തിരുന്നു വർത്തമാനമാരംഭിച്ചു. പാപ്പച്ചൻ പത്രമെടുത്തുകൊണ്ടു് വരാന്തയിലേക്കു നടന്നു.

മാമ്മിക്കുട്ടി ആറേഴുവർഷങ്ങൾക്കുമുമ്പ് കായൽപ്പുറം പള്ളിയിൽ പെരുന്നാൾ കൂടാൻ പോയ കഥ സന്ദർഭവശാൽ പറയുകയുണ്ടായി. പള്ളിയിൽവെച്ചു് മാമ്മിക്കുട്ടിക്കു് ബോധക്കേടുണ്ടായി. കുറേപ്പേർകൂടി അവരെ താങ്ങിപ്പിടിച്ചു അടുത്തൊരു വീട്ടിൽ കൊണ്ടുപോയി കിടത്തി. അവരുടെ പരിചരണത്തെപ്പററിയുള്ള സ്മരണ ഇന്നും ആ സ്ത്രീക്കുണ്ട്.

ലിസ്സമ്മയ്ക്കൊരു സംശയം. അവൾ ചോദിച്ചു.

'പള്ളിയുടെ പടിഞ്ഞാറു വശത്തുകൂടി ഒഴുകുന്ന തോടിൻെറ അരികിലുള്ള ഒരു വീട്ടിലല്ലേ?'

'അതേ-തൊമ്മാച്ചനെന്നാ വീട്ടുകാരൻെറ പേരു്.'

'അപ്പു് എൻെറമ്മച്ചിയുടെ മൂത്ത ആങ്ങളയാ. എൻെറ കാരണോൻ. അന്നു് ഞാനും പെരുന്നാളു കൂടാൻ വന്നിട്ടുണ്ടായിരുന്നു. ഞാനാ അമ്മായിക്കു കാപ്പി അനത്തിത്തന്നതു്.'

'ജെസ്സമ്മേ! നീയിതു കേട്ടോടീ..'

'ഇപ്പം നിങ്ങളു തമ്മിൽ ഒന്നായി.'

ഈപ്പച്ചൻ അങ്ങോട്ടു കയറിച്ചെന്നു. മൂവരും എണീററു.

'അവിടെയിരുന്നോ-'

ഈപ്പൻ കസാലയിലും സ്ത്രീകൾ പായിലും ഇരുന്നു. സംഭാഷണം തുടർന്നു. ആ കുടുംബനാഥൻ വീട്ടുകാര്യങ്ങളെക്കുറിച്ചും നാട്ടുകാര്യങ്ങളെ സംബന്ധിച്ചും ലിസ്സിമ്മയോടു് ചോദിച്ചറിഞ്ഞു.

സ്നേഹഭാജനമായ ലിസ്സമ്മയെയും വിളിച്ചുകൊണ്ടു് ജെസ്സി പുരയിടത്തിലേക്കു നടന്നു; വിളവുകൾ കാണിക്കാൻ. കാച്ചിലും ചേനയും ചേമ്പുകിഴങ്ങും എല്ലാംതഴച്ചു വളരുന്നു. ഏത്തക്കുലകൾ വെട്ടാറായി നില്ക്കുന്നു. പവിഴമണികളണിഞ്ഞ കുരുമുളകുചെടികൾ എവിടെ നോക്കിയാലും കാണാം. ഒന്നാന്തരം തൈത്തെങ്ങുകൾ കുലച്ചുകുടി തുടങ്ങിയതേയുള്ളൂ. പ്രകൃതിയുടെ അനുഗ്രഹമേററ പുരയിടം.

'ലിസ്സമ്മേ! പ്രകൃതി എങ്ങിനെയിരിക്കുന്നു?'

'രമണീയമായ പ്രകൃതി'

ഒരു ഫർലോങ്ങു കിഴക്കോട്ടു നടന്നാൽ ഒരുപാറക്കെട്ടുകാണാം. കരിംഭൂതത്തെപ്പോലെ നില്ക്കുന്ന പാറ. അയൽവാട്ടുകാരായ ചെറുപ്പക്കാർ അവിടെയെങ്ങാനും ചെന്നാൽ പാറപ്പുറത്തു കയറാതെ തിരിച്ചു പോകയില്ല. അവിടെനിന്നുനോക്കിയാലത്തെകാഴ്ച ഹൃദയാവർജ്ജകമാണു്. നീലിമപൂണ്ടു നിശ്ചലമായി നില്ക്കുന്ന കാനനഭംഗി കാണാൻ ലിസ്സിമ്മയുടെ ഹൃദയം ആർത്തിയോടെ കാത്തിരിക്കുകയാണു്.

അവർ ആ കരിംപാറയുടെ സമീപത്തേയ്ക്കു നടന്നു. കാട്ടുവള്ളികളിൽ കുരുങ്ങിക്കിടന്നു വിലപിക്കുന്ന ഒരാട്ടിൻകുട്ടിയുടെ മരണവെപ്രാളം ജെസ്സികണ്ടു. അവൾ ഓടിച്ചെന്നു് അതിനെ രക്ഷിച്ചു. മുൾപ്പടർപ്പിൽ വീണു വിങ്ങിക്കരയുന്ന കുഞ്ഞിനെ വാരിയെടുത്തുമാറോടുചേർത്തു ആലിംഗനം ചെയ്യുന്നതുപോലെ ജെസ്സി ആ കുഞ്ഞാടിനെയുംകൊണ്ടു് വീട്ടിലേയ്ക്കു നടന്നു. ലിസ്സമ്മ ഏകാകിയായി അവിടെനിന്നു. വഴിവക്കത്തുനിന്ന കാട്ടുപൂവിൻെറ സൗരഭ്യം അവളെ വല്ലാതെ ആകർഷിച്ചു. ആ സ്നേഹറാണി അടുത്തുചെന്നു് വിടർന്നു നില്ക്കുന്ന പുഷ്പത്തെ തലോടി.

കൃഷികൾ സന്ദർശിച്ചശേഷം യാദൃച്ഛികമായി പാപ്പച്ചനും അവിടെയെത്തി. വിടർന്നുനില്ക്കുന്ന കാട്ടുപൂവിനോടു് കഥ പറയുന്ന സുന്ദരി....പുളകംകൊള്ളിക്കുന്ന മന്ദമാരുതൻ സ്വർണ്ണനിറമുള്ള സായംസന്ധ്യ.

'ലിസ്സമ്മേ!'

അവൾ തിരിഞ്ഞുനോക്കി.

'എന്തോ'

'ഒററയ്ക്കു്....'

'ജെസ്സമ്മ ഇപ്പോൾ വരും.'

അവൻ അടുത്തു ചെന്നു. ആ കാട്ടുപൂവിൻെറ ഞെട്ടിൽ അവൻ മൃദുലമായി പിടിച്ചു.

'അതു പറിക്കരുതു്'

'ഞാൻ നിർദ്ദയനല്ല'

'അതെനിക്കറിയാം'

'മിടുമിടുക്കി'

ലിസ്സമ്മേ! നീ....അതു പൂർത്തിയാക്കാൻ സാധിച്ചില്ല.

'പറയൂ പാപ്പച്ചാ-'

'ജെസിയും ലിസ്സമ്മയും തമ്മിലുള്ള സ്നേഹം ഒരിക്കലും നശിപ്പിക്കരുതു്.'

'അതു തന്നെയാണു് എൻെറയും ആഗ്രഹവും.'

'പിന്നീടു്....'

'പറയൂ പാപ്പച്ചാ-'

അവൾ അവൻെറ കണ്ണുകളിലേക്കു നോക്കി ആ സ്നേഹഗായകൻെറ കവിൾത്തടങ്ങളിൽ നുണക്കുഴി രൂപംപൂണ്ടു. അവളുടെ ആത്മാവിൻെറ ശിരസ്സിൽ സ്നേഹത്തിൻെറ പൊൻകിരീടം തിളങ്ങി. മറക്കാനാവാത്ത നിമിഷങ്ങൾ....! അടുത്തുനില്ക്കുന്ന പാലയുടെ കൊമ്പിൽ രണ്ടു കിളികൾ. അവർ ആലപിക്കുന്ന അനുരാഗഗീതം അനന്തമായ അന്തരീക്ഷത്തിൽ അലിഞ്ഞുചേരുകയാണു്. അതിൻെറ മാധുര്യം ശ്രവിച്ച പാപ്പച്ചനും ലിസ്സമ്മയും മധുരമായി മന്ദഹസിച്ചു. പൊട്ടാത്ത പൊന്നിൻനൂലുകൊണ്ടു ആ ഹൃദയങ്ങളെ തമ്മിൽ ബന്ധിക്കുകയാണു് പ്രകൃതിയുടെ സ്നേഹരാജൻ.

'ലിസ്സമ്മേ! നാളെ നമുക്കു അരുവികാണാൻ പോകണം.'

'ഞാനുംവരുന്നു.'

'സൗകര്യപ്പെട്ടാൽ തേക്കടിക്കും പോകണം'

'തേക്കടിക്കു ക്രിസ്തുമസ്സു് അവധിക്കു മതി-'

'ശരി; എന്നാൽ അങ്ങനെ തന്നെ'

ജെസ്സി ആട്ടിൻകുട്ടിയെപ്പോലെ തുള്ളിച്ചാടി ഓടിവരുന്നതു ലിസ്സമ്മ കണ്ടു.

'ലിസ്സമ്മേ-'

ജെസ്സി വിളിച്ചു.

'എന്തോ-ഞാനിവിടെ നില്പുണ്ടു്.'

അവൾ അടുത്തുചെന്നു.

'ലിസ്സമ്മയെ ഒററയ്ക്കാക്കിയിട്ടു നീ എവിടെ പോയി?'

പാപ്പച്ചൻ ചോദിച്ചു.

'ഒററയ്ക്കല്ലായിരുന്നല്ലോ?'

ജെസി മട്ടത്തില്ല.

'താമസിക്കരുതു്. സന്ധ്യക്കു മുന്നേ വരണം.'

'ഞങ്ങൾ ആറരയാകുമ്പോൾ വരാം.'

അവർ തോളോടുതോൾ ചേർന്നു പാറയുടെ സമീപത്തേക്കു നടന്നു. പാപ്പച്ചൻ വീട്ടിലേക്കും. ബാലാനിലൻെറ ഒഴുക്കിൽപ്പെട്ടു നീങ്ങുന്ന ഇരട്ടപ്പൂക്കളെ കണ്ടു് കാട്ടുചോല പൊട്ടിച്ചിരിച്ചു.

....o....

ജോൺ മിൽട്ടൻ

നഷ്ടപ്പെട്ട പറദീസ

മിൽട്ടൻെറ സാത്താനു മരണമില്ല

കെ. ഡി. പോളി

ഒരു ദുഷ്ട കഥാപാത്രമെന്ന നിലയ്ക്കു് മിൽട്ടൻെറ സാത്താനെ വെല്ലുവിളിക്കുവാൻ തക്ക വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ ഷേക്സ്പീയർക്കുപോലുമില്ല.

സാത്താൻ അധിവസിക്കുന്ന നരകം മിൽട്ടൻെറ മഹോന്നതമായ കാവ്യകല്പനയിൽ രൂപംകൊണ്ടതായതുകൊണ്ടു് വളരെയധികം രസാവഹവും അതേസമയം വൈചിത്ര്യവുമായിട്ടാണു് അനുവാചകനു അനുഭവപ്പെടുക. കാരണം ക്രൈസ്തവ തത്വശാസ്ത്രത്തിൽ അനുഭവപ്പെടുന്ന നരകസൃഷ്ടിയും മിൽട്ടൻെറ കാവ്യകല്പനയിൽ രൂപംകൊണ്ടിരിക്കുന്ന നരകസൃഷ്ടിയും തമ്മിൽ വളരെയധികം അന്തരമുണ്ടു്.

നരകം

നാം ഒരു വൃത്തം വരക്കുകയാണെങ്കിൽ അതിൻെറ കോൺവെക്സ് കർവിൻെറ സ്ഥാനത്ത് സ്വർഗ്ഗവും അടിവശം നരകത്തിൻെറ സ്ഥാനവുമായിട്ട നമുക്കു് കണക്കാക്കാം. മുമ്പു് സൂചിപ്പിച്ചിട്ടുള്ളതുപോലെ വിവിധ ലോഹങ്ങൾക്കൊണ്ടുള്ള ലോഹഭിത്തികൾകൊണ്ടാണു് നരകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ഈ ഭിത്തികൾകൊണ്ടു് രൂപംകൊണ്ടിരിക്കുന്ന നരകത്തിൻെറ മദ്ധ്യത്തിലായി ഉരുകിയൊലിക്കുന്ന അഗ്നിയാണുള്ളതു്. ഈ ഉരുകിയൊലിക്കുന്ന അഗ്നിയുമായി ബന്ധപ്പെട്ടുകൊണ്ടാണു് ലേത്ത് എന്ന മറവിയുടെ സങ്കല്പനദിയൊഴുകുന്നതു്.

ഈ നദിയാകട്ടെ ശ്മശാനഭൂമിക്കും മനുഷ്യർ അധിവസിക്കുന്ന ഭൗതികലോകത്തിനും മദ്ധ്യത്തിലായിട്ടാണു് ഒഴുകുന്നതു്. ശ്മശാനലോകം തരണംചെയ്തു വരുന്ന മനുഷ്യാത്മാവു് ലേത്ത് നദിയിലെ ജലം പാനം ചെയ്യുന്നതോടുകൂടി ഭൗതികജീവിതത്തിലെ അനുഭവങ്ങൾ എല്ലാം വിസ്മരിക്കപ്പെടുന്നു എന്നു് മാത്രമല്ല ഭൗതിക ജീവിതവുമായിട്ടുണ്ടായിരുന്ന ആ മനുഷ്യാത്മാവിൻെറ എല്ലാ ബന്ധങ്ങളും ഛേദിക്കപ്പെടുന്നു. ഗ്രീക്കു സങ്കല്പകഥകളും ക്രൈസ്തവ സങ്കല്പകഥകളുമാണു് ഇത്തരത്തിലുള്ള സങ്കല്പകഥകൾ കെട്ടിച്ചമക്കുവാൻ മിൽട്ടനെ പ്രേരിപ്പിച്ച വസ്തുതകൾ. 'ലേത്ത്' നദിക്കു് പുറമേ 'ആക്കറോൺ', 'ഫ്ലെഗത്തോൺ', 'കോകിട്ടസ്' 'സ്റ്റൈക്സ്' എന്നീ നദികളും നരകലോകവുമായി ബന്ധം പുലർത്തുന്നുണ്ടു്. ഈ നദികളിൽ വെച്ച് ലേത്ത് നദിക്കാണു് പ്രാധാന്യമുള്ളതു്.

നരകാഗ്നിയെ സ്പർശിച്ചുള്ള വർണ്ണനകളും വൈചിത്ര്യമാർന്നവയാകുന്നു. കാരണം അദ്ദേഹത്തിൻെറ ഭാവനയിൽ നെരിപ്പോടുകത്തുന്ന നരകാഗ്നിക്കു് മററ അഗ്നിയെപ്പോലെ ചുവപ്പുനിറമല്ല ഉള്ളതു്. പ്രത്യുത ചാരനിറമാണു് എന്നുള്ളതാണു് ആ പ്രത്യേകത. ആത്മാവിൽ അന്തർലീനമായിരിക്കുന്ന ഇരുണ്ട വശങ്ങളെ തുറന്നു് കാണിക്കുന്നതിനുള്ള ശക്തിയും ഈ നരകാഗ്നിക്കുണ്ടു്.

സാത്താൻ

സാത്താൻെറ ഗതിവിഗതികളെ വർണ്ണിക്കുന്നതിലും മിൽട്ടൻെറ കാവ്യകല്പന വളരെയധികം വിജയിച്ചിട്ടുണ്ടു്. സാത്താൻെറ ഗതിവിഗതികളെ വർണ്ണോജ്ജ്വലമായി അവതരിപ്പിച്ചിരിക്കുന്ന വീക്ഷിക്കുന്ന അനുവാചകൻ മിൽട്ടൺ സാത്താൻ പക്ഷപാതിയാണെന്നു് ഒരു പക്ഷേ കരുതുന്നുവെങ്കിൽ അതിൽ ഒട്ടും തന്നെ അപാകതയില്ല.

ഈ കവിതയുടെ ആദ്യത്തെ രണ്ടുഭാഗങ്ങളിൽ സാത്താൻെറ ഗതിവിഗതികളെ വളരെ തന്മയത്വമായി വർണ്ണിക്കുവാനാണു് അദ്ദേഹം തൻെറ തൂലിക ചലിപ്പിച്ചിട്ടുള്ളതു്, ഒരുപക്ഷേ ആദ്യത്തെ രണ്ടു് ഭാഗങ്ങൾ പാരായണംചെയ്യുന്ന അനുവാചകൻ സാത്താനാണോ ഇതിലെ കഥാനായകൻ എന്നുപോലും സംശയിക്കുവാൻ ഇടയുണ്ടു്. പക്ഷേ കവിതയുടെ അവസാനഘട്ടങ്ങളിലേക്കു് പ്രവേശിക്കുന്നതോടുകൂടി സാത്താൻ കഥാവശേഷനാകുന്നതു് കാണുവാൻ സാധിക്കും. പിന്നെ ആരാണു് യഥാർത്ഥ കഥാനായകൻ എന്നുള്ള ചോദ്യത്തിനു തൃപ്തികരമായി ഉത്തരം നല്കുവാൻ സാധിക്കാത്ത അവസ്ഥയിലാണു് ഈ കാവ്യസൃഷ്ടിയുടെ രചനാതന്ത്രപരമായി നിർവ്വഹിച്ചിരിക്കുന്നതു്. തീർച്ചയായും സാത്താനല്ല ഇതിലെ കേന്ദ്രബിന്ദു എന്നുള്ളതു് നിർവ്വിവാദമാ...

[ശേഷം 4-ാം പേജിൽ]

Telegram: "PARROT" Phone Nos { Res & Mill: 316 | Shop 995 P P.

LAKSHMI OIL MILL

(Prop. M. SUNDARAM CHETTIAR)

PUNKUNNAM — TRICHUR-2.



തഴക്കവും പഴക്കവുമെന്ന വിദഗ്ദ്ധന്മാരാൽ തയ്യാർചെയ്യപ്പെടുന്ന

പരിശുദ്ധമായ

"തത്തമാക്കു്"

നല്ലെണ്ണ

കുറഞ്ഞവിലക്കു് വില്പന നടത്തി വരുന്നു. പൊതുജനസൗകര്യാർത്ഥം 1/4 ടിൻ (4 Kg.) 1/8 ടിൻ (2 Kg) 2 നാഴി (640 ML.) 1 നാഴി (350 ML) എന്നീ വിവിധ വലിപ്പത്തിൽ സീൽ ചെയ്തിട്ടുള്ളതു്.

പൂങ്കുന്നത്തുള്ള മില്ലിലും പുത്തൻപള്ളി റോഡിലുള്ള ഡിപ്പോവിൽനിന്നും മൊത്തമായും ചില്ലറയായും ലഭിക്കുന്നതാണു്.

N. B. സന്ദർശിക്കുക. തൃശ്ശൂർ എക്സിബിഷൻ സ്റ്റാൾ നമ്പർ 66.

Phone : 436

PALLAN A. ANTONY

CHEMIST & DRUGGIST

P. O. Road :: TRICHUR-1

ചന്ദ്രിക

ഔഷധ സോപ്പു്

സൗന്ദര്യത്തെ വർദ്ധിപ്പിക്കുകയും,

ചർമ്മരോഗങ്ങളെ

ഇല്ലാതാക്കുകയും

ചെയ്യുന്നു

കമലവിലാസ്

വാസന സാധനങ്ങൾ

ചാന്തു്, കുങ്കുമപ്പെട്ടു്, കൺമഷി, ചന്ദനപ്പൊടി, ചന്ദനവില്ല, ചുണ്ണാമ്പു്, ദശാംഗം, ആനന്ദകുസുമം എന്ന വാസനപ്പുകയിലക്കുള്ള സുഗന്ധതൈലം മുതലായവ.

1965 തൃശ്ശൂർ പൂരം എക്സിബിഷനിൽ ഞങ്ങളുടെ സ്റ്റാൾനമ്പ്ര് 57

വി. എ അയ്യർ, കമലവിലാസ് പരിമളതൊഴിൽശാല, തൃശ്ശൂർ

Phone : 118

ഫോട്ടോ സംബന്ധമായ ആവശ്യങ്ങൾക്കു്

ഒരു വിശ്വസ്ത സ്ഥാപനം

സന്ദർശിക്കുക:—

ജോയി സ്റ്റുഡിയോ

ഹൈറോഡു് :: തൃശ്ശൂർ

ESTD 1944
TEL: "CIARYEM"
POST BOX No 47

PHONE { TRADING SECT. 314 | MANAGER RES. 314 A | FACTORY 112

THE COMMERCIAL RICE MILL

KOKKALAI, TRICHUR.

Manufacturers of:

Black gram flour, Cattle food, Gingelly oil, etc.

നാലു നെന്മണി കൂടുതൽ വിളയുമ്പോൾ എട്ടു വായ് കൂടുതൽ പിറന്നാലോ?

കുതിച്ചുകയറുന്ന ജനപ്പെരുപ്പം

നാം പാടുപെട്ടു നേടുന്ന സമൃദ്ധിയെ നിഷ്പ്രഭമാക്കുന്നു

അനിയന്ത്രിതമായ ജനസംഖ്യാവർദ്ധനവു് സാമ്പത്തികാസൂത്രണത്തിൻെറ

ഒന്നാം നമ്പർ ശത്രു

അതിനാൽ

വയലുകളിലും കരകളിലും നിന്നു് കൂടുതൽ വിളവു്, തൊഴിൽശാലകളിൽനിന്നു് കൂടുതൽ ഉല്പന്നങ്ങൾ

കടലിലും കായലിലുംനിന്നു് കൂടുതൽ മത്സ്യം,

ആസൂത്രിതമായ കുടുംബജീവിതം

വികസനത്തിലൂടെ രാഷ്ട്ര ഭദ്രത

പി. ആർ. ഡി

പൂരം!! പുതുമയുള്ള ജൌളിതരങ്ങളുടെ പൂരം

★ കല്യാണസാരികൾ — കസവുകവണികൾ

★ സാംസൺസ് റെഡിമെയ്ഡ് ഡ്രസ്സുകൾ

— എന്നിവകൾക്കും മറെറല്ലാ തുണിത്തരങ്ങൾക്കും —

പോൾ ലാസർ ആട്ടോക്കാരൻ

റൌണ്ടു് സൌത്തു് :: തൃശ്ശൂർ

തൊഴിലാളി - തൃശ്ശൂർ പൂരം സപ്ലിമെൻറ്

തൃശ്ശൂർ പൂരം

തൃശ്ശൂർ പട്ടണത്തിനു ചുറ്റുമുള്ള ഒമ്പതു് ഹൈന്ദവദേവാലയങ്ങളിലെ ഉത്സവാഘോഷങ്ങളുടെ സംയുക്ത പരിപാടിയാണു് പൂരം

ഹിന്ദുക്കളുടെ മറ്റുത്സവങ്ങളിലെ ഒരാഘോഷമാണു് ഈ പൂരമെങ്കിലും, തൃശ്ശൂർക്കാർ അതു അങ്ങനെയല്ല കണക്കാക്കിപ്പോരുന്നതു്. തൃശ്ശൂരിലെ നാന ജാതി മതസ്ഥരുടേയും കൂടിയുള്ള ഒരു ദേശീയാഘോഷമാണതു.

ചരിത്രപ്രസിദ്ധമായ ഒരു പട്ടണമാണു് തൃശ്ശൂർ. ഇന്നത്തെ കേരളത്തിൻറെ സാംസ്കാരിക തലസ്ഥാനം എന്നു പോലും പറയപ്പെടുന്നതു്. തന്നെയുമല്ല കേരളത്തിൻറെ തലസ്ഥാനം തിരുവനന്തപുരത്തുനിന്നും മാറിയതു മുതൽക്കു തന്നെ 'കാര്യ' കേന്ദ്രമെന്നുള്ള കീർത്തിയും ഇതിനുണ്ടു്. ആ ശബ്ദം ഒരു കൊച്ചു കാര്യമായി ധ്വനിപ്പിച്ചാൽ നാമുദ്ദേശിക്കുന്ന തൃശ്ശൂരിൻറെ സ്ഥാനം എത്രമാണെന്നു് മുൻകൂട്ടി പറയുകയുമായല്ലോ. എന്തായാലും കലാപരമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും തൃശ്ശൂരിനുള്ള മഹിമ എപ്പോഴും അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ അധികമാരും തൃശ്ശൂരിൻറെ അതിരുകളെക്കുറിച്ചു് അത്ര ബോധമില്ല. തൃശ്ശൂരിൻറെ പ്രതിഭാവാസ്തവത്തിൽ കെടിപിടിച്ചുനിൽക്കുന്നതു് വാണിജ്യത്തിലാണു്. സമ്പന്നന്മാരായ കച്ചവടപ്രമാണികളാണു് തൃശ്ശൂരിൻറെ സിരാകേന്ദ്രത്തിൽ കാലാപ്പിച്ചുനിൽക്കുന്നതു്. കേരളത്തിലെ മറേറതു പട്ടണത്തിലുള്ളതിനേക്കാളും കച്ചവടപ്പുരം ഉള്ളതു് തൃശ്ശൂരാണെന്നു് സമീപകാലത്തു് ഫാദർ വടക്കൻ തേക്കിൻകാട്ടിൽ കൂടിയ ഒരു പൊതുയോഗത്തിൽവെച്ചു് പ്രഖ്യാപിച്ചതും അതുകൊണ്ടാണു്. ബിസ്സിനസ്സിൽമാത്രം സ്പർശിക്കുന്ന രാഷ്ട്രീയമല്ലാതെ മാതൃകയും, ഇന്നുവരെയായിട്ടും തൃശ്ശൂരിനു് സ്വഭാവനചെയ്യുവാൻ സാധിച്ചിട്ടുള്ള. (പ്രൊ. മങ്ങാട്ടു രാജഗോപാലമേനോൻ എ. ആർ. മേനോനും ഇതിനു് അപവാദങ്ങളാണു്.) കേരളത്തിൻറെ ഭരണയന്ത്രത്തിനു് 'കൊഴുപ്പു' നല്കുവാൻ തൃശ്ശൂർക്കാർ ശ്രമിക്കുമ്പോൾ, കോട്ടയത്തിൻറെ സഹ്യവാസന ഭരണചക്രത്തെ അവരുടെ ഇഷ്ടത്തിനു തിരിച്ചുകൊടുക്കുന്നു. എന്തായാലും വാണിജ്യത്തിലും സാമ്പത്തികനിലയിലും അതിനോടനുബന്ധിച്ചു് മറെറല്ലാ കാര്യങ്ങളിലും മറെറല്ലാ പട്ടണങ്ങളേയും പിന്നിലാക്കുവാൻ തൃശ്ശൂർപട്ടണത്തിനു് സാധിച്ചിരിക്കുന്നു.

പൂരത്തെപ്പററി

തൃശ്ശൂർപൂരം ആരംഭിച്ചതെന്നാണു പറയുക എളുപ്പമല്ല. പരിതൃപരമായ തെളിവുകൾ വേണ്ടതുപോലില്ലെന്നു സാരം. പക്ഷേ പൂരം തികച്ചുമൊരു ദേശീയോത്സവമാണു്. സാമ്പത്തികവും സാമൂഹ്യവുമായ മണ്ഡലങ്ങളിലൂടെ 'പൂര'ത്തിൻറെ തായ്വേരുകൾ ആഴത്തിൽ പാഞ്ഞുകയറിയിട്ടുണ്ടു്. ലക്ഷക്കണക്കിനാളുകളുടെ കച്ചവടം അന്നു് തൃശ്ശൂർപട്ടണത്തിൽ നടക്കും; മന്ത്രാന്തരം കലാപരിപാടികൾക്കും അന്നു് പട്ടണത്തിൽ ഉണർവും, ഗജവീരന്മാരുടെ എഴുന്നള്ളിപ്പു്, പൈതൃകമേളം, പഞ്ചവാദ്യം, കരിമരുന്നുപ്രയോഗം എന്നിവമൂലം ജനഹൃദയത്തിൽ തുടികൊണ്ടുള്ള ആനന്ദം വർണ്ണനാതീതമാണു്. രാജാക്കന്മാർ രാജ്യം നടത്തിയിരുന്ന കാലത്തു് ശക്തനും ആനയും നമുടെ കൗടുംബിക ചിഹ്നങ്ങളായിരുന്നവല്ലോ. പൂരത്തോടു് അനുബന്ധിച്ചു് ശംഖനാദം ശ്രീ വടക്കുനാഥൻ ക്ഷേത്രത്തിൽനിന്നു് ഉയരുകയും നൊറിപ്പുകൊട്ടിമുത്തുക്കുടയും പൂടി തേക്കിൻക്കാട്ടിലൂടെ നീങ്ങുന്ന ആനകളുടെ മണിയൊച്ചകളും ഉയരുകയും ചെയ്യുമ്പോൾ ഒരു പ്രത്യേക അന്തരീക്ഷം തൃശ്ശൂർ പട്ടണത്തിൽ ഉണ്ടാകും.

സംയുക്ത പരിപാടി

പൊതു ക്ഷേത്രങ്ങളിലെ ഉത്സവാഘോഷങ്ങളുടെ സംയുക്ത പരിപാടിയാണു് പൂരം. തൃശ്ശൂരിനടുത്തുള്ളവയാണു് ഇവ മുഴുവനും. തിരുവമ്പാടി, പാറമേക്കാവു്, ഞാറയ്ക്കൽക്കാവു്, കണിമംഗലം, പൂരക്കുടുക്ക, ചെമ്പുക്കാവു്, കരുമക്കു് എന്നീ മൊത്തം ക്ഷേത്രങ്ങളിൽനിന്നു്. അവ.

തൃശ്ശൂർ പൂരം മേടമാസത്തിലാണു് നടക്കുക. മേടത്തിലെ മകയിരത്തിൻനാൾ പൂരം പുറപ്പെടും, അത്തത്തിൻനാൾ പടഞ്ഞുകയറ്റം തീരും. തൃശ്ശൂർ പൂരം കൊണ്ടാടും. പ്രധാന ക്ഷേത്രത്തിൽനിന്നും ദേവീദേവന്മാർ അനുഗമിക്കുന്ന ശ്രീമൂലസ്ഥാനെഴുന്നള്ളത്തുകൾ പൂരത്തിനു നടത്തും. ഇവരൊക്കെ വടക്കുനാഥക്ഷേത്രത്തിൽ വന്നുചേരുമെങ്കിലും വടക്കുനാഥനാണു പൂരവുമായിപ്രത്യക്ഷബന്ധമൊന്നമില്ലെന്നതാണു് വാസ്തവം.

പ്രധാന ദേവീദേവന്മാരുടെ പൂരമാണു് തൃശ്ശൂർ നടക്കുന്നതു്. ഇവരിൽ പ്രധാനികൾ രണ്ടാണു്—പാറമേക്കാവും തിരുവമ്പാടിയും. ഇവ രണ്ടും തൃശ്ശൂർ പട്ടണത്തിനകത്തും തന്നെയുള്ളവയാണു്. വാസ്തവത്തിൽ ഈ രണ്ടു് ക്ഷേത്രങ്ങളിലേയും ഉത്സവാഘോഷഭാരവാഹികളുടെ നിസ്വാർത്ഥമായ മത്സരമനോഭാവമാണു് 'തൃശ്ശൂർ പൂര'ത്തിൽ ആഴവും പരപ്പും നൽകിയതു്. ആനകളെ എഴുന്നള്ളിയ്ക്കുന്ന കാര്യത്തിൽ, കതിനകം പൊട്ടിയ്ക്കുന്ന കാര്യത്തിൽ എന്നുവേണ്ട ഓരോ പരിപാടിയുടെ പേരിലും ഉഗ്രമായ മത്സരം നടന്നു. മത്സരം വൈരാഗ്യത്തിലേയ്ക്കു് തിരിഞ്ഞു. തന്മൂലം സർക്കാരിടപെട്ടു. ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തി. 15 ആനകളിൽ കൂടുതൽ എഴുന്നള്ളിക്കുവാൻ പാടില്ല, ഗുരിയെന്നാണു് കതിനകളിൽ കൂടുതൽ പൊട്ടിക്കരുതു് എന്നിങ്ങനെ പോകുന്നു നിയന്ത്രണങ്ങൾ. മേളത്തിനും പഞ്ചവാദ്യത്തിനും സമയം തിട്ടപ്പെടുത്തി. അങ്ങനെ ഒരു ക്രമവും ചിട്ടയും വന്നുവിട്ടുണ്ടു്. തന്മൂലം നശീകരണാത്മകമായ പ്രവണതകൾക്കു് തലപൊക്കുവാനിടമില്ലാതായി.

പൂരദിവസം

പ്രധാനപ്പെട്ട ക്ഷേത്രങ്ങളും തിരുവമ്പാടിയും പാറമേക്കാവും അണ്ണല്ലാ. ഇതുപക്ഷം ആനകളും പതിനഞ്ചുവീതം കാണാം. പൂരദിവസം ഉച്ചകഴിഞ്ഞു് 'പാണ്ടിമേളം' നടക്കും. നടുത്തുനുള്ള പാറമേക്കാവുകാരുടെ മേൽനോട്ടത്തിലാണു് സ്ഥലം വടക്കുനാഥൻ ക്ഷേത്രമതിലകത്തു് ഇലഞ്ഞിച്ചുവട്ടിൽ. അതുപോലെ ഉച്ചകഴിഞ്ഞു് തിരുവമ്പാടിക്കരുടെ പഞ്ചവാദ്യം ഉണ്ടാകും. ഇവ രണ്ടുമാണു് പകലത്തെ ഏററവും വലിയ പരിപാടികൾ.

പാറമേക്കാവിൻറെ പഞ്ചവാദ്യം രാത്രിയിലാണു് നടത്തുക. ഇതുകൂടുതലേയും പരിപാടികളും വെളുപ്പിനു രണ്ടുമണിക്കു് നിന്നും. പിന്നെ 'വെടിക്കെട്ടാണു്'. അതു നേരം പുലരുമ്പോൾ അവസാനിയ്ക്കും. ഇത്തരമൊരു 'വെടിക്കെട്ടു്' ഇൻഡ്യയിൽ മറെറങ്ങും കാണുകയില്ല.

ആനപ്പുറത്തെ കുടകൾ

പകലത്തെപരിപാടികൾ കഴിയുന്നതോടെ പാറമേക്കാവുകാരും തിരുവമ്പാടിക്കാരും തെക്കു ഗോപുരംവഴി തേക്കിൻകാട്ടിലേക്കിറങ്ങും. തെക്കെ ഗോപുരം ആണിലൊരിയ്ക്കലേ തുറക്കൂ; അതു് പൂരദിവസം, ഈ സന്ദർഭത്തിലാണു താനും രണ്ടുകൂട്ടരും മുനിസിപ്പാലാപ്പീസ് റോഡിലേക്കിറങ്ങും. എന്നിട്ടു് പാറമേക്കുകാർ വടക്കേട്ടും തിരുവമ്പാടിക്കർ തെക്കേട്ടും പ്രധാന നിലയിൽ നിന്നു കൊണ്ടു് കുടകൾ നിവർത്തുന്നു. ആ സമയത്തു് ആനപ്പുറത്തിരുന്നുകൊണ്ടു് കുടകൾ നിവർത്തുന്നതിൽ മാത്സര്യമില്ലെങ്കിലും ഇക്കാര്യത്തിലും ഇവർ തമ്മിൽ വലിയ വാശിക്കാണുള്ളതു്. ഈ കാഴ്ച അവിടെ തടിച്ചുകൂടിയിരിയ്ക്കുന്ന ലക്ഷക്കണക്കിനാൾക്കാരുടെ ആകർഷണമാണു്.

തേക്കിൻകാടു്

തൃശ്ശൂർ പട്ടണത്തിൻറെ നടുക്കാണു് തേക്കിൻകാടു് മൈതാനം. ഇതിൻറെ മദ്ധ്യത്തിലാണു് ക്ഷേത്രം. മൈതാനം സുന്ദരവും വിശാലവുമാണു്. ഏതാണ്ടു് 65 ഏക്കറോളം വരും തേക്കിൻകാടെന്നാണു് പോരെങ്കിലും ഇന്നു് കാരാറു തേക്കുപോലും അവിടെയില്ല.

പണ്ടു് അവിടം വലിയൊരുതേക്കിൻകാടായിരുന്നുവെന്നാണു് ഐതിഹ്യം. ശക്തൻതമ്പുരാൻറെ കാലത്താണു് ഇതു വെട്ടിത്തെളിച്ചതു്. അതിനെ അന്നു് ജനങ്ങളും ദേവന്മാരും എതിർത്തു. പക്ഷേ ധീരനായിരുന്ന ആ രാജാവു് എതിരാളികളെയെല്ലാം കുസ്സിയില്ല. തൃശ്ശൂർ നഗരത്തിൻറെ ശ്വാസകോശമാണു തേക്കിൻകാടു് മൈതാനം. പക്ഷേ അതു വേണ്ടുപോലെ വൃത്തിയായി സൂക്ഷിയ്ക്കുവാൻ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കുന്നില്ലെന്നതാണു് നേരു്.

നോവൽ

മുല്ലപ്പന്തൽ

ജോയി മട്ടാർ

അദ്ധ്യായം 5.

സുഖസുഷുപ്തിയിലാണ്ടുകിടന്നിരുന്ന ഭൂതകാലത്തിൻറെ മധുസ്മരണയെ അയവിറക്കിക്കൊണ്ടു് തിരുവോണം സമാഗതമായി. കടിപ്പുള്ളിക്കുടം മുതൽ കലാലയംവരെയുള്ള സ്ഥാപനങ്ങൾക്കു അവധി കിട്ടി. ശനിയാഴ്ച കോളജ് അടച്ചു. രണ്ടാഴ്ചത്തെ അവധിയുണ്ടു്. ജെസി വീട്ടിൽ പോകാൻ ഒരുങ്ങിയിരിക്കയാണു്.

പാപ്പച്ചനും ജോർജ്ജുകുട്ടിയും എഞ്ചിനീയറിംഗ് കോളജിൽനിന്നു് യാത്രയായി. ജോർജ്ജുകുട്ടിയുടെ വീടു് എറണാംകുളത്താണു്. അവനെ വീട്ടിൽ ഇറക്കിയശേഷം കാർ ജെസിയുടെ കോളജിലേക്കു പാഞ്ഞു. റോഡിൻറെ ഇരുവശത്തും ഒരേ അകലത്തിൽ നില്ക്കുന്ന പൂളമരങ്ങളെ എണ്ണിയെണ്ണി പാഞ്ഞുകയറുകയാണു് കുട്ടിയാനപോലെയിരിക്കുന്ന ആ വാഹനം. കുഞ്ഞിക്കാറേറിലെ ഉള്ളിക്കള്ളിക്കുന്ന കണ്ണുകൾ കൊണ്ടു് ജെസി ചുറ്റുപാടുമുള്ള കാഴ്ചകൾ ആസ്വദിച്ചു. ചുറ്റിനുമുണ്ടായിരുന്ന സമ്പന്നകുടുംബങ്ങളുടെ സ്ഥാനം ഇവിടെയുള്ളവർ തിരുവനന്തപുരത്തെ സർക്കാർ ജീവനക്കാർ സമ്മതിക്കുമെന്നുവന്നാൽ കേരളത്തിലെ തൃശ്ശൂരിൻറെ സാംസ്കാരികമുഖത്തിനെ മാറ്റുവാൻ സാധിയ്ക്കുന്നതിലാണെന്നതാണു് ഞാൻ കരുതുന്നതു.

പ്രദർശനം

പൂരത്തോടനുബന്ധിച്ചു് ഒരുപ്രദർശനവും കഴിഞ്ഞ കുറേകാലങ്ങളായി നടത്തിവരുന്നുണ്ടു്. 'പൂ'ത്തിനിറങ്ങുന്നവർ നിശ്ചയമായും ഈ പ്രദർശനം കാണും. പൂരത്തോടനുബന്ധിച്ചു നടത്തുന്ന ഈ അഖിലേന്ത്യാ വ്യവസായ കർഷികാ-വിദ്യാഭ്യാസപ്രദർശനം കുറിക്കുമെല്ലാം സംഘാടകരുടെ ലക്ഷ്യത്തിലെത്തിയിട്ടില്ലെങ്കിൽ തന്നെ തരക്കേടില്ലാത്തവിധം ഭംഗിയായിട്ടുണ്ടു്. കേരളനിർമ്മിതമായ പലതരം സാധനങ്ങളും ഇവിടെ പ്രദർശനത്തിനുണ്ടു്. കുറഞ്ഞ ചിലവിൽ കുറേ കാഴ്ചകൾ കാണുവാൻ പറ്റുമെന്നുള്ളതുകൊണ്ടു് പ്രദർശനം ജനപ്രിയമായിത്തീർന്നിട്ടുണ്ടു്. ഇതിനുപുറമേ ഇന്നു കേരളത്തിൽ കയറിയിറങ്ങുവാൻ ഒരു സ്ഥലമുണ്ടെങ്കിലതു തൃശ്ശൂർക്കാരാണു്.

സാഹിത്യഅക്കാദമി, സംഗീതനാടകങ്ങൾക്കാവശ്യമായ ഒരു ഓഡിറോറിയം തൃശ്ശൂരിൽ പണിയുന്നുണ്ടു്. ഇതിൻറെ പണി ഏതാണ്ടു് പൂർത്തിയായിക്കഴിഞ്ഞു. ഇതുകൂടി പൂർത്തിയായാൽ തൃശ്ശൂരിൻറെ സാംസ്കാരികമുഖത്തിനു് ഒരു പുതിയ മുഖം കൈവരുന്നതാണു്.

പാപ്പച്ചൻ പറഞ്ഞു.

'എനിക്കതിൽ സന്തോഷമേയുള്ളു. ഒരു കാര്യം പറഞ്ഞേക്കാം. വലിയ വീട്ടം പുരയുമൊന്നും ഞങ്ങൾക്കില്ല. ഞങ്ങളും വെറും സാധാരണക്കാരാണു്.'

'വീട്ടം പുരയുമല്ല വലിയ സമ്പത്തു്. ചെറുക്കടിലാണെങ്കിലും സ്നേഹമുണ്ടെങ്കിൽ അതാണു ധനം.'

'അങ്ങനെയെങ്കിൽ വിരോധമില്ല.'

'ലിസ്സമ്മ എന്തു പറഞ്ഞാലും ശരി; ഞാനും ഇച്ചായനും നിൻറെ വീട്ടിൽ വരാതെ അടങ്ങുകയില്ല.'

'എനിക്കതിൽ സന്തോഷമേയുള്ളു.'

'പായസം.....പിന്നെ കരിമീൻ....'

പാപ്പച്ചൻ അടിച്ചുവിട്ടു.

'ഇച്ചായാ! അവരുടെയടുക്കത്തില്ല.'

'ജെസ്സമ്മേ! സമയം എന്തായി?' ലിസ്സമ്മ ചോദിച്ചു.

'ലിസ്സമ്മക്കു വാച്ചില്ലേ?' പാപ്പച്ചൻ അന്വേഷിച്ചു.

'ഇല്ല.'

'ഒരു വാച്ചു വാങ്ങണം.'

'എന്നാൽ ഇച്ചായൻ ഒരു വാച്ചു വാങ്ങിക്കൊടുത്തോളൂ.'

'ജെസ്സമ്മക്കു ഒരു വാച്ചു വാങ്ങിക്കൊടുക്കൂ.'

പാപ്പച്ചൻ തിരിഞ്ഞുനോക്കി. ലിസ്സമ്മക്കു നാണം തോന്നി.

'എനിക്കു ഉദ്യോഗം ഒന്നുകിട്ടുന്നതുവരെ.'

'സമയം എന്തായി?'

'മൂന്നരക്കു പത്തു്.'

ജെസ്സമ്മ പറഞ്ഞു.

'മൂന്നരക്കു വീട്ടിൽ എത്തുമോ?'

'തീർച്ചയായും.'

കുട്ടനാടിൻറെ കാഴ്ചകൾ അവസാനിച്ചു. മലനാടിൻറെ മഹനീയതയുമായിട്ടുള്ളതു്. കൊച്ചു കൊച്ചു കുന്നുകൾ...റബർത്തോട്ടങ്ങൾ...മരച്ചീനിത്തോട്ടങ്ങൾ തുടങ്ങി പലതും കുട്ടനാട്ടുകാരിയായ ലിസ്സമ്മയെ ആകർഷിച്ചു.

നട്ടുച്ചയ്ക്കു് കുറിയരം ജനിപ്പിക്കുന്ന ഒരു റബർത്തോട്ടം. തഴച്ചുവളരുന്ന ആ റബർ മരങ്ങളുടെ അവകാശിപ്പെച്ചുവാനാണെന്നു് ലിസ്സമ്മ അറിഞ്ഞു. ആ തോട്ടത്തിലേക്കു നോക്കിയപ്പോൾ ആനന്ദത്തിൻറെ തേനുലകം കരളിൻറെ കളിപ്പൊയ്കയിൽ തെന്നി ഉലഞ്ഞു.

അവൾ കുറിനേർ കണ്ണാടിച്ചില്ലു് താഴ്ത്തിയിട്ടു വാതിലിലൂടെ എത്തിനോക്കി. പാപ്പച്ചൻറെ നിർദ്ദേശാനുസരണം കാർ നിറുത്തി. എല്ലാവരും പുറത്തിറങ്ങി. അല്പം വിശ്രമിച്ചു. തോട്ടത്തിൻറെ മദ്ധ്യത്തിൽ കയറുപാ വിരിച്ചിട്ടിരിക്കുന്നതുപോലെ നീണ്ടുകിടക്കുന്ന ഒരുറോഡിപ്പോതയുണ്ടു്. അതു ചെന്നവസാനിക്കുന്നതു് ഒരു മൊട്ടക്കുന്നിൻറെ ഉച്ചിയിലാണു്. ആ കുന്നിൻറെ നെറുകയിൽ കയറിനിന്നു് ചുറ്റുപാടുമൊന്നു കണ്ണോടിച്ചാൽ പ്രകൃതിഭംഗി വേണ്ടുവോളം ആസ്വദിക്കാം. അങ്ങനെ ദൂരെയായി നില്ക്കുന്ന മാമലശൃംഖലകളും, കാട്ടാനയെപ്പോലെ നില്ക്കുന്ന പാറക്കെട്ടുകളും, കാടിൻറെ കഥകളും പറഞ്ഞുപൊട്ടിച്ചിരിച്ചൊഴുകുന്ന കൈത്തോടുകളും ലിസ്സമ്മയുടെ കണ്ണും കരളും കവർന്ന പച്ചപ്പട്ടുകൊണ്ടു് പുതച്ചിരിക്കുന്നതിനാൽ അയലുകളുംകഷ്ടകൻറെ കഴിവുകളെ ഉച്ചൈസ്വരം ഉദ്ഘോഷിക്കുകയാണു്.

പാപ്പച്ചൻ രണ്ടു ഗ്ലാസ്സു് നാരങ്ങവെള്ളവുമായിവന്നു. ജെസി അതു വാങ്ങി. ഒരു പാതം ലിസ്സമ്മയ്ക്കു കൊടുത്തു.

'ലിസ്സമ്മേ! പ്രകൃതിഭംഗി എങ്ങനെയിരിക്കുന്നു?'

'കലാഹൃദയമുള്ളവർക്കേ അതിൽ രസിക്കാനൊക്കൂ.'

'ഇച്ചായാ! ഈ പെണ്ണു കലാകാരിയാ—നല്ലവണ്ണം പാടും.'

'മാഹോ! പാടാനറിയാമോ?'

'കുറേശ്ശെ—'

'ഇച്ചായാ! ഞങ്ങളെ അതുവിസ്മൽ കൊണ്ടുപോകണം.'

'തീർച്ചയായും—'

'എനിക്കിപ്പോൾ നിന്നു പോകുവാൻ തോന്നുന്നില്ല.'

'ലിസ്സമ്മ കലാബോധമുള്ള വളാണു്.'

അങ്ങനെ മലയുടെ മണ്ഡയിൽ പ്രകാശത്തിൻറെ കഞ്ഞിക്കലം ചൊരിഞ്ഞുകൊണ്ടുനില്ക്കുന്ന ദേവാലയങ്ങളുടെ കുരിശു്, ചിറകുവിടർത്തി നില്ക്കുന്ന മാലാഖമാരെപ്പോലെ തോന്നിച്ചു. അതിനൊരു പച്ചക്കൊടിപിടിച്ചിരിക്കുന്നു പോലെ ഒരു കരിമ്പന തഴച്ചുനിൽക്കുന്നു. സസ്യശ്യാമളകോമളമായ പ്രകൃതിയോടു് യാത്ര ചോദിച്ചു് അവർ വണ്ടിയിൽ കയറി.

തൻറെ പ്രിയപ്പെട്ട മക്കളെ ഇന്നു കോളജിൽനിന്നുവരും. അവരെ സ്വീകരിക്കുവാൻ കാത്തിരിക്കുകയാണു് മാമ്മിക്കുട്ടി. ഇപ്പച്ചൻ ആ വലിയ പുരയിടത്തിൻറെ കന്നുമൂലയിൽ നിൽക്കുന്ന പാലമരത്തിൻറെ ചുവട്ടിലിരുന്നു കാറ്റു കൊള്ളുകയാണു്. മക്കളെ കാണാനുള്ള ആർദ്രതയോടെ സ്നേഹത്തിൻറെ നിലാവു പിളുക്കയായി കാത്തിരിക്കുകയാണദ്ദേഹം.

ആ വളവു തിരിഞ്ഞു കയറുന്നതിനു മുമ്പു തന്നെ ഡ്രൈവർ ഹോൺ അടിച്ചു. ഇപ്പച്ചൻറെ ഏടയത്തിൽ ആഹ്ലാദത്തിൻറെ കൈത്തിരി കത്തി.

'എടീ! വരുന്നു—'

മാമ്മിക്കുട്ടി ഓർമ്മയിൽ സമ്പിച്ചതേക്കാൾ ദീർഘനിമേഷം വണ്ടി ഓറാലുടെ മുറ്റത്തുകയറി. ജെസ്സമ്മ ഡോർ തുറന്നു. ലിസ്സമ്മ പുറത്തിറങ്ങി. പിന്നാലെ ജെസിയും പാപ്പച്ചനും.

'എന്താ നിങ്ങളിത്ര താമസിച്ചതു്?'

മാമ്മിക്കുട്ടി ചോദിച്ചു.

ഇച്ചായൻ സമാധാനിച്ചു പറയുന്നതിനു മുമ്പു തന്നെ ഡ്രൈവർ ഹോൺ അടിച്ചു. ഇപ്പച്ചൻറെ ഏടയത്തിൽ ആഹ്ലാദത്തിൻറെ കൈത്തിരി കത്തി.

'എടീ! വരുന്നു—'

മാമ്മിക്കുട്ടി ഓർമ്മയിൽ സമ്പിച്ചതിനേക്കാൾ ദീർഘനിമേഷം വണ്ടി ഓറാലുടെ മുറ്റത്തുകയറി. ജെസ്സമ്മ ഡോർ തുറന്നു. ലിസ്സമ്മ പുറത്തിറങ്ങി. പിന്നാലെ ജെസിയും പാപ്പച്ചനും.

'എന്താ നിങ്ങളിത്ര താമസിച്ചതു്?'

മാമ്മിക്കുട്ടി ചോദിച്ചു.

ഇച്ചായൻ സമാധാനിച്ചു പറയുന്നതിനു മുമ്പു തന്നെ മാമ്മിക്കുട്ടി വിശേഷം:

'ലിസ്സമ്മേ! മോളെന്തു ഒന്നും മിണ്ടാതെയതു്.'

അവൾ മന്ദഹസിക്കുകമാത്രം ചെയ്തു.

മാമ്മിക്കുട്ടി ഇരുവരുടേയും കൈയ്യും പിടിച്ചുകൊണ്ടു് ഒരു കുട്ടിക്കാരിയെപ്പോലെ വീട്ടിലേക്കുനടന്നു പാപ്പച്ചൻ അപ്പനോടു് എന്തോ സംസാരിച്ചുകൊണ്ടു വഴിവക്കത്തുനിന്നു.

ജെസി തൻറെ കുട്ടിക്കാലത്തെ കൂട്ടുകാരിയെ കോളജിലിരുത്താൻ പണിപ്പെട്ടു. അവൾ അതിനു തയ്യാറായില്ല. മാമ്മിക്കുട്ടി അടുക്കളയിൽ കയറി. വേലക്കാരി മറിയക്കുട്ടിയെ ചായതിളപ്പിക്കുകയാണു്.

ലിസ്സമ്മ ആ വീടും പരിസരവും പൊതുവെ ഒന്നു വീക്ഷിച്ചു. ഒന്നാന്തരമൊരു മാളിക. ഏഴെട്ടുമുറി

(തുടർച്ച 6–ാം പേജിൽ)

ശിവപുരവും പൂരവും

(ടി. ആർ. നായർ)

1

മഹാഹ്രാമംമംഗലവസ്തുനിങ്ങും
മഹഷിട്ടവിൻമകളായ്വിളങ്ങും,
മാടാവ്വിയാംമയണിഅന്തമന്ത്രീ—
മണിപ്പുതക്കംശിവപത്തനംമേ.

2

കുറൻപറമ്പാമന്നാരിതിന്നതെക്കൻ—
കൈലാസമെന്നാഹ്വയമത്രയുക്തം
കുബേരവിദ്യുധരൊത്തുവാണ
കൊണ്ടാടിടേണ്ടുംപുരമായമൂലം.

3

പരന്നിടുംമിനൽവിളക്കുകോലും
പ്രക്ഷിണപ്പാതവിളങ്ങിടുന്നു
പരിഷ്കൃതാകാരമനോജ്ഞയാമീ-
പ്പുരീധൂടീമണികുഞ്ചിരോലെ

4

കാടായിരുന്നന്നകിടന്ന "തേക്കിൻ—
ക്കാടു" കെയിന്നതുവെളുത്തുപായി!
കൂടാതെകമ്പംകഴിപുറകാലം
കോടാലികയ്ക്കുണ്ടു നാമമൂലം.

5

നിറന്നസൗഭാഗ്യമെഴുംവടക്കു—
ന്നാഥൻറതുക്കോവിലയൻകാൺമൂ
നേരെറടിന്നിനഗരിയ്ക്കുപുവെണ
നീർത്തരെതിക്കുംപുകളെന്നപോലെ.

6

ഉട്ടിപ്പമാരഷിണിരാജവാദ്യി—
യ്ക്കുപാന്തരേമതാനവുമൊന്നുനോക്കു!
പുരാരിതൻപാവനമായപാദ—
പീഠത്തിനൊക്കും പടിമിന്നിടുന്നു!

7

പണ്ടാടുട്ടുംകോമരകണ്ഠതേതം
കൊണ്ടേറവുംചെങ്കുറിയിട്ടവാളാൽ
"ശക്ത"ൻറെനെഞ്ചുക്കിനുസാക്ഷിനിന്ന
ടിക്കാമതിൻവൈഭവമാക്കവണ്ണും.

8

ഐതിഹ്യവാണിയ്ക്കുടിമപ്പെടുന്ന
ഭൂതിപ്പുലപ്പാളമതിങ്കലത്തെ
പൂരംചിരാനന്ദമരുപൂരം
പരംപനേപുച്ചിതുപുത്തുവാൻ!

9

കാലത്തുതൊട്ടുംക്കണിമംഗലാ"ദി
കുമ്മളുകളുംചെറുപൂരമെല്ലും
കാമാരിതൻകോവിലിനന്തികത്തിൽ
കൊട്ടിക്കലാശിച്ചുമടങ്ങിടുന്നു.

10

ഉച്ചണ്ഡസൂര്യൻവരമാംകുതാ—
ലുച്ചസ്ഥനായന്തിക്കവൽചിന്തുമ്പോൾ
നടക്കുമിക്കാഴ്ചനിരന്തരംകാണാൻ
നടക്കുമാരുംശിവപത്തനത്തിൽ.

11

മുക്കണ്ണനോലുംമകളായപാർ—
ക്കവിലമ്മയുള്ളകൊണ്ടുകോലം,
മൽകുമാരമാടക്ഷയലുതിയെത്തു—
മക്കണ്ണനുംപുഞ്ചിരിമൂകകോലം.

12

കണ്ണംകരംകൊണ്ടുമലിഞ്ഞുനിന്നു
കാണെന്തൊരാക്കാഴ്ചയെഴുന്നുമൂലം
കൈവല്യമായെന്നുപറഞ്ഞിടുന്നു
കൈകൂപ്പിനില്പുന്നജനങ്ങളെല്ലാം. (യുഗ്മകം)

13

ആനന്ദതിരകംക്കെഴുംകളകളം
വായുന്നുനാദത്തിലും
പീനമ്പൂംമുഴിമാക്കൾമുനുമനം
കക്കംചുത്തിലും
പീനംവൈദ്യുതനാമാലതെളിയെ—
ക്കാണുന്നകാലത്തിലും
നൂനംമാനവവാദ്ധിപൂരമഹാ!
കണ്ടാവുന്നാർപൂരമാ!

തൃശ്ശിവപേരൂർ പൂരം എക്സിബിഷൻ

അഖിലേന്ത്യാ വ്യാവസായിക—കാർഷിക വിദ്യാഭ്യാസ പ്രദർശനം

(പാറമേക്കാവു്—തിരുവമ്പാടി ദേവസ്വങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ)

ഏപ്രിൽ 23—ാംതീയതി മുതൽ മേയ് 21—ാംതീയതി വരെ

(ചരിത്രപ്രസിദ്ധമായ തൃശ്ശൂർ പൂരം മേയ് 9—ാംതീയതി പൂർവ്വാധികം ഗംഭീരമായി ഇത്തവണയും ആഘോഷിക്കപ്പെടുന്നു)

★ 5 ലക്ഷം രൂപാ ചിലവുവരുന്ന ദേശരക്ഷാവകുപ്പിൻറെ പവലിയൻ ★

"ദൽഹി ചെങ്കോട്ട"യ്ക്കുത്തു് നമ്മുടെ രാജ്യരക്ഷോപകരണങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു. ഹിമാലയശിഖരങ്ങളിൽ തണുത്തുറഞ്ഞ മഞ്ഞിൻമുകളിൽ ദേശരക്ഷാർത്ഥം പടവെട്ടുന്ന ജവാന്മാരുടെ ധീരസാഹസികത കലാപരമായി അവതരിപ്പിക്കപ്പെടുന്നു.

കേരളഗവർമ്മെണ്ടിൻറെ കരകൗശലശില്പങ്ങൾ, തിരുവനന്തപുരം കലാനിലയത്തിൻറെ നാടകവേദി തുടങ്ങിയ ആകർഷണങ്ങൾ വേറെയും

പ്രദർശനസമയം ദിവസേന രാവിലെ 8 മണിമുതൽ വൈകുന്നേരം 8—30 വരെ

ഉച്ചക്കു 12 മുതൽ 3 വരെ പ്രദർശനം അടച്ചിരിക്കും

പ്രവേശനഫീസു് 25 പൈസാ — മേയ് 8, 9, 10 തീയ്യതികളിൽ 50 പൈസാ

JAWAHAR — എക്സിബിഷൻ കമ്മറിക്കുവേണ്ടി, ഏ. എൻ. മേനോൻ — സെക്രട്ടറി

ലഘുനാടകം

ഭൂകമ്പം

—പറവൂർ ജോർജ്ജ്—

രംഗം മൂന്ന്

(മുൻരംഗം തന്നെ. പുതിയ പരിവ...നങ്ങളൊന്നുമില്ല. നിശാന്തമൂകത...രാസമ്മച്ചേടത്തി ദേവകിയുമായി സം...സാരിച്ചുകൊണ്ടിരിക്കുന്നു. റോസമ്മച്ചേ...ത്തിയുടെ കണ്ണുകൾ കരഞ്ഞുകലങ്ങി...ിട്ടുണ്ട്. കഷ്ടപ്പാടിന്റെ വിവരണ...തിലാണിപ്പോൾ. ദേവകി എല്ലാം കേ...ു. അവരുടെ സംസാരത്തിനും ചില...പ്രാകൃത വന്നിട്ടുണ്ട്.)

ദേവ: (ആശ്വാസവാക്കെന്നെ പോലെ) രാസമ്മച്ചേടത്തിയോട്) പിള്ളയും വി...യിപോലെ നടക്കും റോസമ്മാമ്മ! ഇ...ങനെയൊക്കെ വരുമെന്ന് ആരെങ്കിലും വിചാരിച്ചോ?

റോസ: അല്ല ദേവൂ! ഞാനോർക്കാണ്ട് ഈയ്യിലിരിക്കുന്നതു കളഞ്ഞേച്ചല്ലെ പറ...ഞാനടക്കുന്നോനെ പിടിക്കാനൊരുമ്പെ...ട്ട്. ആ കോട്ടയത്തെ ജോലിതന്നെ മ...തിയാരുന്നു.

ദേവ: പിന്നെന്താ അതങ്ങു കളഞ്ഞേ...ം ഇങ്ങോട്ടുപോന്നെ?

റോസ: നമ്മുടെ നാട്ടിത്തന്നെയാക...ം....വല്യ സൗകര്യമുണ്ടല്ലൊ....ഈ ഉ...ിലേ് ഒഴിവുവന്നപ്പ പോന്നതാ. എ...ം കണ്ണുകലാം....ദേവൂനെ കടമ...നാക്കി ഇതുവരെ തീന്നിട്ടില്ല.

ദേവൂ: എന്നെ കാര്യം സാരമില്ല. നിങ്ങടെ കയ്യിലുണ്ടാകുമ്പൊ ഇങ്ങു ത...രുമ്പതി. അതു പോലിക്കാനല്ല ഞാനി...ങ്ങോട്ടുവന്നെ....എന്താ ഒരാളേ്ളമായ...കടേലെന്തെങ്കിലും വാങ്ങിയ്ക്കാൻ വ...ിട്ടു്? അതെന്താ?

റോസ: വീണ്ടും കടത്തിന്റെ പുറ...കടം വരുത്തുന്നതെന്തിനാ....? ശമ്പ...കിട്ടുമ്പൊ കൊടുക്കാനും പറഞ്ഞ്...ചേരോടും ല്പ്പിക്കിട്ടി കടംമേടിച്ചിട്ടു.... എന്റെ മാതാവേ! ആ രൂപയൊ...ക്കെ എങ്ങനെ വീട്ടുമോ? തമ്പുരാൻകർ...ത്താവിനതന്നെയറിയാം!

ദേവ: അപ്പൊ പള്ളിക്കെടന്നു് ചാ...കാനാണോ നിങ്ങടെയൊരുക്കം.

റോസ: ദേവൂനോടായുകൊണ്ടു് പ...റയാ....ഇന്നലെ ഉച്ചയ്ക്കു് ഈ വീട്ടിലു് തീ പൊക കണ്ടതാ....! മുപ്പത്തിനാലു കൊല്ലത്തോളമായി ഞാനീ വീട്ടിൽ വ...ന്നിട്ടു്!! ഇതുവരെ ഇങ്ങനെ ഉണ്ടായിട്ടി...ല്ല. (കരയുന്നു.)

ദേവ: [ആശ്ചര്യത്തോടെ) എന്നാലും നിങ്ങളു് തൊക്കേടില്ല റോസമ്മാമ്മ. ഇ...ങ്ങനെ എത്രനാളു് കഴിയുമെന്നാ വി...ചാരം. ആരെങ്കിലും പീടികേപ്പറഞ്ഞയച്ചു് അരീം സാധനോക്കെ വാങ്ങി...യ്ക്കു്. പിന്നെ ആ പൈസിള്ളാരുടെ തു...ള്ളാട്ടമൊക്കെ കഴിഞ്ഞാ....? (മുറ്റം നോക്കി) എങ്ങോട്ടുപോയി? കാണ്മാനി...ല്ലല്ലോ!

റോസ: അവരു് ഈ വീട്ടിവിട്ടു പുറ...ത്തേയ്ക്കു പോകാറില്ല!

ദേവ: അഴക കത്തിയാ അരിയാകൊ...ന്നമല്ലി.... ഓ.....സഹകരണസംഘത്തി...ലു് പായനെയ്ത്തു് ആരംഭിച്ചിട്ടുണ്ടു്. ആ പൈസിള്ളാരോടു് അവടെപ്പോയി ഈരണ്ടു പായ നെയ്യാൻ പറയു്!

റോസ: മൂത്തവളു് അതൊക്കെ...നു് തോന്നുന്നില്ല.

ദേവ: ഒരു കൊച്ചുവല്യ വിചാരിയ്ക്കുന്നില്ല. മനുഷ്യനെങ്കിലുണ്ടാകുമ്പൊ ഇങ്ങു...മതി. അതു പോലിക്കാനല്ല ഞാനി...ങ്ങോട്ടുവന്നെ....എന്താ ഒരാളേ്ളമായ...കടേലെന്തെങ്കിലും വാങ്ങിയ്ക്കാൻ വ...ിട്ടു്? അതെന്താ?

റോസ: വീണ്ടും കടത്തിന്റെ പുറ...കടം വരുത്തുന്നതെന്തിനാ....? ശമ്പ...കിട്ടുമ്പൊ കൊടുക്കാനും പറഞ്ഞ്...ചേരോടും ല്പ്പിക്കിട്ടി കടംമേടിച്ചിട്ടു.... എന്റെ മാതാവേ! ആ രൂപയൊ...ക്കെ എങ്ങനെ വീട്ടുമോ? തമ്പുരാൻകർ...ത്താവിനതന്നെയറിയാം!

ദേവ: അപ്പൊ പള്ളിക്കെടന്നു് ചാ...കാനാണോ നിങ്ങടെയൊരുക്കം.

റോസ: ദേവൂനോടായുകൊണ്ടു് പ...റയാ....ഇന്നലെ ഉച്ചയ്ക്കു് ഈ വീട്ടിലു് തീ പൊക കണ്ടതാ....! മുപ്പത്തിനാലു കൊല്ലത്തോളമായി ഞാനീ വീട്ടിൽ വ...ന്നിട്ടു്!! ഇതുവരെ ഇങ്ങനെ ഉണ്ടായിട്ടി...ല്ല. (കരയുന്നു.)

ദേവ: [ആശ്ചര്യത്തോടെ) എന്നാലും നിങ്ങളു് തൊക്കേടില്ല റോസമ്മാമ്മ. ഇ...ങ്ങനെ എത്രനാളു് കഴിയുമെന്നാ വി...ചാരം. ആരെങ്കിലും പീടികേപ്പറഞ്ഞയച്ചു് അരീം സാധനോക്കെ വാങ്ങി...യ്ക്കു്. പിന്നെ ആ പൈസിള്ളാരുടെ തു...ള്ളാട്ടമൊക്കെ കഴിഞ്ഞാ....? (മുറ്റം നോക്കി) എങ്ങോട്ടുപോയി? കാണ്മാനി...ല്ലല്ലോ!

റോസ: അവരു് ഈ വീട്ടിവിട്ടു പുറ...ത്തേയ്ക്കു പോകാറില്ല!

ദേവ: അഴക കത്തിയാ അരിയാകൊ...ന്നമല്ലി.... ഓ.....സഹകരണസംഘത്തി...ലു് പായനെയ്ത്തു് ആരംഭിച്ചിട്ടുണ്ടു്. ആ പൈസിള്ളാരോടു് അവടെപ്പോയി ഈരണ്ടു പായ നെയ്യാൻ പറയു്!

റോസ: മൂത്തവളു് അതൊക്കെ...നു് തോന്നുന്നില്ല.

ദേവ: ഒരു കൊച്ചുവല്യ വിചാരിയ്ക്കുന്നില്ല. മനുഷ്യനെങ്കിലുണ്ടാകുമ്പൊ ഇങ്ങു...മതി. അതു പോലിക്കാനല്ല ഞാനി...ങ്ങോട്ടുവന്നെ....എന്താ ഒരാളേ്ളമായ...കടേലെന്തെങ്കിലും വാങ്ങിയ്ക്കാൻ വ...ിട്ടു്? അതെന്താ?

റോസ: വീണ്ടും കടത്തിന്റെ പുറ...കടം വരുത്തുന്നതെന്തിനാ....? ശമ്പ...കിട്ടുമ്പൊ കൊടുക്കാനും പറഞ്ഞ്...ചേരോടും ല്പ്പിക്കിട്ടി കടംമേടിച്ചിട്ടു...

ജീവനുള്ള ബ്ലോക്കുകൾക്കു്



"തൊഴിലാളി" പ്രോസസ് സ്റ്റുഡിയോ
P. B. No. 90 Phone : 125
തൃശ്ശൂർ

PHONE { Head Office : 157 / Work Shop : 35 / Branch (EKM) 950

ANDREWS
FURNITURE WORKS
TRICHUR : ERNAKULAM
GRAMS : FURNITURE ESTD : 1930

കാജാ ബീഡി

പൊതുജനങ്ങൾ ഏറ്റവും നല്ലവയെന്നു് അഭിപ്രായപ്പെട്ടു് സ്വീകരിച്ചുവരുന്ന കാജാ ബീഡി

കാലാവസ്ഥാ വ്യത്യാസമില്ലാതെ എന്നും ഒരേ സ്വാദിലും കെട്ടുപ്പത്തിലും ലഭിക്കുന്നു

വീടേകിലും ഒരു ജോലി കിട്ടാതിരിക്കു...ോ....അതുവരെ ഇതൊക്കെയൊന്നു സഹി...ക്കണം....!

ദേവ: കൊറച്ചൊക്കെ ഈശ്വരന്റെ...ശിക്ഷയാ....എന്റെ മോനെ ലൂഷ്യറ...പടിപ്പിക്കണകാര്യത്തിലു് ആകെയും ഒരു...മിഷ്ടമുണ്ടായിട്ടില്ലല്ലോ! — എന്നാപ്പിന്നെ ക്രൂരപ്പണി ചിലപ്പോ ചിട്ടിട്ടുണ്ടാ....?

റോസ: അതെപ്പോഴാ ഇന്നലേയുംകൂടി ല്ലിക്കേട്ടി ഇവിടെ പറഞ്ഞു!

ദേവ: നിങ്ങളുടെ ഇഷ്ടംപോലെ.... ...ോ....ഞാനങ്ങോട്ടുപോണ്. അരീം സാ...മാനോക്കെ മേടിയ്ക്കുമ്പൊ ആള പറഞ്ഞയയ്ക്കു്....പണത്തിന്റെ കാര്യം നിങ്ങളിട്ടു്. അപ്പോഷ്ടിയ്ക്കുന്ന മനുഷ്യനാണി...ല്ലോ.

റോസ: അവക്കെന്നെ ജോലികിട്ടുന്നതു വരെ.

ദേവ: അക്കാര്യോല്ലെ ഞാൻ പറയണെ....വേണ്ടെന്നു്....! പിന്നെന്താ. (തിടുക്കത്തിൽ വെറോനിക്കു മറിയിലെത്തി)

വെറോ: എടുത്തോ റോസമ്മച്ചേടത്തി മൂവായിരം രൂപാ....(കൈകൊടുത്തു്) അംഗ്യൂപേണ ആവശ്യം പ്രകടിപ്പിച്ചു.)

റോസ: എന്താണ് വെറോനിക്കുട്ടി?!

വെറോ: ഒന്നും നോക്കാനില്ല! പെൺകാര്യം പെൺകാര്യം! ഒരു മൂവായിരം രൂപ എണ്ണിക്കൊടുക്കാ....ാ

റോസ: കാര്യം വെളിവാക്കെന്റെ വെറോനിക്കെ!

വെറോ: പെണ്ണിനെ നാട്ടിലുണ്ടു് തേലാ.....കടലുകടത്തികെട്ടുപോകും നല്ല സ്വഭാവം....തുമ്പപ്പൂവിന്റെ നിറം

ദേവ: (ദീർഘശ്വാസത്തോടെ) ഓ....കേൾക്കണ്ട ചട്ടിം കലോം....നിങ്ങളെന്നും തിരി...ച്ചുപായുമ്മോ....

വെറോ: ഇവിടത്തെ നടുവിലെ പെണ്ണു് മേരിക്കുട്ടിയുടെ കല്യാണക്കാര്യമാ. മൂവായിരം രൂപ എട്ടുത്തോ....അടുത്തമാസം ഒമ്പതാം തീയ്യതി !!

റോസ: (അന്ധാളിപ്പോടെ) ഞാനി നൊന്നും അറിഞ്ഞില്ലല്ലൊ....നിനക്കു് നേരത്തെ ഒരുവാക്കിടയിലെ പറയാർന്നല്ലോ....

വെറോ: പിന്നെ ഞാൻ നോം വെളിക്കണോന്നുമുവന്നു പറയണോ? നിങ്ങൾക്കിതിനെപ്പറ്റി ഒരു മുട്ടമില്ല. ഈ കല്യാണബന്ധം. കല്യാണബന്ധം എന്നുവച്ചാ ദൈവികബന്ധം. നമ്മുടെ പെണ്ണുനെക്കാണാൻ ചെക്കനിങ്ങുവ...ുതൽ വിവരങ്ങളും മൊഴിയാവി...ൽ! ഹി....ഹി....ഹി.....(പ്രത്യേകരീതി)

ദേവ: നിങ്ങളു് ഇവരോടൊന്നും ആലോചിയ്ക്കാതെ ഇങ്ങനെയൊരു കൃത്യം കൊണ്ടുവരണോ ശരിയാണോ?

വെറോ: അങ്ങനെ ആലോചിച്ചുവരുമ്പഴെ ചെക്കൻ വേറെ പെണ്ണിനൊക്കെട്ടും. ചെക്കനൊണെങ്കിലോ എന്തൊരു സ്റ്റൈല്ലു....വെർമേലാ ഉത്തുംഗം.... അമ്മകൊണ്ടു് ഒടനെ മൂവായിരം രൂപക്കൊള്ളൂ....!

റോസ: ഇതു ഇടപിടിക്കുന്നകാര്യമൊണ്ടുവന്നാലെത്തുചെയ്യും വെറോനിക്കുട്ടീ. ഇവിടെ രൂപ കെട്ടിയിരുപ്പുറപ്പുണ്ടോ?

വെറോ: എന്നാ മനുഷ്യത്തീ! പിന്നെ നിങ്ങളും എത്ര വിചാരപ്പെടുകൊണ്ടാണ് ഈ പൊങ്കച്ചിക്കുട്ടികളെ വളർത്തണെ. രൂപ മൂവായിരം എങ്ങനേലും ഒപ്പിയ്ക്കണം. അടുത്ത തിങ്കളാഴ്ച മാസ്സമതം ന...ത്തണം.

ദേവ: വെറോനിക്കുമ്മാ! നിങ്ങളീ വീട്ടിലെ ചരിത്രം അറിഞ്ഞുകൊണ്ടാണോ പറയണെ!

വെറോ: ഈ വീട്ടിലു് പലചരിത്രോം നടക്കും. ആ ചരിത്രത്തിന്റെ കൂട്ടത്തിലു് കല്യാണോം ഒരു ചരിത്രോടുക്കട്ടെ.

റോസ: ഇപ്പോ ഞങ്ങളെക്കൊണ്ടു് ഒരു പാകതയില്ല വെറോനിക്കെ!

ദേവ: പൊരയ്ക്കു തീ പിടിയ്ക്കുമ്പോഴാ വഴവെട്ടാൻ വരണെ.

വെറോ: എനിയ്ക്കാ വാഴകൊണ്ടേയി കഴിച്ചിട്ടേണ്ട. ആ സ്കൂളിലെ മിസ്ട്രസ്സെന്തേ്യ്?.

ദേവ: വല്ല രൂപേം പോഷിക്കാനാണോ? കൊറച്ചുനേരം നിങ്ങളീ വീട്ടിലു നിന്നോ നിങ്ങടെ കയ്യിലൊള്ള കാശ്ു് ഇവിടെ അറിമേടിയ്ക്കാൻ കൊടുക്കേണ്ടി വരും. ഇവിടത്തെ ടീച്ചറിന്റെ ജോലി പോയി.

വെറോ: (വാപൊളിച്ചു്) അപ്പോ.... ഇപ്പെ!!....

ദേവ: ജോലിയില്ല!

റോസ: അതെ വെറോനിക്കെ, വല്യ ബുദ്ധിമുട്ടാ! അതുകൊണ്ടു് അക്കാര്യം എങ്ങുമ്പോലെ കഴിവ...ക്ക്....

വെറോ: (രൂപേടെ വലിച്ചിലാണ്ന്ന് അല്ലെ മൂവായിരം തെകയ്ക്കുവാൻ പറവി...യില്ല. ചിൽവേണ്ട....രണ്ടായിരത്തി എഴുന്നൂറ്റാമ്പതു രൂപയെടുക്കാൻ പറോ...ാ?

ദേവ: മലയാളോല്ല ഇപ്പറയുന്നതു് ഇവിടെ അതിനാവശ്യപ്പെടുകയില്ലെന്നു്.

വെറോ: പാകതോക്കെ ദൈവം ഉണ്ടാക്കണെ.

ദേവ: എന്നാ നിങ്ങളു് ദൈവത്തിന്റെ ടുത്തുചെല്ലു്.

വെറോ: കല്യാണബന്ധം..കല്യാണബന്ധം എന്നുവച്ചു് ദൈവികബന്ധം.....ങ്ങും കളിക്കണ്ട.

റോസ: എന്നുപറഞ്ഞാലും നിവൃത്തിയില്ല. (തീർത്തുപറഞ്ഞു)

(ലില്ലിക്കുട്ടി പുറത്തുനിന്നു കരിയിലേയ്ക്കു വന്നു.)

വെറോ: ഉണ്ണിയ്ക്കു് മിസ്ട്രസ്സല്ല! കാര്യോക്കെ ശരി കല്യാണം വന്നിട്ടുണ്ടു്. ആരോടെങ്കിലും ഒരു മൂവായിരം രൂപ പോരിക്ക്. (എളിപ്പത്തിൽ പറഞ്ഞതീർത്തു)

ദേവ: നിങ്ങളു് പോവുമ്മ. കല്യാണംകൊണ്ടു വന്നിരിക്കണ്ട്. വല്ല ചണക്കുടെ വീട്ടിലോട്ടുംചെല്ല്. ഇതു പാവങ്ങളെ കഷ്ടപ്പെടുത്തല്ലെ?

വെറോ: എന്നെ ദേവൂ....! എനിക്കും ഒരു കല്യാണം വന്നിട്ടുണ്ടു്.

ദേവ: (സസൂക്ഷ്മം നോക്കി) ഈശ്വരാ! ഈ പറയണനേരം?

വെറോ: സത്യമായിട്ടും അതെ! ഇവിടത്തെ കല്യാണം നടത്തിക്കിട്ടുന്ന പണംകൊണ്ടു നടത്താനാ വിചാരിച്ചെ. ഇക്കര്യം ഇവരു നടത്തണില്ല. അപ്പോ എനിയ്ക്കു കാര്യോം മൊടങ്ങും.

ദേവ: [ആശ്ചര്യത്തോടെ] നിങ്ങളു് ആളു് തരക്കേടില്ല. ഈ വയസ്സുകാലത്തെ പൂതി കൊള്ളാം

ലില്ലി: പിന്നെ ആ വല്യപ്പനെന്താ ജോലി.

വെറോ: അതുകണ്ടു പ്രായോല്ല. എന്നേല അഞ്ചാറവയസ്സിനു് എളേതാണ്.

ലില്ലി: എന്നാലും ജോലി.

വെറോ: (ശ്രുതിഭേദത്തോടെ) അതിയാനും ഒരു മൂന്നക്കശമ്പ. [ലജ്ജതോന്നി. തലതാഴ്ത്തി]

ദേവ: [കളിയാക്കിക്കൊണ്ടു്) അല്ല പുതുമണാട്ടിപ്പെണ്ണിനു് വല്ല ത്ത നാണം.

റോസ: കല്യാണത്തിനു ഞങ്ങളാലാകുന്നതൊക്കെ സഹായിക്കാം.

വെറോ: പെലവിനുള്ള കാശിനു ഞാനെന്തുവേണം റോസമ്മച്ചേടത്തി!

ദേവ: മുട്ടകുതിനിന്നു പ്രാന്തിക്ക്. വയസ്സുകാലത്തെ ഒരു പൂതി നിങ്ങളു് വാ ഉശ്ശ! [പ്രീ-ിച്ചുവലിച്ചുകൊണ്ടു പുറത്തയ്ക്കു പോകുന്നു. പോകുന്നതിനിടയിൽ 'കല്യാണബന്ധം, കല്യാണബന്ധം എന്നുവെച്ചാ ദൈവികബന്ധം. അതു മനസിലാക്ക്' എന്നുപറയുന്നുണ്ടു്.)

ലില്ലി: ഇതിനൊക്കെ കാര്യമെന്തുണ്ടായാമ്മ?

റോസ: നമ്മുടെ മേരിക്കുട്ടിയുടെ വിവരവും പറഞ്ഞു് അവളു് വന്നിരിക്കുന്നതിങ്കള്ള മനസ്സമ്മതം! മൂവായിരം രൂപകൊടുക്കണോന്നു്!!

ലില്ലി: എല്ലാ വിവരവും അമ്മ ഇവനോടു പറഞ്ഞില്ലേ? ഈ അവസരത്തിൽ എന്തുചെയ്വാൻകഴിയും?

[മേരിക്കുട്ടി മെല്ലെ അകത്തുനിന്നും വരിയിലേയ്ക്കു വന്നു. യാതൊരുവിധത്തിലുള്ള അഹങ്കാരമോ പ്രസരിപ്പോ ഇല്ല.]

റോസ: [ദീർഘനിശ്വാസത്തോടെ] എല്ലാം അറിയണ ഒരു ദൈവമുണ്ടു്. അദ്ദേഹം നമ്മെ കൈവിടാതിരുന്നാമതി. [അകത്തേയ്ക്കു പോകുന്നു.]

മേരി: ചേച്ചീ....ച്ചീ!

ലില്ലി: എന്താ മേരിക്കുട്ടീ!!

മേരി: ഞാനെന്തെങ്കിലും ആവശ്യപ്പെട്ടാൽ ചേച്ചി സമ്മതിക്കോ?

ലില്ലി: എന്താ പറയു....

മേരി: ഞാൻ ടൂഷൻ എടുക്കാൻ പോകട്ടെ.

ലില്ലി: (സൂക്ഷിച്ചുനോക്കി. തെല്ലു നേരത്തെ നിശബ്ദത.] വേണ്ട....മേരിക്കുട്ടി നിനക്കറിയാവുന്നതാണ്. എന്റെ അനുജത്തിമാരുടെ അവസ്ഥയിൽ കൂടുതൽ വിഷമിപ്പിയ്ക്കുവാൻ ഞാനിഷ്ടപ്പെടുന്നില്ല. അതുകൊണ്ടു് നീ ഇതിനെപ്പറ്റി ഇനിയൊന്നും പറയരുതു്.

മേരി: ഒരു കാരണവും വരില്ല. അന്നുപറഞ്ഞപ്പോലെ ഒരു കൊച്ചിലായിത്തോന്നി. ഒരു ട്യൂഷനെന്നെങ്കിലുമുള്ള അറിവു് അങ്ങിനെയാണു് എന്നാൽ പട്ടണത്തിൽനിന്നു് ഏതാണ്ടു് എട്ടുനാഴികയെങ്കിലുമാറി സ്ഥിതിചെയ്യുന്നതുമായ ഒരു കുഗ്രാമത്തിലെ പുതുതായി തുടങ്ങുന്ന ഒരു സ്കൂളിലേയ്ക്കു് ഉപയോഗപ്പെടുത്താമെന്നാണു് അവരുടെ കണക്കുകൂട്ടൽ. ഇപ്പോൾ 15,000 രൂപ, അടുത്തകൊല്ലം 30,000 രൂപ, പാകപ്പെടുത്താൻ സാധിക്കുമെന്നും അവരുടെ പ്രതീക്ഷ. തുടർന്നു് ലിൻഡിയിലും ഡസായിലും ഫാക്ടറികൾ സ്ഥാപിക്കുന്നതാണു്. അങ്ങിനെ അവിടങ്ങളിലെ ഓരോന്നിനും ലഭിക്കുന്ന 60,000 രൂപ കണ്ടുമുട്ടിയും അവശ്യമെന്നു വേണ്ടിയിരിക്കയാണു്. അതോടുകൂടി കുടുംബിനി എണ്ണം ക്രമീകരിച്ചെടുക്കുന്നതിനുള്ള ഒരു ഫാക്ടറിയും സ്ഥാപിക്കുന്നതാണു്. കുടുംബിനി വ്യവസായവികസനത്തിനാവശ്യമായ ഗവേഷണത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണു്.

മൈസൂരിലേയും കേരളത്തിലേയും കുടുംബിനി വ്യവസായത്തെ സാരമായി ബാധിക്കുന്ന ഈ സംരംഭത്തിലേയ്ക്കു് ഭാരതജനങ്ങളുടെ ഈശ്വരസന്നിധിയിലേയ്ക്കു് അടുപ്പിക്കുവാൻ സഹായിക്കുമെന്നതു് നേരാണു്. എന്നാൽ, അന്നം ദേവനെ പുറത്തേക്കു് എറിഞ്ഞുകളിക്കുക പതിവില്ല പുരുഷപ്രയത്നം വേണ്ടിവരുന്ന പല ശിവക്ഷേത്രങ്ങളിൽനിന്നുമായി ഇവനെ അവിടേക്കു് എഴുന്നള്ളിച്ചു് കൊണ്ടുവന്നു കൊണ്ടാക്കുകയാണു് പതിവു്.

കേരളത്തിലെ കശുവണ്ടി വ്യവസായം സ്തംഭനത്തിലേയ്ക്കു് നീങ്ങുന്നു

ആഫ്രിക്കൻ ഇറക്കുമതി നിലച്ചേയ്ക്കും

ന്യൂഡൽഹി മെയ് 6

ഇന്ത്യയിലെ വിശേഷിച്ചു് കേരളത്തിലെ കത്തക വ്യവസായമെന്നു് കരുതിപ്പോരുന്ന കുഞ്ഞണ്ടി വ്യവസായം സംഘടിതമായ തോതിൽ പുതിയ യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു് കുഞ്ഞണ്ടിയുടെ ഒരു വലിയ ഉല്പാദനകേന്ദ്രമായ ആഫ്രിക്കയിൽ തന്നെ ഉടനെ ആരംഭിക്കുവാൻ തീരുമാനമെടുത്തിരിക്കുന്നതായി ഡറാസലാമിനിന്നും ലഭിച്ച ഒരു റിപ്പോർട്ടിൽ വിവരിച്ചു കാണുന്നു.

മാക്വാരാ എന്ന പ്രദേശത്താണു് ആഫ്രിക്കയിൽ ഈ സംരംഭം തുടങ്ങുന്നതു്. 'കേരളത്തിലേക്കും മാറാം ധാരാളം ഡോളർ നേടിത്തരുന്ന ഈ വൻകിടവ്യവസായത്തിന്റെ നടത്തിപ്പിനു് ഇന്ത്യൻ വൈദഗ്ദ്ധ്യങ്ങളെന്നാക്കുവാൻ ആണിവർ.

ഈസ്റ്റ് ആഫ്രിക്കയിൽനിന്നു് കേരളത്തിലേക്കു പ്രതിവർഷം ഒന്നരകോടി രൂപയിൽ കൂടുതൽ വിലയുള്ള കുഞ്ഞണ്ടി ഇറക്കുമതിചെയ്യുകയാണു്. ഈസ്റ്റ് ആഫ്രിക്കയിൽ ഈ വ്യവസായം വിപുലപ്പെടുത്തിയാൽ ഇൻഡ്യയിലേക്കുവശ്യമായ കുഞ്ഞണ്ടി ലഭ്യമാകുമെന്നു വന്നിട്ടു് ലക്ഷക്കണക്കിനാളുകൾക്കു് തൊഴിലില്ലാതിരിക്കുവാനുമിടയുണ്ടു്. അങ്ങിനെ കേരളത്തിൽ കുഞ്ഞണ്ടിമുറിച്ചു വിറ്റുതോലിൽ നടത്തുന്നതു് ആവശ്യമായിത്തീരുന്നു.

ഡറാസലാമിലെ വ്യവസായ മന്ത്രി മി. ജെ. എസ്. കസംബാലാ ഇറാലി സന്ദർശിച്ചു് അവിടത്തെ കുഞ്ഞണ്ടി വ്യവസായ രീതികളെ മനസ്സിലാക്കിയ ശേഷം തിരികെവന്നാണു് ഉടനെ ഡറാസലാമിൽ ഈ വ്യവസായം തുടങ്ങാൻ തീച്ചയാക്കിയതായി പ്രസ്താവിച്ചതു്. അങ്ങിനെ മിറവാറായി പ്രവർത്തിക്കും ആദ്യത്തെ ഫാക്ടറി സ്ഥാപിക്കുന്നതു് ആഗസ്റ്റിൽതന്നെ ഇതാരംഭിച്ചു കഴിഞ്ഞാൽ വരുന്ന സീസണിലെ അവസാനത്തോടെ ഇതിലേക്കു് ഉപയോഗപ്പെടുത്താമെന്നാണു് അവരുടെ കണക്കുകൂട്ടൽ. ഇപ്പോൾ 15,000 ടണ്ണും, അടുത്തകൊല്ലം 30,000 ടണ്ണും പാകപ്പെടുത്താൻ സാധിക്കുമെന്നാണു് അവരുടെ പ്രതീക്ഷ. തുടർന്നു് ലിൻഡിയിലും ഡസായിലും ഫാക്ടറികൾ സ്ഥാപിക്കുന്നതാണു്. അങ്ങിനെ അവിടങ്ങളിലെ ഓരോന്നിനും ലഭിക്കുന്ന 60,000 ടൺ കശുവണ്ടിയും അവശ്യമെന്നു വേണ്ടിയിരിക്കയാണു്. അതോടുകൂടി കുടുംബിനി എണ്ണം ക്രമീകരിച്ചെടുക്കുന്നതിനുള്ള ഒരു ഫാക്ടറിയും സ്ഥാപിക്കുന്നതാണു്. കുടുംബിനി വ്യവസായവികസനത്തിനാവശ്യമായ ഗവേഷണത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണു്.

മൈസൂരിലേയും കേരളത്തിലേയും കുടുംബിനി വ്യവസായത്തെ സാരമായി ബാധിക്കുന്ന ഈ സംരംഭത്തിലേയ്ക്കു് ഭാരതജനങ്ങളുടെ ഈശ്വരസന്നിധിയിലേയ്ക്കു് അടുപ്പിക്കുവാൻ സഹായിക്കുമെന്നതു് നേരാണു്. എന്നാൽ, അന്നം ദേവനെ പുറത്തേക്കു് എറിഞ്ഞുകളിക്കുക പതിവില്ല പുരുഷപ്രയത്നം വേണ്ടിവരുന്ന പല ശിവക്ഷേത്രങ്ങളിൽനിന്നുമായി ഇവനെ അവിടേക്കു് എഴുന്നള്ളിച്ചു് കൊണ്ടുവന്നു കൊണ്ടാക്കുകയാണു് പതിവു്.

തൃശ്ശൂർ പൂരവും അഖിലേന്ത്യാപ്രദർശനവും

(ക്യാപ്റ്റൻ എ. എൻ. മേനോൻ)

കേളികേട്ട തൃശ്ശൂർ പൂരം ഇക്കൊല്ലം മേയ മാസം 9-ാംതീയതി യാണല്ലോ ആഘോഷിക്കപ്പെടുന്നതു്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിനാളുകളെ മാത്രമല്ല, വിദേശീയരായ ടൂറിസ്റ്റുകളെപ്പോലും ആകർഷിച്ചിട്ടുള്ള പൂരം ഈ ആണ്ടിൽ ഒരു ഞായാഴ്ച യായിവന്നിട്ടുള്ളതും തലേനാൾ ശിവരാത്രി ആയതുകൊണ്ടും ഇക്കുറി പൂരത്തിനു് ഒരു പ്രത്യേക പൊലിമയുണ്ടാകുമെന്നു് തീർച്ചയാണു്.

അനാരോഗ്യകരമായ മാത്സര്യം

മുൻകാലങ്ങളിൽ പാറമേക്കാവും തിരുവമ്പാടിയും തമ്മിൽ അനാരോഗ്യകരമായ മാത്സര്യം നടക്കുമായിരുന്നതുമൂലം പല കലഹങ്ങൾക്കും അനിഷ്ടസംഭവങ്ങൾക്കും സംഗതിവരികയും കതിനാവെടികൊണ്ടു് പലവിധ അപകടങ്ങളും സംഭവിക്കുകയുംചെയ്തു. തന്മൂലം ഒരേ അവസരത്തിൽ 15 ആനകളിൽ കൂടുതലാകാനും 101 കതിനകളിൽ അധികമാകാനും പാടില്ലെന്നു കല്പനയായി, ഇന്നു് അതു് കാരോ ഭാഗത്തേക്കും 25,0 0 [രൂപാ ഇരുപത്തിഅയ്യായിരം] രൂപാ ചിലവഴിക്കപ്പെടുന്നു തോതിലേക്കു് ഉയന്നിരിക്കുകയാണു്. മാത്സര്യം ആരോഗ്യകരമായ വിധത്തിലെത്തിയിട്ടുമുണ്ടു്. ഇക്കാരണങ്ങളാൽ തൃശ്ശൂർപൂരം കേരളീയോത്സവമായി ശ്രുപാന്തരപ്പെടുകയും ജാതി-മതഭേദമോ, വർഗ്ഗ-വർണ്ണ വ്യത്യാസമോ പരിഗണിക്കാതെ തൃശ്ശൂർ ജനത ഒന്നടങ്കം ആഘോഷിക്കുന്ന കായി അതു് രൂപാന്തരപ്പെടുകയും ചെയ്തുവെന്നതാണു് വാസ്തവം.

മാറാക്കുട്ടന്മാർ

കൂട്ടംകൂടുമായി ആഘോഷത്തിനെത്തുന്ന ആളുകളെ വിജ്ഞരും വിദ്വാന്മാരുമായ സമാജമാക്കുവാൻ പൂരക്കമ്മിറ്റിക്കു് കഴിഞ്ഞിട്ടുണ്ടു്. തൃശ്ശൂരിൽ കുടിപ്പാർപ്പിച്ചിരിക്കുന്നതാണു് അഖിലേന്ത്യാവ്യാവസായിക-കാർഷിക-വിദ്യാഭ്യാസ പ്രദർശനം മുൻസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടത്തിപ്പോന്നിരുന്ന ഈ എക്സിബിഷ്യന്റെ മേൽനോട്ടം, ഇപ്പോൾ നഗരസഭയുടെ അനുവാദത്തോടു് സഹകരണത്തോടുകൂടി തിരുവമ്പാടി ദേവസ്വമാണു് നടത്തുന്നതു്. ഈ പ്രദർശനം തൃശ്ശിവപേരൂർ പൂരത്തിന്റെ സമാരംഭം കുറിക്കപ്പെട്ടു.

പങ്കാളികം

തൃശ്ശിവപേരൂർ പൂരത്തിലെ പ്രധാന പങ്കാളികം പാറമേക്കാവു്, തിരുവമ്പാടി ക്ഷേത്രങ്ങളാണു്. കണിമംഗലം കാരുക്കു്, ലാലൂർകാവു്, ചെമ്പുക്കാവു്, നേതലക്കാവു്, അയ്യന്തോൾകാവു്, പൂരക്കാട്ടുകരകാവു്, എന്നീ ക്ഷേത്രങ്ങളും തൃശ്ശൂർപൂരത്തിൽ പങ്കെടുക്കുന്നുണ്ടു്.

ഉത്ഭവം

മുൻകാലങ്ങളിൽ തൃശ്ശിവപേരൂർ പൂരം ആഘോഷിക്കുന്ന പതിവു് ഉണ്ടായിരുന്നില്ല. ഇതിലേക്കു് ചരിത്രരേഖകളൊന്നമില്ലെങ്കിലും പഴമക്കാരിൽനിന്നുള്ള അറിവു് അങ്ങിനെയാണു് എന്നാൽ പട്ടണത്തിൽനിന്നു് ഏതാണ്ടു് എട്ടുനാഴികയെങ്കിലുമാറി സ്ഥിതിചെയ്യുന്നതുമായ തെക്കേ ഇന്ത്യയിൽ ഇതിനു് മുമ്പു് കണ്ടിട്ടില്ലെന്നതുതന്നെ ഇതിനു് ഒരു പ്രത്യേകതയുണ്ടു്. മലയാളബ്രാഹ്മണരുടെ സങ്കേതം ആ പ്രദേശങ്ങളിലായിരുന്നുവെന്നതു ഇതിനു് ഉപോൽബലകമായി ചൂണ്ടിനിർത്തപ്പെടുന്നു. ആറാട്ടുപുഴ പൂരത്തിനു് തൃശ്ശ